# ആർ കുറ്റവാളി?



ജെ. പി. ഒല്ലൂർ

# ആര് കുററവാളി?

(സംഗീതനാടകം)

ഗ്രന്ഥകർത്താ:

ജെ. പി. കല്ലൂർ

J. P. Kallinkal
P-69
CANCELLED
T 62
O.1
P 21
DHARMARAM COLLEGE LIBRARY, BANGALORE.
3794

1954 വില 10 ണ.

ഗ്രന്ഥകർത്താവിൻെറ മുദ്രയില്ലാത്ത കൃതി വ്യാജനിർമ്മിതം

ഒന്നാംപതിപ്പ്.

ആയിരത്തി
തൊള്ളായിരത്ത്
അമ്പത്തിനാല്
സെപ്റ്റമ്പർ

ഗ്രന്ഥകർത്താവിൻെറ അനുമതി കൂടാതെ
നാടകം അഭിനയിക്കുവാൻ പാടുള്ളതല്ല.

[ പകർപ്പവകാശം സ്വായ

# അവതാരിക

ആത്മാർത്ഥതയെ സഹൃദയത്വത്തിനു പരിചയപ്പെടുത്തിക്കൊടുക്കുക എന്നതാണു് ശ്രീ. ജെ. പി. ഒല്ലൂർ രചിച്ചിട്ടുള്ള 'ആർ കുററവാളി' എന്ന ഈ നാടകത്തിൻെറ അവതാരികകൊണ്ടു് ഞാനുദ്ദേശിക്കുന്നതു്. സഹൃദയലോകത്തിനു സമർപ്പിക്കുവാൻ ഈ 'ചെറുപ്പൂച്ചെണ്ടു'മായി പ്രവേശിക്കുന്ന ശ്രീ. ജെ. പി. ആത്മാർത്ഥമായ ഭക്ത്യാദരവുകളോടെ സാഹിതീദേവിയെ ഉപാസന ചെയ്യുന്ന ഒരു വ്യക്തിയാണെന്നു എനിക്കു് അദ്ദേഹവുമായുള്ള അടുത്ത പരിചയംകൊണ്ടു് അറിയാവുന്നതുകൊണ്ടാണു്, അദ്ദേഹത്തിൻെറ ഈ 'രംഗപ്രവേശ'ത്തിനു കൂട്ടുനില്ക്കുവാൻ ഞാൻ സന്നദ്ധനാകുന്നതെന്നു പ്രസ്താവിച്ചുകൊള്ളട്ടെ. ആത്മാർത്ഥതയ്ക്കു കൂട്ടുനില്ക്കുന്നതു് ഒരപരാധമല്ലല്ലോ!

നിരവധി നിയമങ്ങൾ നിഷ്കൃഷ്ടം പാലിക്കപ്പെടേണ്ടുന്ന ഒന്നാണല്ലോ നാടകരചന. സൂക്ഷ്മാംശങ്ങളിലും സ്ഥൂലാംശങ്ങളിലും ഒന്നുപോലെ സ്വാഭാവികത്വമുള്ള കഥാഘടന, വ്യക്തിത്വമുള്ള കഥാപാത്രങ്ങൾ, ഭാവപുഷ്ടികൊണ്ടു സജീവങ്ങളായ ഭാഷണങ്ങൾ, ഔചിത്യം വിളയാടുന്നതും രംഗങ്ങൾക്കു വൈവിധ്യവും വൈചിത്ര്യവും ഉളവാക്കുന്നതുമായ സംവിധാനക്രമം, സ്ഥലകാലങ്ങൾക്കു് ഐക്യം—ഇങ്ങനെ പോകുന്നു ഈ നിബ്ബന്ധനിയമങ്ങളുടെ പട്ടിക. ഈ നിയമങ്ങൾ പരിപൂർണ്ണമായും നിഷ്കർഷമായും പാലിക്കപ്പെടുന്നുവെങ്കിൽ മാത്രമേ, ഒരു നാടകത്തിനു രൂപഭാവാദിഗുണങ്ങളും മററു മേന്മകളും സിദ്ധിക്കുകയുള്ളുവെന്നതു് അവിതർക്കിതമാണു്. പക്ഷേ, ഈ 'നിയമനിഷ്ഠ'യ്ക്കു നിദാനമായി നിലകൊള്ളുന്നതു് നാടകകൃത്തിൻെറ പരിചയവും പാടവവുമാണു്. 'ആർ കുററവാളി' എന്ന ഈ നാടകത്തെ സംബന്ധിച്ചിടത്തോളം നാടകരചനയുടെ നിബ്ബന്ധനിയമങ്ങൾ, നാടക

കൃത്തിൻെറ ജീവിതവീക്ഷണ പരിചയത്തിനും ശക്തിയ്ക്കും അനുസരിച്ച വിധത്തിൽ പാലിയ്ക്കപ്പെട്ടിട്ടുണ്ട്. കഥയിൽ ചില ഭാഗങ്ങളിൽ ചില വൈകല്യങ്ങളും പിഴകളും കാണുവാൻ തഴകിയ കണ്ണുകാംക്ക സാധിച്ചേയ്ക്കാം. പക്ഷേ, പരിചയക്കുറവിൽനിന്നും സംജാതമാകുന്നവയാണ് ആ പിഴകളെല്ലാംതന്നെയെന്ന പരമാൎത്ഥത്തിൻെറ വെളിച്ചത്തിൽ അവയെല്ലാം ക്ഷന്തവ്യങ്ങളാണ്. ജീവൽപ്രശ്നങ്ങളുമായി കൂടുതൽ ഇടപഴകുവാനും ബഹുമുഖങ്ങളായ കാര്യങ്ങളുടെ സമാഹാരമായ മനുഷ്യജീവിതത്തെപ്പററി കൂടുതൽ സൂക്ഷ്മമായി ഗ്രഹിക്കുവാനും യുവാവായ നാടകകൃത്തിനു സാധിക്കുമ്പോരം ഇത്തരം പിഴകളെ അകററി നിൎത്തുവാൻ അദ്ദേഹത്തിനു തെല്ലും പ്രയാസമുണ്ടാകുവാൻ ന്യായമില്ല.

ജീവിതത്തിൻെറ സാംസ്കാരികമൂല്യങ്ങളെ മാനിക്കുവാൻ തികച്ചും സന്നദ്ധമായൊരു ഹൃദയമാണ് നാടകകൃത്തിൻേറതെന്ന വസ്തുത വെളിപ്പെടുത്തുന്നതാണ് ഈ നാടകത്തിലെ കഥയെന്നതു് ഒരു പ്രത്യേകതയായിത്തന്നെ ഞാൻ പരിഗണിക്കുന്നു. മനുഷ്യനേയും മാനുഷികമൂല്യങ്ങളേയും മറക്കുന്നവയും മാനിയ്ക്കാത്തവയുമായ സാഹിത്യസൃഷ്ടികരം പുരോഗമനപ്രധാനങ്ങളായി കല്പിയ്ക്കപ്പെടുവാൻ നിവൃത്തിയില്ല. ഈ തത്വത്തെ താൻ അംഗീകരിച്ചിട്ടുണ്ടെന്നു് 'ആർ കുററവാളി'യിലെ മിക്ക കഥാപാത്രങ്ങളിലൂടെയും തുറന്നുപറയുവാൻ തയ്യാറായിട്ടുള്ള ശ്രീ. ജെ, പി. ഒല്ലൂർ ഒരു യഥാൎത്ഥ സാഹിത്യകാരൻെറ ഏററവും പ്രധാനമായ കൎത്തവ്യമെന്താണെന്നു് ഗ്രഹിച്ചിട്ടുണ്ടെന്നതു് അഭിനന്ദനീയംതന്നെ.

തൻെറ വീക്ഷണത്തിനും ചിന്തയ്ക്കും വിധേയമായ മനുഷ്യജീവിതപ്രശ്നങ്ങളെ യഥാതഥമായി ആവിഷ്കരിക്കുന്ന സംഗതിയിൽ ശ്രീ. ജെ, പി. ഒല്ലൂർ കഴിയുംവിധത്തിൽ പരിശ്രമിച്ചിട്ടുള്ളതായി കാണുന്നുണ്ട്. രംഗസംവിധാനങ്ങളും മററും ഈ ആവിഷ്കരണത്തിനു പര്യാപ്തമായ വിധത്തിൽതന്നെയാണ് നിശ്ചയിയ്ക്കപ്പെട്ടിട്ടുള്ളതു്.

എറിക്ക് ബെൻറ്‌ലി ഒരിടത്തു പറയുകയാണ്, "ധാൎമ്മികങ്ങളായ തത്വങ്ങളെ മുൻനിർത്തിക്കൊണ്ടു് മനുഷ്യജീവിതത്തെ പ്രകാശിപ്പിയ്ക്കുകമാത്രമല്ല, ആ തത്വങ്ങളുടെ സാധുത്വാസാധുത്വങ്ങൾ നിർണ്ണയിയ്ക്കുക എന്നതുകൂടി നവീനങ്ങളായ നാടകങ്ങളുടെ ലക്ഷ്യമാണ്" എന്നു്. ഈ അഭിപ്രായം സ്വീകാര്യമെങ്കിൽ, 'ആർ കുററവാളി' ഈ ലക്ഷ്യത്തിലേയ്ക്കുള്ള പ്രയാണത്തിൽ കുറെയൊക്കെ സഞ്ചരിച്ചിട്ടുണ്ടെന്നു പ്രസ്താവിക്കേണ്ടതുണ്ടു്.

ശ്രീ. ജെ. പി. ഒല്ലൂരിൻെറ ആത്മാൎത്ഥതയിൽനിന്നും രൂപമെടുക്കുന്ന സാഹിത്യസൃഷ്ടികൾ സഹൃദയലോകത്തിനു സദാ സ്വീകാര്യമായിത്തീരട്ടെ എന്നു് ആശംസിച്ചുകൊണ്ടും പൊതുജനങ്ങളുടെ സ്നേഹസമ്പൂർണ്ണമായ പ്രോത്സാഹനം ശ്രീ. ജെ. പി. ഒല്ലൂരിനു നൽകുമാറാകണമേ എന്നു് അഭ്യർത്ഥിച്ചുകൊണ്ടും 'ആർ കുററവാളി' എന്ന ഈ നാടകകൃതിയെ സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

അജന്ത പ്രസ്സ്,
തൃശ്ശിവപേരൂർ
6—9—1954

ടി. സി. ഗോപിനാഥൻ
ബി. എ., ബി. എൽ.

# ഒരാസ്വാദനം

നാടകപുസ്തകങ്ങളെക്കുറിച്ച് വിദഗ്ദ്ധാഭിപ്രായം പറയുവാനുള്ള കഴിവ് എനിക്കില്ല. എങ്കിലും കലാവേദികളേയും സാഹിത്യസരണികളേയും ഞാൻ ബഹുമാനിക്കുന്നുണ്ട്; പ്രത്യേകിച്ചും അത്തരം രംഗങ്ങളിലേയ്ക്ക് പിച്ചവെച്ചുകയറുന്ന യുവസാഹിത്യകാരന്മാരെ.

ശ്രീ. ജെ. പി. പരിശ്രമശാലിയായ ഒരു യുവസാഹിത്യകാരനാണ്. പത്രമാസികകളിൽ അദ്ദേഹത്തിൻെറ ഗദ്യപദ്യങ്ങളും ഗാനങ്ങളുമെല്ലാം പലപ്പോഴും പ്രത്യക്ഷപ്പെടാറുണ്ട്. "ആർ കുററവാളി?" എന്ന ഈ നാടകം ശ്രീ ജെ. പി യുടെ ഒരു പുത്തൻ കൃതിയല്ല; ഇതിന്നു മുൻപും ഇത്തരം ചില കൊച്ചുപുസ്തകങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ പ്രോത്സാഹനവും അഭിനന്ദനവും ഈ ചെറുപ്പക്കാരനെ സാഹിത്യ ശ്രീകോവിലിലേക്കു കൂടുതൽ അടുപ്പിച്ചിരിക്കുന്നു.

"ആർ കുററവാളി?" സമ്പൂർണ്ണമായ ഒരു നാടകകൃതിയാണെന്നു പറയുവാൻ സാഹിത്യ കേസരികൾ മടിച്ചേക്കാം. പക്ഷേ, ഹൃദയത്തെ ചലിപ്പിക്കുന്ന പല ഭാഗങ്ങളും ഇതിലുണ്ട്. ജെ. പി. യുടെ പുതിയ ചില ഗാനങ്ങൾ വളരെ ഹൃദ്യങ്ങളായി തോന്നുന്നു.

ധാർമ്മികവും ആദ്ധ്യാത്മികവുമായ ഒരാദർശനിഷ്ഠ നാടകത്തിൽ അങ്ങോളമിങ്ങോളം നിഴലിക്കുന്നുവെന്നതാണ് ഈ പുസ്തകത്തിൻെറ ഒരു മെച്ചം

തേച്ചു മിനുക്കിയാൽ കാന്തിയും ശോഭയും വായ്ക്കുവാൻ വഴിയുള്ള വാസനാ വൈഭവമുള്ള ഒരു യുവാവിനെ ഈ കൊച്ചു പുസ്തകത്തിൽ ദർശിക്കുവാൻ എല്ലാവർക്കും സാധിക്കും.

ശ്രീ. ജെ. പി. ഒല്ലൂർ ഇനിയും സാഹിത്യ പരിശ്രമം തുടരട്ടെയെന്നും ഈ പുസ്തകത്തിന്ന് പ്രചുരപ്രചാരം ഉണ്ടാകട്ടെയെന്നും ആശംസിക്കുന്നു.

എ. സി. എഫ്. തൃശ്ശൂർ
31—8—1954.

ബ്രദർ വടക്കൻ

# ഉപോൽഘാതം

അങ്ങനെ പ്രശാന്തസുന്ദരമായ ഒരു 'ശശികല'യിൽ തൂലിക ചലിച്ചു, നോക്കിയപ്പോൾ ഇതൊരു നാടകമായിട്ടാണ് കണ്ടതു്. ഭയന്നു, ലോകം ഒരു കുററവാളിയാക്കുമോയെന്നു പരിഗണിച്ചു്; പരിഭ്രമിച്ചു നടുങ്ങി. കാരണം, "അവസ്ഥാനുകൃതിർനാട്യം," "നാടകീയതയില്ലാത്ത നാടകങ്ങൾക്ക് നാടകങ്ങളെന്ന പേരിനുകൂടി അർഹതയില്ല," "ക്രിയാത്മകതയും വികാരാവിഷ്കരണവും ആണ് നാടകത്തിന്റെ നട്ടെല്ലെന്ന വസ്തുത വിസ്മരിക്കരുതു്" എന്നൊക്കെ നാട്യശാസ്ത്രവും ഭാഷാഗവേഷകപടുക്കളും ഉച്ചൈസ്തരം ഉൽഘോഷിക്കുമ്പോൾ "ആർ കുററവാളി?" കുററമററ ഒരു കുററവാളിയായി രൂപാന്തരപ്പെടുമോ, ആവോ, നാടകവേദിക്ക് അനുകൂലം പ്രതികൂലം എന്നു വിധിക്കേണ്ടതു് അനുവാചകരും പ്രേക്ഷകരുമാണല്ലോ. ആ സ്ഥിതിക്ക് ഒരു പക്ഷേ, വിമർശനപടുക്കൾക്കും സൂക്ഷ്മനിരീക്ഷകർക്കും "ആർ കുററവാളി?" എന്ന പ്രശ്നത്തിൽ ഈയുള്ളവനതിനു വിധേയനായിത്തീർന്നേക്കാം.

"ആർ കുററവാളി?"യിലെ കുററവാളിയെ കണ്ടുപിടിക്കുവാനുള്ള അവിശ്രമപരിശ്രമം പൂർണ്ണസഫലമായി ഭവിക്കണമെങ്കിൽ ഒരേയൊരു സുഗമമാർഗ്ഗം ഇതാകാം. എന്താണെന്നോ?— ഈ കൃതിയെ സൂക്ഷ്മനിരീക്ഷണം ചെയ്തു്, 'പ്രാപ്തിയും അപ്രാപ്തിയും മനുഷ്യസഹജമാണ്; ഒരു കൂട്ടരുടെമാത്രം കുത്തകയല്ല പ്രാപ്തി' എന്നുള്ള പരിഗണന പരിപൂർണ്ണം പരിത്യജിച്ചു്, ആത്മബോധത്തെ മുൻനിർത്തി "ആർ കുററവാളി?"യെ പിടികൂടുക. ഒരു 'കുററപ്പുള്ളി'യാണെന്നു സന്ദേഹമുണ്ടെങ്കിൽ 'അറസ്റ്റു്' ചെയ്യുക. അങ്ങനെ 'ആത്മാർത്ഥഹൃദയമാകുന്ന ഒരു നീതിന്യായക്കോടതി'യിൽ വച്ചു് വിസ്തരിക്കുക, തെളിയുന്നപക്ഷം ശിക്ഷയ്ക്കു് വിധിക്കുക, കുററങ്ങളും ന്യൂനതകളും പറഞ്ഞുതരിക—അവ പരിഹരിക്കുന്നതിനു പരിശ്രമിക്കട്ടെ. ഇങ്ങനെയെങ്കിലും സാഹിത്യമധു അല്പാല്പം ആസ്വാദിക്കുന്നതിന്നനുവദിച്ചു് ഈയുള്ളവന്റെ സാഹിത്യപരിശ്രമങ്ങളെ പ്രോത്സാഹിപ്പിച്ചു തരണമെന്നു് കൂപ്പുകരങ്ങളാൽ അഭ്യർത്ഥിക്കുന്നു.

ഈ സംഗീതനാടകം സശ്രദ്ധം വായിച്ചുനോക്കി സാരഗർഭവും അമൂല്യവുമായ ഒരവതാരികയാൽ "ആർ കററവാളി?"യെ വിജയമകുടമാക്കുവാൻ കനിവുണ്ടായ തൃശ്ശൂർ "അജന്ത പ്രസ്സ്" പ്രൊപ്രൈററായ ശ്രീ. ടി. സി. ഗോപിനാഥ് ബി. എ., ബി. എൽ. അവർകളോടുള്ള എന്റെ അകമഴിഞ്ഞ കൃതജ്ഞത അപരിമേയമാണ്. കൂടാതെ, ഇപ്പുസ്തകത്തിന് വിലയേറിയ ഒരു അഭിപ്രായം എഴുതിത്തന്ന എ. സി. എഫ്. പബ്ളിഷിംഗ് ഇൻസ്റ്റിട്യൂട്ട് ഡയറക്ടരായ ബ്രദർ വടക്കൻ അവർകൾക്കും സ്നേഹമധുരിമ നിറഞ്ഞ കൂപ്പുകൈക.

ഈ നാടകം ഇത്രയും ഭംഗിയായി അച്ചടിച്ചുതന്ന മരിയാപുരം യൂണിയൻ പ്രസ്സ് ഭാരവാഹികളോടും, വിവിധതരത്തിൽ സഹായിച്ചു വരുന്ന എല്ലാ ബുക്സ്റ്റാൾ അധികൃതരോടും, ഈ നാടകം അഭിനയിച്ചുവരുന്ന ഒല്ലൂർ "ബോസ്കോ ആർട്ട്സ് ക്ലബ്" അംഗങ്ങളോടും സുഹൃത്തുക്കളോടും എനിക്കുള്ള അവാച്യമായ കൃതജ്ഞതയെ പ്രത്യേകം സപ്രശ്രയം പ്രകാശിപ്പിക്കുന്നു.

ഒരുവാക്ക്: കേരളീയരുടെ കരുണാമസൃണമായ കടാക്ഷവീക്ഷണങ്ങൾകൊണ്ട് ഈ സംഗീതനാടകം കേരളീയ കലാവേദിയെ പ്രശോഭിപ്പിക്കട്ടെയെന്നാശംസിച്ചുകൊണ്ടും, ഈ നാടകത്തിൽ അന്തർലീനമായിരിക്കുന്ന ധാർമ്മികാശയങ്ങളെ പ്രത്യേകിച്ച് മുതലാളികൾ, തൊഴിലാളികൾ, യുവതീയുവാക്കൾ എന്നിവർ തങ്ങളുടെ ജീവിതത്തിലേയ്ക്കുടത്തിയെടുത്ത് നവലോകത്തെ സൃഷ്ടിക്കുവാനുള്ള ഒരു നല്ല 'നാളയെ'—ശാന്തിസംദായകമായ ഒരു ആർഷഭാരതത്തെ—കെട്ടിപ്പടുത്തുയർത്തുവാൻ കർമ്മസന്നദ്ധതയോടുകൂടി ഉദ്യുക്തരാകണമെന്ന് സവിനയം അഭ്യർത്ഥിച്ചുകൊണ്ടും "ആർ കററവാളി?"യെ സജ്ജനസമക്ഷം സമർപ്പിച്ചുകൊള്ളട്ടെ.

വന്ദേമാതരം!

ഒല്ലൂർ,
15—9—'54

ഗ്രന്ഥകത്താ:

“ബോസ്കോ ആർട്ട്സ് ക്ലബ്ബി”ന്റെ ആഭിമുഖ്യത്തിൽ

## “ആർ കുററവാളി?” അഭിനയിക്കുന്നവർ:

---

1. ടി. പി. ഓപ്പൻ
2. പി. വി. ഔസേപ്പ്
3. പി. കെ. ലോന
4. ഇ. ആർ. കുമാർ
5. എം. ജെ. ആന്റണി
6. ടി. പി. പോൾ
7. യു. വി. ഉക്രു
8. പി. എ. കൊച്ചപ്പൻ
9. പി. എ. റപ്പായി
10. പി. സി. ഔസേപ്പ്
11. പി. എം. റപ്പായി
12. പി. ഡി. ചാക്കുണ്ണി
13. ടി. വി. ജോസ്
14. എ. വി. ചാക്കു
15. പി. വി. ജോസ്

*For Booking :*

**Director, Bosco Arts Club, Ollur.**

---

## ഈ പുസ്തകം വില്ക്കപ്പെടുന്ന സ്ഥലങ്ങൾ

1. എ. സി. എഫ്. ബുക്സ്റ്റാൾ, തൃശൂർ
2. മംഗളോദയം ലിമിററഡ്, തൃശ്ശിവപേരൂർ
3. എസ്. എച്ച്. ലീഗ്, ആലുവാ, നോർത്ത് P. O.
4. ലിററിൽ ഫ്ളവർ ബുക്ക് സ്റ്റാൾ, തൃശൂർ
5. കാട്ടൂക്കാരൻ ബുക്ക് സ്റ്റാൾ, എറണാകുളം
6. എം. സി. എസ്. എൽ. ബുക്ക് സ്റ്റാൾ, ഒല്ലൂർ
7. യൂണിയൻ പ്രസ്സ്, മരിയാപുരം

# കഥാപാത്രങ്ങൾ

1. സുഗതൻ
2. വേണു
3. ഗൗരി

} മുല്ലശ്ശൂൽ വസതിയിലെ മാതാവും മക്കളും

4. വടിവേലു — ഇടക്കാരൻ
5. ലളിത — സുഗതൻെറ പത്നി
6. വിജയൻ — സുഗതൻെറ പുത്രൻ
7. വർഗ്ഗീസ്
8. ജോൺ
9. മോഥർ

} മുതലാളികൾ

10. അരവിന്ദ് — മോഥറിൻെറ പുത്രൻ
11. പക്കു
12. ഭൂപതി
13. ശേഖർ

} കള്ളന്മാർ

14. ആമീൻ — കുടിയൊഴിപ്പിക്കുന്ന ഉദ്യോഗസ്ഥൻ
15. കിട്ടു
16. ഔസേപ്പ്
17. തെയ്യൻ
18. വേലപ്പൻ

} ഓട്ടുകമ്പനി തൊഴിലാളികൾ

19. സഖാവ് ഗോപാലൻ — ഒരു പിന്തിരിപ്പൻ
20. ലേബർ മിനിസ്റ്റർ

കൂടാതെ, ഐസ്ഫ്രൂട്ട്കാരൻ, പത്രബോയ്, പച്ചണ്ടിക്കാരൻ, മിഠായിക്കാരൻ, സ്വർണ്ണവ്യാപാരി എന്നിവരും പോലീസ്, ഒരു പ്യൂൺ, യാത്രക്കാരൻ, കുട്ടികൾ, ജാഥാംഗങ്ങൾ എന്നിവരും ആവശ്യമാണ്.

N. B. കഥാഘടനയ്ക്കു കോട്ടംതട്ടാത്ത പല അപ്രധാന ഭാഗങ്ങളും ഒരു നടൻതന്നെ അഭിനയിക്കാവുന്നതും നടന്മാരുടെ സംഖ്യ കുറയ്ക്കാവുന്നതുമാണ്.



ഗ്രന്ഥകർത്താ

# ആർ കുററവാളി?

## രംഗം ഒന്ന്

[തെക്കാട്ടുശ്ശേരിയിലെ സാമാന്യം ഭേദപ്പെട്ട 'മുല്ലശ്ശൂൽ' വസതി. കുടുംബവാസികൾ—ഗൗരിയും (45 വയസ്സ്) മക്കൾ സുഗതനും (20 വയസ്സ്) വേണുവും (16 വയസ്സ്)—വിലാപപൂർവ്വം, കത്തിച്ച ഒരു നിലവിളക്കിന്റെ മുന്നിലിരുന്നുകൊണ്ട് പ്രാർത്ഥനാഗാനം ആലപിക്കുന്നു.]

(ഹിന്ദി "ആവാര" യിലെ "ഹമ് തുസ്'സെ മുഹബത്ത്" പോലെ)

മമ ജീവാത്മജാ! ചരണാംബുജമേ!
മാനസരമണ! തരണേ കൃപ നീ
ജഗദാധാരമേ! കഴിവേകണമേ!
ജഗദീശനഫ്ല! വരമേകണമേ!

1. പരിതാപമിതേ ഹാ! ജീവിതമേ....
പാരിലെന്തിതു വിധിയോ കാണുന്നിതു
പരിതാപകരം
പദതാരിണയിൽ ഞങ്ങൾ കേണിടുന്നു.

(മാനസ........

2. പാരിൽ പണവും, പ്രതാപവുമല്ല നൂനം....
പരിശുദ്ധമാം സ്നേഹം നിത്യാനന്ദം
പാരം ശോഭകരം!
പാപ ചിത്തത്തിൽനിന്നു നീ കാത്തരുളുക

(മാനസ........

3. മന്നിൽ പാഴ്സുഖങ്ങളിൽ മുഴുകീടാതെ....
മർത്ത്യർതൻ ധർമ്മമെന്നും കൈവരിയ്ക്കാൻ
മരുവീടണമേ!
മാലിന്യത്തിന്നല, യെല്ലാം നീക്കീടുക.

(മാനസം......

(പ്രാർത്ഥനാനന്തരം ഗൗരി ബെഞ്ചിൽ ചെന്നിരിക്കുന്നു. വേണു കസേരയിൽ ഇരുന്നു് പുസ്തകം വായിക്കുന്നു. സുഗതൻ വിചാരനിമഗ്നനായി ഉലാത്തുന്നു. ഗൗരി വിലപിക്കുന്നു.)

സുഗതൻ—അമ്മേ...., എന്താണിങ്ങനെ വിലപിക്കുന്നതു്? ദിവസവും ഇങ്ങനെ കരയാമെന്നുവച്ചാൽ നാമെന്താണു ചെയ്യുക?

ഗൗരി—(കണ്ണുനീർ തുടച്ചു്) മകനേ....ഇനി എനിയ്ക്കാരാണുള്ളതു്? എൻെറ സർവ്വ സുഖവും പൊയ്പ്പോയി. നിങ്ങളുടെ അച്ഛൻ എന്തെല്ലാം ക്ലേശങ്ങൾ അനുഭവിച്ചുകൊണ്ടാണെന്നോ ഈ കുടുംബത്തെ ഈ സ്ഥിതിയിലെങ്കിലും ആക്കിത്തീർത്തതു്. എന്നാൽ അതിന്നു് ഉടവുതട്ടിത്തുടങ്ങിയിരിക്കുന്നു. സ്നേഹവും പരിശുദ്ധിയും സമാധാനവും നിറഞ്ഞ ആ ജീവിതം ഞാനിനി എങ്ങനെ ആസ്വദിക്കും?

സുഗ—ഞങ്ങളുണ്ടമ്മേ .... അതിനൊന്നും ഭയപ്പെടേണ്ടാ. കരയാതിരിയ്ക്കൂ ........ ഞങ്ങൾക്കുമില്ലേ അച്ഛനുമായി ജീവിയ്ക്കാനുള്ള ആഗ്രഹം. പക്ഷേ, എന്തുചെയ്യും? അച്ഛൻ മരിച്ചു കഴിഞ്ഞു. ആ സ്ഥിതിയ്ക്കു് നാം 'കരച്ചിലും പിഴിച്ചലു'മായി ഇരുന്നതുകൊണ്ടെന്തു പ്രയോജനം? നമുക്കു വേണ്ട കാര്യങ്ങൾക്കായി പരിശ്രമിയ്ക്കുകയാണു വേണ്ടതു്. അതുകൊണ്ടു് സമാധാനിയ്ക്കൂ—അമ്മേ........

ഗൗ—(നെടുവീർപ്പു്) ഉം...എന്തു സമാധാനം? ഇനി നിങ്ങളാണെനിയ്ക്കുള്ള സർവ്വ സമ്പത്തും, അഛൻെറ അഭിമാനസ്തംഭങ്ങ

ളായ നിങ്ങളാണു് എന്റെ ഈ കുടുംബത്തിന്റെ 'പൊൻവിളക്കു്' ഈ പൊൻവിളക്കിൽനിന്നും ഉദ്ദീപ്തമാകുന്ന പ്രഭാകിരണം തെല്ലെങ്കിലും എന്റെ ഹൃദയത്തെ പ്രകാശിപ്പിച്ചാൽ ഞാൻ കൃതാർത്ഥയായി.

സുഗ—അമ്മേ...., അമ്മയുടെ ഹൃദയത്തെ തെല്ല വേദനിപ്പിക്കുന്നതിന്നു ഞങ്ങൾക്കു സാദ്ധ്യമല്ല. അമ്മയെ കീഴ്‌വഴങ്ങി, ഈ കുടുംബത്തിന്റെ പാവനപാരമ്പര്യം പുലത്തുന്നതിന്നുതന്നെയാണു ഞാനും വേണുവും പരിശ്രമിക്കുക.

വേ—എന്താണമ്മേ...., വല്ലാതെ വിഷാദിക്കുന്നതു്? ചേട്ടനും ഞാനുമുള്ളപ്പോൾ അമ്മയെന്തിന്നു ഭയപ്പെടണം?

ഗൗ—ഭയപ്പെടുന്നൊന്നുമില്ല...., എന്റെ....വേണു. (നെടുവീർപ്പ്) നമ്മുടെ സാമ്പത്തികസ്ഥിതിയെപ്പററി ഞാൻ എന്താണു് പറയേണ്ടതു്. നിങ്ങളെ രണ്ടു പേരേയും ഞാനിനി എങ്ങനെയാണു് പഠിപ്പിച്ചുണ്ടാക്കുക?

സുഗ—അമ്മ അതിനെപ്പററി ഭയപ്പെടേണ്ടതില്ല. വേണു തുടന്നു പഠിച്ചുകൊള്ളട്ടെ. ഞാൻ പഠിപ്പു നിറുത്തി എന്തെങ്കിലും ഉദ്യോഗം നോക്കിക്കൊള്ളാം.

വേണ—അതുവേണ്ട. ഞാൻ പഠിപ്പു നിറുത്താം. ജ്യേഷ്ഠൻ പഠിച്ചുകൊള്ളു. ഞാൻ വീട്ടുകാര്യങ്ങൾ നോക്കിക്കൊള്ളാം.

ഗൗ—അതേയ്,....എനിക്കൊന്നു പറയുവാനുണ്ടു്. നിങ്ങൾ രണ്ടുപേരും പഠിച്ചു കാണണമെന്നാണെന്റെ ആഗ്രഹം. അഛൻ മരിച്ചെന്നു കരുതി അനന്തവും ശ്രേഷ്ഠവുമായ ഒരു ഭാവിയെ ചവുട്ടിമെതിക്കുന്നതുചിതമല്ല. സംസ്കാരബോധത്തോടുകൂടിയ വിദ്യാഭ്യാസം ജീവിതത്തെ ഉന്നതിയിലേക്കുയത്തുമെന്നുള്ളതിനു് ഒരു സംശയവുമില്ല. അതുകൊണ്ടു് നിങ്ങൾ രണ്ടുപേരും പഠിച്ചു

കൊള്ളുക. ഞാനതിന്നുവേണ്ടി ബുദ്ധിമുട്ടിക്കൊള്ളാം. ദൈവം നമ്മെ സഹായിക്കും.

സുഗ—അമ്മ ഇനിയും ഞങ്ങൾക്കുവേണ്ടി ബുദ്ധിമുട്ടുകയോ? അതു വേണ്ടമ്മേ. ഏതായാലും വേണു തുടർന്നു പഠിച്ചുകൊള്ളട്ടെ. ഞാൻ വീട്ടുകാര്യങ്ങൾ നോക്കിക്കൊള്ളാം. വേണു...., നീ പഠിച്ചുകൊള്ളൂ. നമ്മൾ രണ്ടുപേരും പഠിക്കുന്നതായാൽ ഈ കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതി അധഃപതിക്കും. സമ്പാദിക്കുന്നതിന് മാർഗ്ഗവുമില്ലാതാകും. ഒരുത്തനും കൊണ്ടുതരാനുമില്ല. നാംതന്നെ കഷ്ടപ്പെടണം. ഈ പരിതഃസ്ഥിതിയിൽ കുടുംബത്തിൽനിന്നു ഒരാളെങ്കിലും നല്ലപോലെ പഠിക്കട്ടെ. അതിനെനിയ്ക്കു സന്തോഷവുമാണ്. ഞാൻ എങ്ങനെയെങ്കിലും തൊഴിലെടുത്ത് നിന്റെ കോളേജ് വിദ്യാഭ്യാസത്തിന്നു വേണ്ടുന്ന പണം സമ്പാദിച്ചുതന്നേക്കാം. നമ്മുടെ നിത്യവൃത്തിയും നാം നോക്കണ്ടേ........?

ഗൗ—അതു ശരിയാണ്. പക്ഷേ.... ...

സുഗ—പിന്നെ ഒരു പക്ഷെയുമില്ല. അതെന്റെ വിധിയായിരിക്കാം. എന്നാൽ വണ്ടത്താനു കമലദളങ്ങളിൽ വിഹരിച്ചു മധു നുകരുന്നതിന്നു കഴിയണമെങ്കിൽ അന്ധകാരത്തിന്റെ ഭയങ്കരതയകന്നുള്ള ബാലാർക്കന്റെ ചെങ്കതിരുകൾ അനിവാര്യമാണല്ലോ. അതുപോലെ നമുക്കുള്ള ഇരുളും പരിഹരിച്ചാൽ മാത്രമേ ശാന്തിയുടേയും സന്തോഷത്തിന്റേയും സമുന്നത ലക്ഷ്യത്തിലെത്തിച്ചേരുകയുള്ളൂ. അതു് നമ്മുടെ എല്ലാവരുടേയും വിജയമാണ്. അതുകൊണ്ട് പ്രിയ വേണു...., ഉടൻതന്നെ കോളേജിൽ പ്രവേശിച്ചുകൊള്ളൂ. ജീവിത പരിശുദ്ധിയോടുകൂടി നല്ലപോലെ പഠിച്ച് വിജയിക്കുക.

ഗൗ—നിന്റെ ഇഷ്ടം അതാണെങ്കിൽ അങ്ങനെ ആകട്ടെ. ഞാൻ നിർബന്ധിക്കുന്നില്ല. അച്ഛന്റെ ദേഹവിയോഗംമൂലം പരിണമിച്ചതാണിതെല്ലാം. അതല്ലെങ്കിൽ ഇങ്ങനെയെല്ലാം വരു

മോ? ഉം.....എന്തുമെല്ലാം. പ്രിയ വേണു....നീ പഠിച്ചെന്നാൽ മതിയെന്നാണ് ജ്യേഷ്ഠൻ പറയുന്നത്. സുഗതൻ പറയുന്നതും, ഒന്നാലോചിക്കുമ്പോൾ ശരിയാണ്. നമ്മുടെ ജീവിതസാദ്ധ്യതയ്ക്കായി നാം തന്നെ പ്രയത്നിക്കേണ്ടതാണല്ലോ. എന്തെങ്കിലുമാകട്ടെ, ദൈവം നമ്മെ അനുഗ്രഹിക്കും.

വേ:—അമ്മയും ജ്യേഷ്ഠനും ഒരുപോലെ പൂർണ്ണമായി സമ്മതിക്കുകയാണെങ്കിൽ ഞാൻ പഠിച്ചുകൊള്ളാം.

സുഗ—വേണു..., നീ തുടർന്നു പഠിച്ചുകൊള്ളൂ. അതാണോ ററം അലക്ഷണിയം കോളേജ് അടുത്തുതന്നെ തുറക്കും.

( കർട്ടൻ )

## രംഗം രണ്ട്

[ജോലിയന്വേഷിച്ചു വിവശനായ സുഗതൻ തെരുവിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്നു.]

സുഗ—(നെററിയിൽനിന്നു് വിരൽകൊണ്ടു് വിയർപ്പ് വടിച്ചെടുത്തു്) വിയർപ്പിൻെറ വില! ഈ വിയർപ്പിന്നു് ഒരു വിലയുമില്ലെന്നോ?

(ഗാനം—നീലക്കുരുവീ........എന്ന രീതി)

"നോ വേക്കൻസി"—"നോ വേക്കൻസി"
നാടിതിലില്ലേ, വേക്കൻസി?....
നൽകുക വല്ലോരു വേക്കൻസി....
—"നോ....

ജോലി ജോലിയെന്നു ചൊല്ലി
എത്തറനാളായ് കേഴും ഞാൻ....എത്ത....
—"നോ....

ലോകമാകെ കാണും കണ്ണീർ
കാരണമെന്തെന്നറിയുമോ?—ലോ....
കേൾക്കുന്നില്ല വിയർപ്പിൻ വിളികൾ
ലോകനീതിയാണിതോ?....ലോകനീ....

—"നോ....

വാടിവീഴും പൂക്കൾപോലെ
വാടിമണ്ണോടടിഞ്ഞ ദേഹം—വാടിവീ....
വീടുംവിട്ടു, നാടുംവിട്ടു
കൂട്ടുകാരും പോയിതോ?....
പാവങ്ങൾ, ഗതിയീ ജീവിതം.... —"നോ...

(ആത്മഗതം) നോ വേക്കൻസി!.......നോ വേക്കൻസി!! ............എവിടെ ചെന്നാലും നോ വേക്കൻസി!! പോകുന്നിടത്തെല്ലാം ഒരു ജോലിയുമില്ലത്രെ.......എന്താണു ചെയ്യുക?

(ഇടയ്ക്കിടയ്ക്ക് ആലോചനയാൽ ഉലാത്തിക്കൊണ്ട്)

കുറച്ചെങ്കിലും പഠിച്ചിട്ടുള്ള സ്ഥിതിക്ക് എന്തെങ്കിലും ജോലി, ആരെങ്കിലും തരുമെന്ന് പ്രതീക്ഷിച്ചു. എന്നാൽ ആ സൽപ്രതീക്ഷയെ ആർ പരിഗണിക്കാനാണ്!........

നീറുന്ന തൊഴിലാളിഹൃദയത്തിന്റെ നിലവിളികൾ എങ്ങനെയാണ് ഈ........ദുഷിച്ച.......മുതലാളിത്തലോകം........കേൾക്കുന്നത്? ആരാണതു വകവയ്ക്കു....ന്നത്?

സത്യത്തിനും നീതിക്കും ഒരു സ്ഥാനമില്ലെന്നോ? .......വേണമെങ്കിൽ......., ഈ....കപട....ലോകത്തിൽ...., ആത്മാർത്ഥ...., മായ ഒരു ഹൃദ....യമുണ്ടായതുകൊണ്ടായിരിക്കാം.....മുതലാളിത്ത...., ത്തിന്റെ...ക്രൂരനൃകൾ....സാധു ഹൃദയവാതിലുകളെ ഭേദിക്കുന്നതും....നശിപ്പിക്കുന്നതും. അങ്ങനെയെങ്കിൽ .... സത്യത്തിനും, ധർമ്മത്തിനും....എന്തു സ്ഥാനം? (തലകുലുക്കി) അല്ല, അതു ശരിയല്ല. എന്റെ ധാർമ്മിക കർത്തവ്യം....അഭംഗമായി തന്നെ....

നിർവ്വഹിയ്ക്കപ്പെടേണ്ടതു നീതിയുടെ അനുശാസനം മാത്രമാണ്.

(വഗ്ഗീസ് എന്നു പേരായ ഒരു മുതലാളി സഗൗരവം പ്രവേശിച്ച് നടക്കുന്നു. പിറകിലായപ്പോൾ സുഗതൻ സാനുകമ്പം മുതലാളിയെ വിളിക്കുന്നു.)

സുഗ— (കൈനീട്ടി) സ്..., ആ....ർ....സാ....ർ

വ—(പിന്തിരിഞ്ഞ് കോപത്തോടെ) എന്തടാ........?

സുഗ—(കൈകൂപ്പി) സാർ............

വ—(മീശപിരിച്ച്, സമയംനോക്കി) സമയം വൈകിക്കാൻ വന്നിരിക്ക്യാം....എല്ലാംശുകരം! എന്തടാ....കാര്യം പറയൂ.

സുഗ—സാർ........, ഞാൻ വല്ലാ... തെ....കഷ്ടപ്പെട്ടു........ എന്തെങ്കിലും ഒരു....

വ—(ദ്വേഷ്യം) അതിനു ഞാനെന്തുവേണം? കഷ്ടപ്പെടുന്നുണ്ടെങ്കിൽ നീയതനുഭവിച്ചോ. ദേഹനങ്ങാണ്ട്, ഒരു ജോലിയും ചെയ്യാതെ, തടിമാടന്മാരായി ഇങ്ങനെ നടക്കും. ഉം....പോടാ....

സുഗ—സാ........ർ...., എന്തെങ്കിലും....ഒരു ജോലി....തന്നാ....മതി സാ....റെ.

വ—(ഗൗരവവീക്ഷണം) പോകാനല്ലേ....പറഞ്ഞത്?........ പൈസ കിട്ടില്ലെന്നറിഞ്ഞപ്പോൾ....പിന്നെ ഓർത്തതാണ്........ ജോലി........പോടാ........നിനക്ക് ഇവിടെ....ജോലി എടുത്തു... വച്ചിരിക്ക്യാം....ഉം....നശിച്ച വർഗ്ഗങ്ങൾ....(നടക്കുന്നു)

സുഗ—(വിഷാദം) ഉം....!., എന്തു ചെയ്യാം. ഞങ്ങളുടെ വിധിയിതായിരിക്കാം. മുതലാളിത്തലോകം.... കാട്ടുമൂർഖപ്പാമ്പിനെപ്പോലെയാണ് പെരുമാറുന്നത്. അപ്പോൾ എങ്ങനെയാണ് ഈ........പട്ടിണിപ്പാവങ്ങൾ ജീവിക്കുന്നത്? അവരുടെ...., സൗമ്യമായ....ഒരു....പെരുമാററമോ....സംസാരമോ...... എന്തെങ്കിലുമുണ്ടായിരുന്നെങ്കിൽ........എത്ര നന്നായിരുന്നു.

ഒന്നൊന്നരക്കൊല്ലമായി................യാതൊരു ജോലിയുമി

ല്ലാതെ ഇങ്ങനെ നടന്നലയുന്നു. അച്ഛൻ സമ്പാദിച്ച വകയിൽ ഏതാനും തിന്നുകഴിഞ്ഞു. ഇനിയാണ് പട്ടിണി ഞങ്ങളെ ദനം ക്കി പല്ലിറമ്മുന്നതിന്നാരംഭിക്കുന്നതു്. അപ്പോഴെങ്കെങ്കിലും ഈ ദുരിതഗർത്തത്തിൽനിന്നും കരകയറുവാൻ സാധിച്ചാൽ മതിയായിരുന്നു.

(അല്പം കഴിഞ്ഞ്) ആ ജോൺമുതലാളി നല്ല മനുഷ്യനാണെന്നു കേട്ടിട്ടുണ്ട്, അവിടെ ഒന്നു പോകുകതന്നെ. വല്ല മെച്ചം കിട്ടിയെങ്കിലോ? ഉം....എന്തെങ്കിലുമാകട്ടെ....(നടക്കുന്നു)

(ഫ്രണ്ട് കർട്ടനു പിറകിൽ ജോൺമുതലാളിയുടെ വസതി സജ്ജീകരിയ്ക്കണം, ഫ്രണ്ട് കർട്ടൻ ഉയർത്തുമ്പോൾ സുഗതൻ അകത്തു പ്രവേശിക്കണം. മുതലാളി പത്രം വായിച്ചുകൊണ്ടിരിക്കുന്നു)

സുഗ—(ഇടതുകൈ ദേഹത്തുവെച്ചും വലതുകരം കൊണ്ട് വാമൂടിയും) സാ ാ ാ......ർ.

ജോൺ—(വായന നിർത്തി നോക്കുന്നു) ഉം....എന്താ?....

സുഗ—ഒന്നൊന്നര കൊല്ലമായി ഇങ്ങനെ വലഞ്ഞും അലഞ്ഞും നടക്കുന്നു. ചെല്ലുന്നിടത്തെല്ലാം ഒരു ജോലിയും കിട്ടുന്നില്ല. വഴിനടന്നും ഇരന്നിരന്നും വല്ലാതെയായി. എന്തെങ്കിലും ഒരു ജോലി തരുവാൻ....തിരുമനസ്സുണ്ടാകണം.

ജോ—നിൻെറ രാജ്യമെവിടെയാണ്?

സുഗ—(നെടുവീർപ്പിട്ടു്) തൈക്കാട്ടുശ്ശേരി. അവിടന്നു മുതൽ ജോലിയന്വേഷിച്ചു തുടങ്ങിയതാ, ഇപ്പുറം, ഈ പരിയാരം വരെയായി.

ജോ—നിൻെറ പേരെന്തുന്നാ.?....

സുഗ—സുഗതൻ എന്നാണെൻെറ പേർ.

ജോ—നിനക്കു അച്ഛനും അമ്മയും മററും ഉണ്ടോ?

സുഗ—അമ്മയുണ്ട്. അച്ഛൻ മരിച്ചിട്ട് രണ്ടുവർഷത്തോളമായി. എൻെറ താഴെ ഒരാളും കൂടിയുണ്ടു്. അവൻ പഠിയ്ക്കുന്നു.

ജോ—(എളിയ സംസാരം)ജോലിയൊന്നും ഇവിടെ ഇല്ലല്ലോ

സുഗ.—സാ....ർ, അങ്ങനെ പറയരുതു്? എന്തെങ്കിലും ജോലി എടുത്തുകൊള്ളാം. ഞങ്ങളെ ഇത്തരുണത്തിൽ സഹായിക്കണം....മുതലാളീീീ........

ജോ—എന്നാൽ, നീ വീട്ടുജോലികൾക്കു മററുമായിട്ടു് വേണമെങ്കിൽ നിന്നുകൊള്ളുക. ഗൃഹജോലി, തോട്ടപ്പണി, കൃഷിപ്പണി തുടങ്ങിയ ജോലികളെല്ലാമുണ്ടു്. സമ്മതമെങ്കിൽ ഇന്നുമുതൽ ഇവിടെ നിന്നുകൊള്ളുക.

സുഗ—സാ....ർ, സമ്മതമാണു്. വീടു് പട്ടിണിയാൽ 'എതിപൊരി' കൊള്ളുമ്പോൾ ദുരഭിമാനത്തിൻെറ പേരിൽ മുഖംമറച്ചു വേലചെയ്യാതിരുന്നാലതു് ഏററവും പരിതാപകരമാണല്ലോ.

ജോ—എന്നാൽ ജോലിയിൽ പ്രവേശിച്ചുകൊള്ളുക. തക്ക പ്രതിഫലം തന്നേക്കാം. ങ്ഏ് ഏ........?

സുഗ—(കൈകൂപ്പി) ഓ....അങ്ങിനെയാകട്ടെ....വളരെ.... ഉപകാരം....സാർ........

## രംഗം മൂന്നു്

['മുല്ലശ്ശേരിൽ' വസതി. ഗൌരി അകം അടിച്ചുവാരി വൃത്തിയാക്കുന്നു. മേശ, ബഞ്ചു്, കസാര എന്നിവയുണ്ടു്. വടിവേലു എന്ന ഇടക്കാരൻ (62 വയസ്സു്) കക്ഷത്തു ഒരു കടലാസ്സുകെട്ടും കൈയിൽ ഒരു പഴയ കുടയുമായി പ്രവേശിക്കുന്നു]

വടിവേലു—(മന്ദസ്മിതം: കുടചുരുക്കി) എന്താ....ഗൌര്യേ ....മ്മേ....വിശേഷം?....

ഗൌരി—ആരു്?........വടിവേലോ?,......

വ. വേ—(ചിരിച്ചു്)അഹ്തേ....അഹ്തേ....ഞാൻ തന്നെ. എന്താ....ഗൌര്യംമ്മേ .... വല്ലാണ്ടു് ക്ഷീണിച്ചിട്ടുണ്ടല്ലോ?....

ഗൗ—എന്തുചെയ്യാം. കഷ്ടകാലത്ത് എല്ലാം ഒത്തുചേരണ്ടേ? അനുഭവിക്കുക തന്നെ. അല്ലാതെന്തു പറയാം (താഴെയിരിക്കുന്നു)

വ. വേ—(തലയാട്ടി) ഉം....ഉം,.....ഇതൊന്നും കഷ്ടതയല്ല ഗൌര്യംമ്മേ. ഗൌര്യംമ്മേ....ആ മുറുക്കാനൊന്നു എടുക്ക്ഓ...(ഗൌരി മുറുക്കാൻ പാത്രം കൊടുക്കുന്നു. വടിവേലു മുറുക്കാൻ യഥാക്രമം എടുത്തു തിന്നുന്നു)ഗൌര്യേംമ്മേ....ഇതൊക്കേ്യ... നല്ല കാലത്തിൻെറ ലക്ഷണങ്ങളാണ്. നോക്ക് (വിരൽ മടക്കി എണ്ണുന്നു) ഒരു മകൻ ബി. എ. ക്കു പഠിക്കുന്നു. ഒരു മകന് മാസം തോറും ശമ്പളം. സ്വന്തം വീടും പറമ്പുമുണ്ട്. പോരെ? ഇങ്ങനെ നല്ലകാലം ആക്വാണുള്ളത്. പോരെങ്കിൽ (ചിരിച്ച്) ഇമ്പ്ടെ മകൻെറ വിവാഹത്തോടുകൂടി എല്ലാം ശുഭമായിത്തീരുകയും ചെയ്യും. ഏതു്....മനസ്സിലാക്കണം.

ഗൗ—(തലയാട്ടി) ഉം....ശര്യാം....ശര്യാം....എൻെറ ഹൃദയത്തിൽ കഴിഞ്ഞുകൂടുന്ന നീറുന്ന വേദനയുടെ കാഠിന്യം എനിയ്ക്കല്ലേ അറിഞ്ഞുകൂടൂ; വടിവേലുനറിയാമോ.? ഉം.......എന്തെങ്കിലുമാകട്ടെ. അല്ലാ, കാര്യങ്ങളെല്ലാം എങ്ങനെ ഇരിക്കുന്നു? അതേപ്പററി അന്വേഷിക്കാമെന്നാണല്ലോ അന്നൊരിക്കൽ പറഞ്ഞത്

വ. വേ—എൻെറ ഗൌര്യംമ്മേ....അതേപ്പററി ഒരു സംശയവും വേണ്ട. ഈ വടിവേലു ഏററ അക്കാര്യം ങ്ആ! ഞാൻ വിചാരിച്ചാലേ....നടക്കാത്തതൊന്നുല്ല. ഈ നിമിഷത്തിൽ വേണമെങ്കിൽ പതിനായിരക്കണക്കിന്ന് ചെക്കന്മാരേയും പെണ്ണുമാരേയും ഇവിടെ അണിനിരത്താം ങ്ആ!.

ഗൗ—(ചിരിച്ച്) കൊള്ളാം, കൊള്ളാം. എങ്ങനെയിരിക്കുന്നു; പെണ്ണിൻെറ പ്രകൃതി?

വ. വേ—(ഔംഗ്യത്താൽ) പത്തരമാററ്ന്നു പറഞ്ഞാൽ അതിൽ കൂടുതലേ കാണുള്ളൂ. ബെഷ്ട് കുട്ട്യല്ലേ?—ബെഷ്ട്!. ഞാൻ വളരെ പേരുടെ കല്ല്യാണങ്ങൾ ഏർപ്പെടുത്തി കൊടുത്തിട്ടുണ്ട്.

എന്നാൽ ഇതു പോലുള്ളൊരു സ്ത്രീസൗന്ദര്യം നിറഞ്ഞ ചേതോഹാരിണിയെ ഈ വയസ്സിന്നിടയ്ക്കു് ഞാൻ കണ്ടിട്ടില്ല. ബ്രഹ്മാവിൻെറ അവതാരമെന്നാ തോന്നുന്നതു്. അത്രയ്ക്കു കോമള സ്വരൂപിണി!!. നമ്മുടെ സുഗതൻെറ ഭാഗ്യവും നിങ്ങടെ നല്ലകാലവുമെന്നേ എനിക്കു പറവാനുള്ളു. ചുരുക്കത്തിൽ. അതല്ലെങ്കിൽ സുഗതനു ഇത്തരത്തിലുള്ള ഒരു വിവാഹം കഴിക്കാൻ സാധിക്കുമായിരുന്നോ?·

ഗൗ—പെണ്ണിൻെറ പേരെന്തുന്നാ?

വ. വേ—പേരു് പറയാണെങ്കി അത്രയ്ക്കു ജോറാ....കെരട്ടാ വളരെ ലളിതമായിട്ടുള്ള പേരാ. ലളിത എന്നാണ്ട് പേരു്.

ഗൗ—നല്ല പേരാണല്ലോ· അവരുടെ സ്ഥിതിയെല്ലാം എങ്ങനെയിരിക്കുന്നു?. പണോം പത്രാസോം ഒന്നുമല്ല ഞാൻ നോക്കുന്നേ. പെണ്ണിൻെറ സ്വഭാവം മാത്രം. അതു പോലെതന്നെ സുഗതനു് യോജിച്ച ഒരു പെങ്കിടാവുമായിരിക്കണം അത്രേ വേണ്ടു........

വ. വേ—(ആംഗ്യത്താൽ) എൻെറ ഗൗര്യമ്മേ....ഒന്നുംകൊണ്ടും ഭയപ്പെടേണ്ട· പെണ്ണിൻെറ സ്വഭാവം വളരെ ബെഷ്ടാ. നിറമാണെങ്കിൽ നല്ല വെള്ള നിറോം. പോരേ....എൻെറ ഗൗര്യേമ്മേ ഞാനൊന്നു പറഞ്ഞോട്ടെ—ഈ ദാമ്പത്യബന്ധമങ്ങു നടന്നാലുണ്ടല്ലോ (കൈവിരൽ എണ്ണിമടക്കി) പണത്തിനു പണം, തീററയ്ക്കു തീററ, നെല്ലിനു നെല്ലു്, സ്വർണ്ണത്തിനു സ്വർണ്ണം, പഠിപ്പിനു പഠിപ്പു്, സ്നേഹത്തിനു സ്നേഹം, സ്വഭാവത്തിനു സൽസ്വഭാവം. ഞാൻ പറഞ്ഞില്ലേ...,ആനതൊട്ടു് കുതിരവരെ എല്ലാം ഒത്തുചേരുന്ന ചരക്കുകളാ....ഇപ്പ മനസ്സിലായോ? ഇതൊന്നും ഈ വടിവേലു ചുമ്മാ പറയുന്നതൊന്നുമല്ല, അവിടെചെന്നു നോക്ക്യാ ഇതൊക്കെ കാണാം. ആ! അനുഭവസാക്ഷ്യമുള്ളതുകൊണ്ടാ എനിക്കിത്ര ധൈര്യം. അല്ലാണ്ടു്, വെടിസലക്കില്ല.

ഗൌ—എങ്കിലും എനിക്കൊരു സംശയം. ഇതെല്ലാം നടക്കുമോയെന്നു്. സർവ്വ സുഖത്തോടും കൂടി ജീവിക്കുന്നവർ ഞങ്ങളു

ടെ സ്ഥിതി കാണുമ്പോൾ താനെ പിന്മാറും. പിന്നെന്തുകാര്യം അതാലോചിക്കുന്നതുകൊണ്ട്?

വ. വേ—(തലയാട്ടി)അപ്പോ....,ഞാൻ പറയുന്നതെല്ലാം പൊളിയാണെന്നാണൊ പറയുന്നത്. ഈ വടിവേലേപ പതിനാറ വയസ്സിൽ തുടങ്ങിയതാണീ ഏപ്പാട്. ഇപ്പൊ....വയസ്സ് അറുപത്തിരണ്ടാ......,അറുപത്തിരണ്ട്. പത്തുനാല്പത്താറ വഷത്തെ പ്രാററീസുള്ളവനാ ഈ വടിവേലു. ഇതിന്നിടയ്ക്ക് ഞാൻ ഏപ്പെട്ടത്തിക്കൊടുത്തിട്ടുള്ള ഒരു വിവാഹം പോലും മുടങ്ങീട്ടില്ല. മുടക്കാൻ ആക്കും ചങ്കുറപ്പുണ്ടാവില്ല്യാന്നു്. ഇത....നോക്ക്, ഈ ലിസ്റ്റ്. (കടലാസ്സുകെട്ടഴിച്ച് കാണിക്കുന്നു) ഇതിൽ വിവാഹം നടത്തികൊടുത്തതിൻെറ പേരു വിവരങ്ങളും എനിക്കു കിട്ടിയ സമ്മാനങ്ങളുടെ വിവരങ്ങളുമാണ്. ഈ മാസത്തിൽ മുപ്പത്താറ കല്യാണങ്ങളാണ് ഈ നാട്ടിലും ഈ നാടിനു ചുററുമായി നടക്കവാൻ പോകുന്നത്. ങ്ആ!. വടിവേലു നിങ്ങടെ കണ്ണീല് പൊടിയിട്ട് പററിച്ചു പോവാനൊന്നുമല്ല ഈ പറയുന്നത്. ഉള്ളകാര്യാ.... പറേണെ.......ഇതാ കേട്ടോള.... (കടലാസ്സ് നിവത്തി വായിക്കുന്നു)

ഒന്നു്—പടിപ്പുരയ്ക്കൽ കേളു മകൻ രാമനും മുട്ടപ്പുറമ്പിൽ പാറൻ മകൾ പാറുവും തമ്മിലുള്ള കല്യാണം നടത്തി കൊടുത്ത വകയ്ക്ക് ഇടക്കാരൻ വടിവേലുന്ന് ആകെ വരവ് 150ക.

(ഗൗരിയെ ചൂണ്ടിക്കാണിച്ച്) ഏതു്? മനസ്സിലായോ.? (ഗൗരി തലയാട്ടുന്നു)

രണ്ട്—കൊട്ടത്തേങ്ങ കൊച്ചാപ്പു മകൾ ഇന്ദുലിയും പ്ലാമക്കടൻ രാമൻ മകൻ ചന്ദ്രനും തമ്മിലുള്ള വിവാഹം ഏർപ്പെടുത്തി കൊടുത്തവകയ്ക്ക് ഇടക്കാരൻ വടിവേലുന്ന് വരവ് 100കയും 8 പറനെല്ലും, രണ്ടു മുണ്ടും, ഒരു തോത്തും.

ഏതു്? മനസ്സിലാക്കണം

മൂന്നു്—മററക്കുഴി ശങ്കരൻ സുമിത്രയും കുന്നപ്പുറമ്പൻ ശങ്കുണ്ണി മകൻ രാമകൃഷ്ണനും തമ്മിലുള്ള വിവാഹം നടത്തി കൊടു

ത്ത വകയിൽ ഇടക്കാരൻ വടിവേലുന്നു് വരവു് 200 നാളികേരം 50 രൂപാ, ഒരു കുത്തു ജഗന്നാഥൻ.

നാലു്—മുറിമുണ്ടൻ ഔസേപ്പു് മത്തായും ഏഷണിക്കവപ്പത്തു് ലോനപ്പൻ മകറം കത്തിരിങ്ങയും തമ്മിലുള്ള വിവാഹം നടത്തിയ വകയ്ക്കു് ഇടക്കാരൻ വടിവേലുന്നു് വരവു് 150 രൂപാ, 10 പറ തവിടു്, രണ്ടു മുണ്ടു്, രണ്ടു്....രണ്ടാമുണ്ടു്, നാലു നാളികേരം.

അഞ്ചു്—വയറശ്ശേരി രാമുണ്ണി മകറം കോതയും രസവടയത്തു് സുബ്രഹ്മണ്യൻ മകൻ സുരേന്ദ്രനും തമ്മിലുള്ള വിവാഹം നടത്തിയ വകയ്ക്കു് വരവു് 125 രൂപാ, ഒരു സ്വർണ്ണമെഡൽ, മൂന്നു് ഷർട്ടു്, നാലുപടല വെല്യപട്ടരു്.

ഇങ്ങനെ പോകുന്നു പേരു വിവരം. ഇതൊക്കെ ഈ വടിവേലുന്റെ തന്റേടംകൊണ്ടാ നടത്തിയ്ക്കാൻ സാധിച്ചേ. ഇനി നാളെ മുതൽ നടക്കുന്ന കല്യാണവിവരങ്ങറം വായിക്കാം, കേട്ടോളൂ. (വായിക്കുന്നു)

ഒന്നു്—വരിപ്ളാശ്ശേരി വേലായുധൻ മകറം ലീലയും കളപ്പറമ്പൻ രാമൻ മകൻ കിട്ടുവും തമ്മിലുള്ള വിവാഹം ഈ മാസം 5-ാംതീയതി.

രണ്ടു്—ഉറിമ്മേൽ ഔസേപ്പു് മകൻ മാക്കോസ്സും തൃശ്ശൂരു് കോളാമ്പി ലോനപ്പൻ മകറം കങ്കമ്മയും തമ്മിലുള്ള വിവാഹം ആറാംതീയതി.

മൂന്നു്—ഏത്തക്കൊഴിയാൻ രാമൻ മകറം തേവിയും വരിപ്ളാശ്ശേരി കൊച്ചാപ്പു മകൻ രാമനും തമ്മിലുള്ള വിവാഹം ഈ മാസം 8-ാംതീയതി

എന്നിങ്ങനെ പോകുന്നു ഈ ലിസ്റ്റു്. ഇങ്ങനെ 36കല്യാണങ്ങളാ....ഈ മാസത്തിൽ കഴിയ്ക്കാൻ പോകുന്നതു്. കാര്യം ഇതായിരിയ്ക്കേ നിങ്ങളോടു പൊളിപറഞ്ഞു സത്യം മറച്ചു വെയ്ക്കുന്നതെന്തിനു്?. മററുള്ളവരെപ്പോലെ ചക്കരവാക്കു പറഞ്ഞു് പററിച്ചു തിന്നുന്ന തരക്കാരനല്ല ഈ വടിവേലു. കല്യാണ വിഷ

യത്തിൽ എനിയ്ക്കും കുറെ പാരമ്പര്യമൊക്കെയുണ്ട്. ഏതു കാര്യ വും നടത്തിത്തരാമെന്നേററിട്ടുണ്ടെങ്കിൽ അതു് നടത്തിത്തന്നാലേ എനിയ്ക്കു സമാധാനമുള്ളു. വടിവേലു പണംപിടുങ്ങുന്ന തരക്കാ രൊന്നുമല്ലല്ലോ.

ഗൗ__ഞാനതൊന്നും പറഞ്ഞില്ലല്ലോ. അവരുടെ സ്ഥിതി യും ഇവിടത്തെ നിലയും നോക്കുമ്പോൾ അവിരിതിന്നു സമ്മതി ക്കുമോയെന്നേ എനിക്കു ഭയമുള്ളു.

വ. വേ—അത്യാവശ്യ മില്ലാത്ത ഭയമാണ്. 20 പവന്റെ സാമാനങ്ങളും 1000ക. സ്ത്രീധനവും തരാമെന്നു് സമ്മതിച്ചതു വെറുതെയാണൊ? ഈ വിവാഹം നടക്കുന്നില്ലെങ്കിൽ ഞാനെ ന്റെ ഈ തൊഴിൽപോലും പരിത്യജിക്കാൻ ഒരുക്കമാണ്. അത്ര യ്ക്കു ധൈര്യമുള്ളതുകൊണ്ടാ....ഞാനിപ്പറയുന്നതു്.

ഗൗ—എന്നാൽ ഇനിയെന്തുവേണം?

വ. വേ—ഇനി ഒന്നും ചെയ്യേണ്ടതായില്ല. അവർ നിങ്ങളു ടെ വിവരങ്ങളെല്ലാം അറിഞ്ഞു. ഒന്നുരണ്ടു തവണ ഇവിടെ വരു കയും ചെയ്തല്ലോ. ഇനി മുഹൂർത്തവും മററും നോക്കി ഒരു ദിവ സമങ്ങു നിശ്ചയിച്ചേക്കാം. അന്നു വിവാഹവും ഏർപ്പെടുത്താം. അത്രെ വേണ്ടു. ഇതിൽ തല പുകഞ്ഞു നടക്കേണ്ട കാര്യമൊന്നു മില്ല.

ഗൗ—അതിന്നു സുഗതന്റെ സമ്മതവും കൂടി വേണ്ടേ....?.

വ. വേ.—വേണം. സുഗതനെ വരുത്തണം, സുഗതൻ പെണ്ണിനെ പോയി കണ്ടതല്ലെ?. എന്തഭിപ്രായമാണ് പറ ഞ്ഞതു്?.

ഗൗ__അഭിപ്രായത്തിനൊന്നും തരക്കേടില്ല, കുട്ടി തരക്കേ ടില്ല എന്നു തന്നെയാണ് പറഞ്ഞതു്.

വ. വേ.__ആംഹാ! അങ്ങിനെയാണെങ്കിൽ, പിന്നെന്തിനാ ണ് ഭയപ്പെടുന്നതു്?. ഉടനെ വിവാഹമങ്ങു നടത്ത്വു. അതി ന്നുവേണ്ട ഏർപ്പാടുകളും ചെയ്യാം. ഇത്രേയുള്ളു.

ഗൗ—എന്നാൽ അങ്ങനെ തന്നെ. ഈ മാസം 10-ാംനു വിവാഹത്തിന്നു വേണ്ടുന്ന മുഹൂർത്തം നിശ്ചയിക്കാം. അപ്പഴയ്ക്കും ഞാൻ സുഗതനെ വിവരമറിയിച്ച് മററ് ഒരുക്കങ്ങളും ചെയ്യട്ടെ. വേണ്ട അപ്പോഴേയ്ക്കു വരും.

വ. വേ—എന്നാൽ അങ്ങിനെയാകട്ടെ. വിവരം ഞാൻ പെണ്ണിൻെറ വീട്ടുകാരെ അറിയിക്കാം അവക്ക് ആ ദിവസം സൗകര്യമെങ്കിൽ ഉടനെത്തന്നെ വിവാഹവും നടത്താം. എന്നാ ഞാൻ പോട്ടെ. (കുടനിവർത്തി കുറച്ചു നടന്ന് വീണ്ടും ചെന്ന്) അല്ലാ....ഗൗര്യേംമ്മേ....ഒരുറുപ്പിക കിട്ടിയാൽ തരക്കേടില്ലായിരു ന്നു. ഞാനങ്ങനെ ആരോടും ചോദിക്കാറില്ല. കയ്യിലെ കാശ്ശ് തീർന്നു. ബസ്സുകൂലിക്ക തെകേല്ല്യാം ഇന്നന്നെ അവിടെപ്പോയി കാര്യം തീരുമാനിക്കണമെന്നു വിചാരിച്ചാണ്.

ഗൗ—(ആലോചിച്ച്) ഉം....വേണ്ടതു വേണ്ടെ....ഉണ്ടോന്നു നോക്കട്ടെ. (പോകുന്നു. അല്പസമയശേഷം രൂപയുമായി വ ന്ന് വ. വേലുവിന്ന് കൊടുക്കുന്നു)

വ. വേ.—എന്നാ...., അങ്ങിനെയാകട്ടെ. ഈ ആഴ്ചയിൽ തന്നെ നമുക്ക കാര്യമങ്ങു നടത്തണം. (പോകുന്നു)

കർട്ടൻ

## രംഗം നാല്

[പരിയാരം ജോൺമുതലാളിയുടെ പറമ്പ്. വേലക്കാരനായ സുഗതൻ കൈക്കോട്ടുകൊണ്ട് വളപ്പ് വൃത്തിയാക്കുന്നു, കപ്പയ്ക്ക് മണ്ണിടുന്നു, നോട്ടം നനയ്ക്കുന്നു. മുഷിഞ്ഞ മുണ്ടും തലപ്പാവും മററും വേഷം.)

സുഗ—(ജോലിയെടുത്ത ശേഷം നെടുവീർപ്പിട്ട്) ഉം....സഹിക്കുകതന്നെ. (നെററിയിൽനിന്ന് വിയർപ്പ് വടിച്ച്) ഈ വിയർപ്പാകുന്ന മുത്തുമണിയുടെ അമൂല്യമായ വില ആരറിയുന്നു?

ലോകം ആ മുത്തുമണിയെ ചളിയിലേയ്ക്കു് വലിച്ചെറിയുകയാണു് ചെയ്യുന്നതു്. അതിൽ പരിഭവിച്ചിട്ടും, നിരാശപ്പെട്ടിട്ടും, വൈരാഗ്യമുണ്ടായിട്ടും, ദ്വേഷ്യപ്പെട്ടിട്ടും എന്തു ഫലം?....അവനവനു....വെച്ചിട്ടുള്ള വിധി....അവനവൻതന്നെ അനുഭവിക്കണം....മനുഷ്യജീവിതംതന്നെ....ഒരു സമരമാണല്ലോ....ഈ ജീവിതസമരത്തിൽ ....ധാർമ്മികമാർഗ്ഗത്തിൽക്കൂടെ....വിജയിക്കുവോളം .... പോരാടുക തന്നെ.

(ഇടയ്ക്കിടയ്ക്കു് വെള്ളം നനയ്ക്കുകയും മററു വേലകൾ ചെയ്യുകയും ചെയ്യുന്നു.)

ആശങ്കകൾക്കും ... ഭയത്തിനും....അതിൽ സ്ഥാനമില്ല.... (തലപ്പാവഴിച്ചു് വീശുന്നു, വീണ്ടും കെട്ടുന്നു) അങ്ങനെ ഉണ്ടാകുന്നതായാൽ ഈ ജീവിതപോരാട്ടത്തിൽ മനുഷ്യർ....പരാജിതരായിത്തീരും. "വർക്ക് വൈൽ യൂ വർക്ക്"—എന്നാണല്ലോ മഹദ്വചനം. ഇപ്പോഴെന്റെ കർത്തവ്യമിതാണു്. ആ കർത്തവ്യനിർവ്വഹണത്തിൽ മാത്രമേ ശാശ്വതശാന്തി സംജാതമാകുകയുള്ളു, ഞാൻ ബുദ്ധിമുട്ടിയാലും വേണുവിന്റെ ഉപരിവിദ്യാഭ്യാസലക്ഷ്യവും ഭാവിയും സ്മരിക്കുമ്പോൾ ഈ ക്ലേശങ്ങൾ എത്ര നിസ്സാരം. അതോർക്കുമ്പോൾ എന്റെ ഹൃദയം ആനന്ദതുന്ദിലമാവുകയാണു്. കുടുംബത്തിൽ ശാന്തിയും സ്നേഹവും സന്തോഷവും ഇതല്ലെങ്കിൽ അതുണ്ടാക്കുകയാണല്ലോ മാനവധർമ്മം. ഇവിടെയാണു് ഈ വിയർപ്പിന്റെ വിലയ്ക്കുള്ള അമൂല്യമായ സ്ഥാനം!!

(മുതലാളിയുടെ വീട്ടിൽനിന്നു് ഒരാൾ സുഗതനെ വിളിക്കുന്നു)

"ഹെയ്, സുഗതൻ........സുഗതാ........(സുഗതൻ ഉററുനോക്കുന്നു) ഏയ് .... സുഗതൻ....ഇവിടെ....വരൂ....ഒരെഴുത്തുണ്ടു്.... ഇതാ....ഉം....ഇങ്ങോട്ടു വരൂ........"

(തലപ്പാവഴിച്ചു് കുടഞ്ഞു് മുതലാളിയുടെ വീട്ടിലേയ്ക്കോടുന്നു....അല്പം കഴിഞ്ഞു് എഴുത്തുമായി പ്രവേശിക്കുന്നു.)

സുഗ—(സസന്തോഷം) നാട്ടിൽനിന്നാണെന്നാണു് തോന്നുന്നതു്. വല്ല വിശേഷവും ഉണ്ടായിരിക്കും. (കവർ പൊളിച്ച് എഴുത്തെടുത്തു വായിക്കുന്നു.)

തൈക്കാട്ടുശ്ശേരി,

5-6-'54,

എത്രയും പ്രിയപ്പെട്ട സുഗതാ,

കഴിഞ്ഞ മാസത്തിലാണല്ലോ നീ വീട്ടിൽനിന്നും പോന്നതു്. അതിനുശേഷമുള്ള നിന്റെ വർത്തമാനങ്ങൾ അറിയാൻ സാധിക്കാഞ്ഞതിൽ വ്യസനിക്കുന്നു....

പ്രിയ സുഗതാ, നിന്റെ കല്യാണകാര്യത്തെപ്പററി ആലോചിക്കുന്നുണ്ടു്. മിക്ക കാര്യങ്ങളും തീരുമാനത്തിലെത്തിക്കഴിഞ്ഞു. വടിവേലു ഇന്നാളൊരു ദിവസം ഇവിടെ വന്നിരുന്നു. അതേപ്പററി സുദീർഘം സംസാരിച്ചു. വിവാഹം എങ്ങനെയായാലും നടത്തിത്തരാമെന്നാണു് വടിവേലു പറയുന്നതു്. ആയിക്കൊള്ളട്ടെ. എനിക്കും തടസ്സമില്ല. നിനക്കു ലളിതയെ സ്വീകാര്യമാണെന്നാണല്ലോ പറഞ്ഞതു്. 20 പവന്റെ സാമാനവും 1000 ക. സ്ത്രീധനവും തരുമെന്നാണു് അദ്ദേഹം അറിയിച്ചതു്. ഈശ്വരകാരുണ്യം കൊണ്ടായിരിയ്ക്കും ഇങ്ങനെയെല്ലാം ഒത്തുകൂടിയതു്. അല്ലെങ്കിൽ ഈ ബന്ധുത്വം നടക്കുമോ? ഒരിയ്ക്കലുമില്ല. വേഗം തന്നെ വിവാഹത്തിനുവേണ്ടുന്ന ഏർപ്പാടുകൾ ചെയ്യാം. 10-ാം നു-യോടുകൂടി വിവാഹം നടത്താമെന്നു് പെണ്ണിന്റെ വീട്ടുകാരും സമ്മതിച്ചിട്ടുണ്ടു്.

അതുകൊണ്ടു്, നീ ഉടനെ ഇങ്ങോട്ടുവരണം. കല്യാണത്തിനുള്ള ഒരുക്കങ്ങളെല്ലാം ചെയ്യണ്ടേ? വേണു ഇന്നലെ ഇവിടെ വന്നു. അവൻ ബി. എ. പാസ്സായി. നീ നാളെത്തന്നെ വീട്ടിൽ വരണം. പിന്നെ ഒരു കാര്യം ചെയ്യണം. നമ്മുടെ സ്ഥിതി ഇങ്ങനെയാണല്ലോ. കല്യാണാവശ്യങ്ങൾ എങ്ങനെയാണു നടക്കുന്നതു്? ഇവിടെ ഒരൊററക്കാശു ഇരിപ്പില്ല. അതിനാൽ നീ ഒരു കാര്യം

ചെയ്യണം. മുതലാളിയുടെ പക്കൽനിന്നു എങ്ങനെയെങ്കിലും ഒരു 1500ക. കടംതരാൻ പറയുക. പാറമ്പ് പണയംകൊടുത്തോ, എങ്ങനെയെങ്കിലും പണം വാങ്ങുവാൻ ഉത്സാഹിയ്ക്കണം. മുതലാളിയോട് പ്രത്യേകം പറയൂ. സംഖ്യയുംകൊണ്ടു് നീ ഉടനെ വരണം.

ഞങ്ങൾക്ക് സുഖംതന്നെയാണ്. ഈശ്വരൻ അനുഗ്രഹിയ്ക്കട്ടെ. ശേഷം കാഴ്ചയിൽ.

എന്നു്,

സ്വന്തം അമ്മ,

ഗൗരി. (ഒപ്പ്)

സുഗ—(വിഷാദം, നെടുവീർപ്പിടുന്നു) ഉം.....ഈശ്വരാ,..... എന്തുചെയ്യും ?...............(അല്പംകഴിഞ്ഞ്) ഏതായാലും ഞാൻ ബുദ്ധിമുട്ടിയതിന്നുള്ള ഫലം ലഭിച്ചല്ലോ. വേണു ബി. എ. പാസ്സായി. എന്തെങ്കിലുമാകട്ടെ. ഇനിയെങ്കിലും ഈ വിയർപ്പിൻെറ ഫലം ഉണ്ടായാൽ മതിയായിരുന്നു............

മുതലാളിയെ എങ്ങനെ സമീപിക്കും?........1500ക. കടംതരാനായി എങ്ങനെ ഞാൻ ചോദിയ്ക്കും?........മുതലാളി സ്വതേ തന്നെ ഒരു പിന്തിരിപ്പനാണ്. മൂന്നാലുവർഷം ഇവിടെ വേല യ്ക്കുനിന്നതു് ഞാനായിട്ടാണ്. വേണുവിൻെറ പഠിപ്പിനെ ഓർത്തു കൊണ്ടോ ഇത്രയും ഞാൻ കഴിച്ചുകൂട്ടിയതു്........എന്തൊക്കെയാണോ വരാൻപോകുന്നതു്. ........എന്തെങ്കിലും ഒരുകാര്യം പറയാൻ പേടിയാകും. മുത്തുമുരടിച്ച മുതലാളിത്തത്തിൻെറ ആ മുഖത്തുനിന്നു് പുഞ്ചിരിയുടേയും, സ്നേഹമധുരമായവാണിയുടേയും കന്ദളങ്ങൾ എപ്പോഴെങ്കിലും പ്രത്യക്ഷപ്പെട്ടിട്ടുള്ളതായി ഞാനോർക്കുന്നില്ല. ........(നെടുവീർപ്പ്) ഉം........പോകുകതന്നെ.......... കാര്യംനടക്കണ്ടേ....മുതലാളി ഇങ്ങോട്ടേവരുന്നുണ്ടെന്നാ തോന്നുന്നതു്....(ജോലിചെയ്യുന്നു. അല്പം കഴിഞ്ഞ് മുതലാളി പ്രവേശിയ്ക്കുന്നു)

ജോൺ—നേരം പന്ത്രണ്ടുമണിയായല്ലൊ. പറഞ്ഞേല്പിച്ച പണിയൊന്നും തീൎന്നിട്ടില്ലേ? എന്തെടുക്കുകയായിരുന്നു ഇത്രനേരം?

സുഗ—മുതലാളി....ക്ഷമിയ്ക്കണം. ഏതാനും തീൎന്നുകഴിഞ്ഞു. ഇപ്പത്തന്നെ കഴിച്ചേക്കാം;

ജോ—വേഗമാകട്ടെ. ഇതുകഴിഞ്ഞിട്ട്, ആ പോത്തുങ്ങളേയുംകൊണ്ട് പാടത്ത് പൂട്ടുവാനുണ്ട്; കെട്ടൊ? (ചുററിനോക്കി) ഈ തോട്ടങ്ങളെല്ലാം നനച്ചുകഴിഞ്ഞോ?

സുഗ—ഉവ്....വ്വ്. (ഭയത്തോൽ എഴുത്തെടുത്ത്) മുതലാളി........വീട്ടീന്ന് ഒരെഴുത്ത് വന്നിട്ടുണ്ട്.

ജോ—ആക്കാ....?

സുഗ—എനിയ്ക്കാണ് അമ്മയുടെ എഴുത്താ. അനുജൻ.... ബി. എ. പാസ്സായത്രെ. അതിനും പുറമെ....ഒരു....കല്യാണകാൎയ്യവും ഉണ്ട്.

ജോ—ഉം....അതുംണ്ടോ? അതാക്കാണ്?

സുഗ—എനിക്കാണ്. ഈ മാസം 10–ാംനു-യാണ് വിവാഹം.

ജോ—നല്ലകാൎയ്യം. അതിനു വീട്ടിൽ പോകണമായിരിക്കുമല്ലൊ?. വേഗം വന്നേക്കണം?....

സുഗ—ഓ....വന്നേക്കാം. നാളെത്തന്നെ ചെല്ലാനാ എഴുത്തിൽ പറഞ്ഞിരിക്കുന്നത്. മാത്രമല്ല, കല്ല്യാണത്തിന്ന് ഞങ്ങളെ എങ്ങനെയെങ്കിലും സഹായിക്കണം.

ജോ—(തലയാട്ടി) ഉം....എന്തുസഹായമാണ് എന്നാൽ സാധിക്ക്യാ....? ആകെ പശിമയില്ലാത്ത നേരം. നിനക്കുതരേണ്ടുണ്ടു മാസത്തെ ശമ്പളംതന്നെ ഇവിടെ യുണ്ടോയെന്ന് സംശായാ....

സുഗ—അങ്ങനെ പറയരുത് മുതലാളി. എങ്ങനെയെങ്കിലും കുറച്ചു സംഖ്യ കടമായിത്തരണം. വീട്ടിലാണെങ്കിൽ ഒരു നിവൃത്തിയുമില്ല. ഒരു 150ക മുതലാളിയോടു ചോദിക്കാനായി പറഞ്ഞിട്ടുണ്ട്. ദയവായി........

ജോ—(തലയാട്ടി) 150/ രൂപായോ? നല്ലകാര്യമായിട്ടുണ്ടു്. ഇവിടത്തെ ആവശ്യങ്ങൾക്കുതന്നെ രൂപയില്ലാതിരിക്കുകയാണു്, എന്നിട്ടാണു് നിൻെറ കാര്യം?............

സുഗ—സാ....ർ അങ്ങനെ പറയുന്നതു വളരെ കഷ്ടമാണു്. ഞങ്ങൾ വല്ലാതെ കഷ്ടതയിലാകും. ഒരു മാസത്തിനുള്ളിൽ തിരിച്ചു തന്നേക്കാം. വേണമെങ്കിൽ ഞങ്ങളുടെ പറമ്പും വീടും പണയംതരാം. എന്നിട്ടെങ്കിലും ഈ കല്യാണാവശ്യങ്ങളെല്ലാം ഭംഗിയായി നടക്കണം....

ജോ—എന്നാ വിരോധല്ല്യാ. ഒരു മാസത്തിനുള്ളിൽ തിരിച്ചു തരണം. ഇല്ലെങ്കിൽ പറമ്പും വീടും നഷ്ടത്തിലായിത്തീരും.

സുഗ—തരാം സാറെ. തന്നുകൊള്ളാം.

ജോ—എന്നാൽ നോട്ടെഴുതിതന്നേയ്ക്കൂ....നാളെയാണെല്ലോ പോകുന്നതു്. അപ്പോഴെയ്ക്കും രൂപാതന്നുകൊള്ളാം.

സുഗ—ശരി............

(ജോൺ മുതലാളി പോകുന്നു...സുഗതൻ ജോലിയിൽ പ്രവേശിക്കുന്നു)

(നെടുവീർപ്പിട്ടു്)ഹോ....!....എൻറീശ്വരാ...........

കർട്ടൻ

## രംഗം അഞ്ചു്

['മുല്ലസ്കൂൽ' വേണം. സുഗതൻ ഒരു കസേരയിൽ വിഷാദിച്ചിരിക്കുന്നു. ലളിത കാപ്പി കൊണ്ടുകൊടുക്കുന്നു.]

ലളിത—ഇതാ....കാപ്പി....(മേശമേൽ വയ്ക്കുന്നു.) എന്താ....ഇങ്ങനെ വിഷാദിച്ചിരിക്കുന്നതു്?........എന്താണൊന്നും സംസാരിക്കാത്തതു്?

സുഗ—(നെടുവീപ്പിട്ടു്) ഉം....(ചിന്തയിൽനിന്നും വിരമിച്ചു നോക്കുന്നു) എന്തിനു സംസാരിക്കുന്നു? ജീവിതത്തിൽ സമാ

ധാനമെന്നുള്ളതില്ലെങ്കിൽ എങ്ങനെ സംസാരിക്കുവാൻ തോന്നും? അത്തരം ജീവിതം ഒരു നരകമായിത്തീരുന്നു.

ലളി—അങ്ങനെ വിചാരിയ്ക്കരുതു്. സുഖവും ദുഃഖവും കൂടി കലർന്നതാണല്ലൊ ജീവിതം. അതിൽ ജീവിതത്തെ നരകമാക്കുമ്പോഴാണു് അസമാധാനം ഉടലെടുക്കുന്നതു്. ജീവിതക്ലേശങ്ങളെല്ലാം സസന്തോഷം സഹിച്ചുകൊണ്ടു് ധർമ്മനിഷ്ഠമായ ഒരു മാർഗ്ഗത്തിൽക്കൂടെ പോകുന്നതാണു് പൌരുഷത്വത്തിന്റെ വിസ്മരിക്കുവാൻ സുസാദ്ധ്യമല്ലാത്ത ഏക സമ്പത്തു്.

സുഗ—(സഹതാപം) പ്രിയ ലളിതേ....ശരിയാണതു്. പക്ഷെ....ഈ കുടുംബത്തിന്റെ സ്ഥിതിയോർക്കുമ്പോൾ....ഞാനെന്തു പറയട്ടെ. ജലാശയത്തെ മലിനമാക്കുവാൻ ഒരു തുള്ളി വിഷം പോരെന്നുണ്ടോ? അതുകൊണ്ടു മാത്രമാണു് എന്റെ ഹൃദയം.........

ലളി—അതു ശരിയാണു്, പക്ഷേ നാമെന്തു ചെയ്യും! വന്നതെല്ലാംവന്നു. വേണുവിന്റെ ജീവിതപരിവർത്തനത്തിന്നുവേണ്ടി നാം ആവുന്നതും പരിശ്രമിയ്ക്കുക. അവനു ബുദ്ധിയുടെ കുറവൊന്നുമല്ലല്ലൊ—നല്ല ബുദ്ധിയുണ്ടു്. ഒരു പക്ഷെ, പഠിപ്പു് അധികമായതുകൊണ്ടുള്ള പരിണാമങ്ങളായിരിക്കാം.

സുഗ—അതാകാൻ പാടില്ല. പഠിപ്പുള്ളവരൊക്കെ ഈ ലോകത്തിൽ ഇത്തരത്തിലാണോ ജീവിക്കുന്നതു്? ബി. എ, ബി. ടി., എം. ഏ., ഓണേഴ്സ് തുടങ്ങിയ ഡിഗ്രികൾ സമ്പാദിച്ചിട്ടുള്ള മഹാന്മാർ സത്യത്തിന്നും, ധർമ്മത്തിന്നും വിരുദ്ധമായി മദ്യപിച്ചും, അസന്മാർഗ്ഗജീവിതമവലംബിച്ചുംകൊണ്ടാണോ നടക്കുന്നതു്?—അല്ല, പണ്ഡിതന്മാരും നല്ല ജീവിതമനുഷ്ഠിക്കുന്നുണ്ടു്. മറുപക്ഷത്തിൽ പിന്നെന്തിന്റെ ന്യൂനതയാണു്? സ്വഭാവസംസ്കാരത്തിന്റെ കുറവു്. വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം അതായിരിക്കണം. എന്നാൽ മാത്രമേ സത്യത്തിന്റേയും നീതിയുടേയും 'പൊൻകതിർ' എവിടേയും പ്രോജ്ജ്വലിയ്ക്കുകയുള്ളു. ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചുവെന്നു കരുതി സന്മാർഗ്ഗപരമായ സകലതും തെററാകണമെന്നില്ലല്ലോ.

ലളി—പക്ഷെ, ഒരുവൻ സാന്മാർഗ്ഗദൃഷ്ട്യാ ജീവിക്കുന്നുണ്ടെങ്കിലും പരിതസ്ഥിതികൾ അവനെ തിന്മയിലേക്കാകർഷിക്കുന്നുണ്ടെങ്കിലോ?

സുഗ—ആ പരിതസ്ഥിതിയെ പരിത്യജിക്കുവാനുള്ള അചഞ്ചലമനസ്ഥിതിയുണ്ടാകണം; ഇല്ലെങ്കിൽ അതുണ്ടാക്കണം. പ്രത്യേകിച്ച് ആധുനികലോകത്തിൻെറ പരിഷ്കരിച്ച പരിഷ്കാരങ്ങൾ മനുഷ്യജീവിതത്തെ പരീക്ഷിക്കുകയാണല്ലൊ. അതിൽ വിജയം നേടണമെങ്കിൽ സാന്മാർഗ്ഗികതത്വങ്ങളിൽ അടിയുറച്ച മനസ്ഥിതി അപരിത്യാജ്യമാണ്. ദുഷിച്ച കൂട്ടുകെട്ടുകളുടെ തിരത്തള്ളലുകളെ സത്യം ധർമ്മം എന്നീ പങ്കായംകൊണ്ടു തുഴഞ്ഞ് മുന്നേറുന്നതായാൽ മാനവജീവിതം ശാന്തിയുടേയും സന്തോഷത്തിൻേറയും ദിവ്യസുഗന്ധമേററ് ആത്യന്തം നിർമ്മലവും നിസ്തുലവും നിഷ്കപടവുമായിപ്പരിണമിക്കുന്നതാണ്.

(കുടിയനായ വേണുവിൻെറ പ്രവേശനശബ്ദം. പോ.... പോ....ട്ടോ....ആരണ്ടു്....എന്നീ ശബ്ദങ്ങൾ കേൾക്കുന്നു.)

ലളി—വേണു വരുന്നുണ്ടെന്നാ തോന്നുന്നതു്. ശബ്ദം കേൾക്കുന്നുണ്ടു്.

സുഗ—(തലയിൽ കൈകുത്തി) ഹോ....ഈശ്വരാ...പട്ടിണീം പാടും എന്തുറെ സഹിക്കാം. എന്നാൽ ഈ ദുസ്ഥിതി കണ്ടു് എങ്ങനെ ജീവിക്കും? കഷ്ടപ്പെട്ടു പഠിപ്പിച്ചതിൻെറ ഫലമാണോ ഇതു്? (ആലോചിച്ചിരിക്കുന്നു. മദ്യപാനിയായ വേണു പ്രാകൃതവേഷത്തിലും നിലത്തുവീണും ഉരുണ്ടും മുഷിഞ്ഞ വസ്ത്രം ധരിച്ചും അലക്ഷ്യമായി ഒരു വടി കൈപിടിച്ചു പ്രവേശിക്കുന്നു.)

വേണു—(ആംഗ്യങ്ങളാൽ) ആ ആ ആ....ര്....ആ....ന്ന്...ങ്ങ് ഏ!....ആര് ആണ്? എന്നെ മനസ്സിലായില്ലേ? ങ് ഏ.... ആരെ....ട.... വിടെ.... ആരെടാ.... ആരടവിടെ........ പ് പ്.... പോ....ടാ....(സ്റ്റേജിൽ അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നു.) (ചിരിക്കുന്നു) ഹ് ആ...ഹാ........പ് ഓടാ...., പ് ഓട...., പോട, പ് ഓട പോട...., പോട...., പട്ടി നീയ്—

ഉം, പോടേങ്ക്ട്....അത്, പ് ഓ....ട...., പ്....ഓ....ട, പ് ഓട, പ് ഓട, പ് ഓട, പോ൦ട പ꣕ നീയ്— (മൂന്നുതവണ) ഹ്ഹ൦....എന്ന്യയേ....ബിട്ബ്ബ്യ്സ്റ്റാൻ ബന്നിരിക്ക്ണ്....ചെക്കന്മാരേ...., ചെക്കന്മാര്..........(ജ്യേഷ്ഠൻെറ മുഖത്തുനോക്കി) നീയാ........(തലയാട്ടി) മൂത്ത....മൂത്തപ്പൻ ബന്നാ....ഒക്ക....ലാ.... കേട്ടോ....(ഗൗരവം) ഹ്ഹം....(ലളിതയോട്) മനസ്സിലായോ....ഏത്? മനസ്സിലായോന്ന്. (ചിരിക്കുന്നു, താളംപിടിച്ചും തല കുലുക്കിയും പാട്ടുപാടുന്നു.)

(മായപ്രമഞ്ചത്തിൽ....എ. മ.)

മായപ്രമഞ്ചത്തിൽ ആണെത്ര പെണ്ണെത്ര
ആളെത്ര, ആളെത്ര....നപുംസകലിംഗത്ര

(മട്ടു മാറി)

കോളേജു പഠിപ്പും പയനില്ലേ
അരയൊന്നു കയിച്ചാ, ബഹ്ഹുസുഖോം....
ട ട ടാം, ട ട ടാം, ട ട ടാം, ട ട ടാം
ട ട ടാം, ട ട ടാം (ആംഗ്യത്താൽ) കുടി...., കുടി....

(ജ്യേഷ്ഠനെ നോക്കി) ചേ....ചേ....ച് ഏട്ടാ....ഒരു കാര്യ്യം ബേണം, ഒരു കാര്യം ബേണം, വേണം. വേണന്ന്....ഏത്? ഒരു കാര്യോം....വേണോം....ന്ന്.

(പാട്ട് പാടുന്നു)

ആരെന്തും....പ് പ്പ പ്പറഞ്ഞോട്ടെ
ഞാനിതാ....പ്പറയുന്നൂ........
എനിയ്ക്കുത്തരം രൂപാതരേണ്ടാ .......

ഹ്ഹം....എന്തു പറയുന്നു. ഉം...വേഗമാട്ടെ. ഏത്? നിങ്ങടേയ് മൊകോം വീർപ്പും ഭാവോം കണ്ടോ ണ്ട് ഇയ്യള്ളോനെ.... നിക്കാൻ....പററു....ല്ലാന്ന്..........,

ലളി—(സസ്നേഹം) വേണൂ....നീ ഇവിടെ ഇരിന്നൊന്ന് ആശ്വസിക്കു്. എന്തു പാടായിരിക്കുന്നു?

വേ—അതേ....എന്നെ കളിപ്പിയ്ക്കണ്ട...ഞാം കുടിച്ചധിയായിട്ടല്ല പറേണേ. എനിയ്ക്കെൻറ കാര്യം നോക്കണം, അഞ്ഞൂറു രൂപാ തരണം, എന്നാ പറഞ്ഞേ.

ലളി—പ്രിയ വേണൂ....എന്താണിങ്ങനെ ജീവിക്കുന്നതു്? നാട്ടുകാരെല്ലാം എന്താണു പറയുക? ഒന്നു നല്ലപോലെ ജീവിയ്ക്കൂ വേണൂ........

വേ—(പുച്ഛം) ഹോ....ഈ മണവാട്ടീടെ ഒരു ഉപദേശം....ഞാനിപ്പ്....നടക്കുന്നതു് മോശായിട്ടാ—അല്ലേ? കണ്ണു കടിയേ...., കണ്ണുകടി.... നിങ്ങടെ....ഏതു്.... നിങ്ങടെ അടിമയായി ജീവിയ്ക്കാൻ ഇനി എന്നാൽ....പററൂല്ലാ....ന്ന്. പററൂല്ല....

നിങ്ങടേ്യ....ഒരുപദേശമൊന്നും ഈ വേണൂന് വേണ്ടാ—ട്ടോ. അതൊക്കെ പണ്ടായിരുന്നു. ഇതു് തു് തു് തു് ന്ന്...പറണതു് ഇരുപതാം നൂററാണ്ടാ....അണ്ടാ....ടി ബോം....ബും, ഹൈഡ്രിജൻ ബോംബും കണ്ടുപിടിച്ച കാലം....

ഞാനൊരു അടിമേപ്പോലിരിയ്ക്കാ....നിങ്ങള് തിന്ന് സുഖിയ്ക്ക്യാ....അല്ലേ?....ഇനി ഒക്കത്തില്ലാ....

ആയതുകൊണ്ടു്.... ചേട്ടാ....എനിക്ക് വല്ല ജോലീം....നോക്കണം. ഈ ബി. എ. പാസ്സായതും മററം വീട്ടിൽ സത്യാ...ഗ്രഹം എടുത്തിരിക്കാനല്ല; ഏതു? അഞ്ഞൂറു രൂപാ ഇപ്പത്തരണം. ഉം....എന്താ,...പറയ്ണേ?....

സുശ—(കണ്ണീർ തുടച്ച് സസ്നേഹം) എൻെറ പ്രിയ വേണൂ....നീ എന്താണിങ്ങനെ പറയുന്നതു്? എനിക്കിതിൻെറ അർത്ഥമൊന്നും മനസ്സിലാകുന്നില്ലല്ലോ. നിൻെറ ഈ ജീവിതം....എന്തു് ജീവിതമാണു്?....

വേ—അർത്ഥം മനസ്സിലാകുന്നില്ലല്ലേ? (ഗൗരവം) ഞാനേ....ചുമ്മാ വിട്ടല്ലാ....ഒരൊററണ്ണത്തിനെ ബാക്കിവെച്ചേക്കില്ല. എന്നോടു കളിയ്ക്കണ്ടാ...ചേട്ടനായാലും വേണ്ടില്ല, ചേട്ടിയായാലും വേണ്ടില്ല-ങ്ങ് ആ!.......

സുഗ—ദൈവമേ!...ഞാനെന്തു സമാധാനം പറയും? നീ ആരോടാണു സംസാരിക്കുന്നതു്? നിന്റെ വിദ്യാഭ്യാസോൽക്കർഷത്തിനുവേണ്ടി അഹോരാത്രം അത്യദ്ധ്വാനം ചെയ്തു തൊഴിലെടുത്ത നിന്റെ ഈ ജ്യേഷ്ഠനോടാണോ ഈ ധിക്കാരം, ഞാനെന്തു പിഴച്ചു? നിനക്കുവേണ്ടി ഞാനെന്തു തെററാണു ചെയ്തതു്....(സസങ്കടം) ഈ കുടുംബത്തിന്റെ പാരമ്പര്യവും അഭിമാനവും സംരക്ഷിക്കുവാൻ—നിത്യവൃത്തി സാധിക്കുവാൻ—നിന്റെ ഉപരിപഠനത്തിനു് സാങ്കേതികവും, സാമ്പത്തികവുമായ തടസ്സങ്ങൾ വിപാടനം ചെയ്യുവാൻ, മൂന്നാലഞ്ചുവർഷം മുമ്പേ മുതൽ പകലന്തിയാവോളം പട്ടിണിയാൽ കൂലിപ്പണിയെടുത്തു ദാരിദ്ര്യയാതനകളനുഭവിച്ചതിന്റെ ഫലമാണോ ഈ സമ്പാദ്യം? സോദരന്റെ ഉൽക്കർഷത്തിനുവേണ്ടി സകലതും പരിത്യജിച്ചിട്ടു് ഞങ്ങൾക്കു ലഭിച്ച പ്രതിഫലമാണോ ഇതു്? പ്രിയ വേണു, സമാധാനമായിരിയ്ക്കൂ; കുട്ടകരമായുള്ള ഈ മദ്യാസക്തജീവിതം പ്രത്യേകിച്ചു് നിന്റെ ഭാവിയെക്കൂടെ അപകടത്തിലാക്കുകയല്ലേ ചെയ്യുന്നതു്? ഈ മദ്യപാനത്തിൽനിന്നും ഒന്നു വിമുക്തനാകൂ. ഈ പഠിപ്പും മററും ഉള്ള സ്ഥിതിക്കു് നിനക്കു ഒരു നല്ല ജോലി ലഭിയ്ക്കും. ഇങ്ങനെ മദോന്മത്തനായി നടന്നാൽ ആരാണു ജോലി തരിക? ആക്കാണതിൽ താല്പര്യം? അതുകൊണ്ടു് പ്രിയ വേണൂ, സംസ്കാരബോധത്തോടുകൂടി ഒന്നു നല്ലപോലെ ജീവിക്കൂ. നിന്റെ അഭ്യുന്നതിയിൽ ഞങ്ങൾക്കും അതിയായ അഭിലാഷം ഉണ്ടാകാതിരിക്കുമോ?

വേ—(ദേഷ്യം. തലമാന്തുന്നു.) ഫൗ....ഫൗ....അരിശം വന്നിട്ടു പാടില്ല....ചേട്ടനോടാ....ഈ പറഞ്ഞതൊക്കെ....ഈ ഉപദേശമൊന്നും എനിക്കു കേൾക്കേണ്ട. ഉടൻ രൂപാ തന്നേച്ചാൽ മതി. വേദാന്തപ്രസംഗമൊക്കെ നിറുത്തു്.

സുഗ—വേണൂ....നീ എന്താണിങ്ങനെ പറയുന്നതു്? എവിടെന്നാണു് രൂപയുള്ളതു്? നമ്മുടെ സ്ഥിതി നിനക്കറിഞ്ഞുകൂടെ. ഈ വീടും പറമ്പും നമ്മുടേതായുണ്ടു്; ആ ജോൺ മുതലാളിയ്ക്കു

1500 കയ്യും പലിശയും കൊടുക്കാനുണ്ട്. ഒരു മാസത്തിന്നുള്ളിൽ തിരിച്ചുകൊടുത്തില്ലെങ്കിൽ നമ്മുടെ ഈ സ്ഥലംപോലും അവരുടെ ളത്തിലാകും. ഈ ചൊവ്വാഴ്ചയ്ക്ക് മാസമൊന്നു തികയും. എവിടെ നിന്നാണു രൂപാ കൊടുക്കേണ്ടതു്? അത്തരമൊരു പരിതസ്ഥിതിയിൽ നാമിരിക്കുമ്പോൾ നീ ഇങ്ങനെ പറഞ്ഞാൽ ഞാനെന്തു ചെയ്യും? വേണു....

(ഗൗരി പ്രവേശിയ്ക്കുന്നു)

ഗൗ—എന്താ....ഇവിടെ ഇത്ര ബഹളം. (മുഖങ്ങളിൽ നോക്കുന്നു) എന്താ വേണു ഇങ്ങനെ ദ്വേഷ്യപ്പെട്ടുനില്ക്കുന്നതു്? എന്താ സംഭവിച്ചേ....?

വേ—(ഗൗരവം) അമ്മേ....ഒരു കാര്യം വേണം. ഞാനിമ്മണി പ്രാവശ്യമായിപ്പറയുന്നു. നിങ്ങൾക്കടിമയാകാൻ ഇനി ഞാൻ വിചാരിക്കുന്നില്ല. എനിയ്ക്കു കുറച്ചു രൂപയ്ക്കാവശ്യമുണ്ട്. തരാത്ത പക്ഷം അതു വാങ്ങിക്കാനുള്ള മാർഗ്ഗം എനിക്കറിയാം.

ഗൗ—ഇതാണോ കാര്യം. അതിനെന്തിനാ ഇത്ര ദ്വേഷ്യപ്പെടുന്നതു്? രൂപാ ഇവിടെയുണ്ടെങ്കിൽ നിനക്കു തരാമല്ലോ?

വേ—'പത്രാസൊന്നും' എന്നോടെടുക്കേണ്ട. അതു നടക്കുകയുമില്ല. എങ്ങനെയെങ്കിലും രൂപ തരണം.

സുഗ—പ്രിയ വേണു, ഞാൻ യാഥാർത്ഥ്യം പറഞ്ഞു കഴിഞ്ഞു. ഇനിയും നിർബ്ബന്ധിക്കുയാണെങ്കിൽ എന്നെ എവിടെയെങ്കിലും കൊണ്ടുപോയി വിററു രൂപാ എടുത്തു കൊള്ളൂ. എനിയ്ക്കു സമ്മതമാണ്.

വേ—(ഗൗരവം) അതിനൊന്നുംപോകേണ്ട. സുഗമമായിട്ടുള്ള മാർഗ്ഗം ഇവിടെയുള്ളപ്പോൾ എന്തിനാ ഗഹനവും നിഷ്പ്രയോജനവുമായ വിഷയങ്ങളിലേർപ്പെടുന്നതു്? ഈ വീടും പറമ്പുമുണ്ടല്ലോ. പണമൊന്നും ഇരിപ്പില്ലെങ്കിൽ അതു വിററ് എനിയ്ക്കാവശ്യമുള്ള രൂപാ തന്നേയ്ക്കൂ....

സുഗ—(വ്യസനം) 'പണമൊന്നും ഇരിപ്പില്ലെങ്കിൽ വീടും പറമ്പും വിററ് ഞാനാവശ്യപ്പെട്ട രൂപാ തന്നേയ്ക്കൂ' എന്നോ?....

കഷ്ടം, എന്തിനാണതാലോചിക്കാൻ തന്നെ സാധിക്കുന്നില്ല. ഈ സ്ഥലം വില്ക്കുകയോ? തലയൊന്നു ചായ്ക്കുവാനുള്ള ഈ സ്ഥലം വില്ക്കണമെന്നാണോ പറയുന്നത്? (കസേരയിൽ ചിന്താധീനനായിരിക്കുന്നു.)

ഗൗ—എന്താ മകനെ ഇങ്ങനെ പറയുന്നത്. നിനക്കുമൊന്നാലോചിച്ചുകൂടെ. നിങ്ങളെല്ലാം പരസ്പരസ്നേഹത്തിൽ ജീവിക്കേണ്ടവരല്ലേ?

വേ—(ഗൗരവം) അതിനും വിഷമമാണോ? എന്നാൽ ഞാനും ഒരു കാര്യം ചെയ്യുവാൻ പോകയാണ്, ഞാൻ എവിടെയെങ്കിലും പൊയ്ക്കളയാം. എന്റെ കാര്യങ്ങളൊന്നും നിങ്ങൾക്ക് അന്വേഷിക്കയും വേണ്ട. അമ്മയും, ചേട്ടനും, ചേട്ടന്റെ ഭാര്യയും സുഖമായി ജീവിക്കാം, എന്നെക്കൊണ്ടുള്ള ഉപദ്രവവും ഇനി നിങ്ങൾക്കുണ്ടാകുന്നതല്ല. എനിക്കുള്ള ഭാഗമങ്ങു തന്നേച്ചാൽ മതി; ഞാൻ എവിടെയെങ്കിലും പൊയ്ക്കൊള്ളാം.

(ഗൗരിയും ലളിതയും ഭയചകിതരായി 'എന്ത്' എന്നു പറയുന്നു.)

സുഗ—(മുഖം വിവർണ്ണമാകുന്നു) എന്ത്?....ഭാഗമോ?........ (മോഹാലസ്യപ്പെട്ടു വീഴുന്നു).

(ഉടൻ ഗൗരി താങ്ങുന്നു. ലളിത തലയിണ കൊണ്ടുവന്നു വെയ്ക്കുന്നു; വീശുന്നു. വേണു അവജ്ഞാപൂർവ്വം വീക്ഷിക്കുന്നു.)

ഗൗ—(പരിഭ്രമം) ലളിതേ....വേഗം പോയി ഒരു ഗ്ലാസ് വെള്ളം കൊണ്ടുവരൂ....വേഗം, വേഗം. (ലളിത പോയി വെള്ളം കൊണ്ടുവരുന്നു) മുഖത്ത് തളിയ്ക്കൂ....(തെളിയ്ക്കുന്നു) കുറച്ചു വെള്ളംകൂടി കൊണ്ടുവാ. (കൊണ്ടുവരുന്നു) ഇങ്ങ്...തരൂ....(ലളിത ഗ്ലാസ് കൊടുക്കുന്നു, വീശുന്നു. ഗൗരി വെള്ളം വായിൽ ഒഴിച്ചുകൊടുക്കുന്നു, തളിക്കുന്നു, കാലുകൾ ഉഴിയുന്നു.)

വേ—ഈ 'ചപ്പടാച്ചികൾ' കൊണ്ടൊന്നും ഇളകുന്നവനല്ല ഈ വേണു.

ഗൗ—എൻെറ പ്രിയ വേണൂ, നീ എന്താണു അനീതി സംസാരിക്കുന്നതു്? നിനക്കുവേണ്ടി സർവ്വക്ലേശങ്ങളും അനുഭവിച്ച നിൻെറ ജ്യേഷ്ഠനോടു് ഇങ്ങനെയാണൊ പെരുമാറുന്നതു്? ഒന്നുപോലെ നടന്നു്, കളിച്ചു്, പഠിച്ചു്, സ്നേഹിച്ചു് ജീവിച്ച നിങ്ങൾ ഈവിധത്തിലാണോ കാര്യപ്രാപ്തി വന്നപ്പോൾ അനുവർത്തിക്കുന്നതു്. ഈ നീചസാഹസത്തിനു നിന്നെ ആരാണു പ്രേരിപ്പിച്ചതു്? ഈ പെരുമാററം നിൻെറ മാതൃഹൃദയത്തെ ക്ഷതപ്പെടുത്തുന്നതും നീയറിയുന്നില്ലേ? ഭാഗം വെക്കുവാൻ പറയാൻ നിനക്കു തോന്നിയല്ലോ മകനേ....? ആ രണ്ടക്ഷരം പറയുന്നതിനു നിനക്കു തോന്നിയല്ലോടാ മകനേ?

സുഗ—(മോഹാന്ധ്യം അല്പാല്പം മാറുന്നു. സ്വയം പറയുന്നു) വേണു....വേണൂ....വേണൂ....നീ പോകയാണോ?...വേണു....നീ പോയോ?....വേണൂ...

ഗൗ—സുഗതാ...ക്ഷീണമെല്ലാം മാറിയോ? സമാധാനിയ്ക്കൂ....വേണു പോയിട്ടില്ല—ട്ടൊ. ഇവിടെ നില്ക്കുന്നുണ്ടു്. (പതുക്കെ എണീററിരിക്കുന്നു. ഗൗരി പിടിക്കുന്നു.) വെള്ളം കുടിക്കണോ സുഗതാ?....(ലളിത വെള്ളം കൊടുക്കുന്നു. കുടിക്കുന്നു.)

സുഗ—(ശാന്തനായി) എൻെറ വേണൂ....എൻെറ പ്രിയ സോദരാ....ഇങ്ങോട്ടൊന്നു് നോക്കൂ....പ്രാണൻെറ പ്രാണനായ നിന്നെ...(കരയുന്നു)....

നിനക്കെന്നാണം ഇന്നാളംവരെ പാടുപീഡകൾ സഹിച്ചു്, നിനക്കു ഉയർന്ന വിദ്യാഭ്യാസത്തെ പ്രദാനം ചെയ്ത എന്നെ നീ വിട്ടുപിരിഞ്ഞു പോകുകയാണോ? സഹോദരസൗഹാർദ്ദത്തോടുകൂടി ഇത്രയും നാൾ നാം ജീവിച്ചിട്ടു് ഇപ്പോൾ നീ ഭാഗവും വാങ്ങിച്ചു് വിട്ടുപിരിയുന്ന കാഴ്ച ഞാൻ എങ്ങനെ കണ്ടു സഹിക്കും? പ്രിയ സോദരാ ഞാനെന്തു തെററു ചെയ്തു? അങ്ങിനെയാണെങ്കിൽ ഞാനും നിന്നോടൊന്നിച്ചു പോരുകയാണു്, നമുക്കൊന്നിച്ചു ജീവിക്കാം.

വേ—വേണ്ട, അത്ര പുണ്യമൊന്നും ചെയ്യേണ്ട. നിങ്ങളുടെ ഒരാശ്രയവും എനിയ്ക്കു വേണ്ട. നിങ്ങൾ സുഖമായി ജീവിച്ചുകൊള്ളൂ. എനിയ്ക്കെൻെറ കാര്യം നോക്കണം. ഉടൻ തന്നെ രോഗംവെച്ചേക്കണം.

സുഗ—(കരഞ്ഞു്, സസന്താപം) എൻെറ ഈശ്വരാ.... രോഗം.... (ഗാനം)

( ഹിന്ദി "ബർസാത്തിലെ" "ഛോഡ്കയാബാലം" എ. മ. )

തീന്നിടുമോകണ്ണീർ—മമ മാനസംഹാ! ശോകപ്രം
തകൻജീവിതമോ?—ഇനി എന്തുശാന്തി അണവതിന്നായ്
എന്തിതുവിധിനാഥാ!—ഞങ്ങളെന്തുകുററം ചെയ്തഹോ
വന്നിടുസ്നേഹമേ! നീ—നൽസ്നേഹദീപം ചൊരിവതിനായ്.

1 വരളുകയാണെൻ മാനസവാടി കൂരിരുളാകെ മൂടി
തളരുകയാണെൻ ദേഹിദേഹം വെടിയുവതെ
ന്തിനു മനുജാ....ഹാ!.... (തീന്നിടു....

2 മാമകഭാവി അർപ്പിതമായി—താവകഭാഗ്യമതായി
മാതൃഹൃദയവും സ്നേഹനിലയവും, ഭേദിച്ചതെന്തിനു
സഹജാ....ഹാ!....ഭേദി.... (തകൻ....

3 സവ്വസുഖങ്ങളും നേടുന്നമത്ത്യൻ—കണ്ണുനീർവന്നാലതെന്തു്?
സാഗരംതന്നിലെ പോളകൾപോലവേ ജീവിതം
നശിച്ചുപോമേ....ഹാ!....ജീവി.... (എന്തിതു....

4 സോദരബന്ധം സ്നേഹംപോലും ധൂത്തടിയാൽ
ധാമ്മികചിന്ത ഇല്ലെന്നുവന്നാൽ, ജീവിതമാററടി
നരകം....ഹാ!....ജീവി.... (വന്നിടു....

( കർട്ടൻ )

## രംഗം ആറ്

[ 'മുല്ലശ്ശേരിൽ' വസതി—സുഗതൻ ചിന്താധീനനായി അകത്തു് ഉലാത്തുന്നു. ക്ഷീണിതഗാത്രയായ ഗൗരി തലവേദനയായി ബഞ്ചിൽ ഇരിയ്ക്കുന്നു, ലളിത ശോകാകുലയായി നില്ക്കുന്നു.]

ഗൗ—ലളിതേ....ലളിതേ....

ലളി—എന്താണമ്മേ....

ഗൗ—ഇങ്ങോട്ടു വരൂ...

ലളി—(വരുന്നു) ഉം....എന്താണമ്മേ....

ഗൗ—ചൊറുക്കമുക്കി ഒരു തുണിക്കഷ്ണം കൊണ്ടുവരൂ...തലവേദന സഹിച്ചുകൂടാ....

(ലളിത പോയി ചൊറുക്ക പുരട്ടിയ ശീല കൊണ്ടുവന്നു് ഗൗരിയുടെ നെററിയിൽ ഇടുന്നു. വീശുന്നു)

സുഗ—(സസന്താപം) എന്റെ വേണൂ....നീ എന്തുകൊണ്ടാണു് ഞങ്ങളെ വേർപെട്ടതു്? ഞാൻ നിനക്കെന്തുപദ്രവമാണു ചെയ്തതു്. ഞാൻ നിന്നെ എത്രയധികമായി സ്നേഹിക്കുന്നുണ്ടെന്നുള്ളതു നീ അറിയുന്നില്ലേ? മൂന്നാലു ദിവസമായിട്ടും കാണുന്നില്ലല്ലോ....പ്രിയ വേണൂ ഞാൻ നിന്റെ വരവു പ്രതീക്ഷിച്ചിരിക്കുകയാണു്. നിന്റെ അവിവേകമായ ആ പ്രവൃത്തിമൂലം തൊഴിലെടുക്കുന്നതിന്നുകൂടി എനിക്കു സാധിയ്ക്കുന്നില്ല. എന്തുചെയ്യും? എന്റെ വേണൂ....നിന്നെ കൂട്ടുകാർ ചതിച്ചിരിയ്ക്കുകയാണു്. നീ വേഗം വരൂ....ഞങ്ങൾക്കു ഒരു സമാധാനം ലഭിയ്ക്കട്ടെ.

ഗൗ—മകനെ ഇങ്ങോട്ടു വരൂ....

സുഗ—എന്താണമ്മേ....തലവേദന മാറിയില്ലേ?....(നെററിയിൽ തൊടുന്നു)

ഗൗ—സുഗതാ...., നീ മുതലാളിയോടു് വിവരമെല്ലാം പറഞ്ഞോ?

സുഗ—ഉവ്വമ്മേ....എന്തുഫലം?....ഞാൻ ഇവിടെ നടന്ന വിവരമെല്ലാം പറഞ്ഞു. ഇനി ഞാനെന്തു ചെയ്യും? മുതലാളിയുടെ കടത്തിലേക്കു് സൂക്ഷിച്ചിരുന്ന പത്തുരൂപ്പിക നമ്മുടെ വേണുവിന്നു കൊടുക്കാനുണ്ടായ കാരണങ്ങളും അറിയിച്ചു. ഒരു മാസത്തോളമെങ്കിലും അവധിതരുവാൻ സന്മനസ്സുണ്ടാകണമെന്നു് കാലുപിടിച്ചു പറഞ്ഞിട്ടും ഒരു ഫലമുണ്ടായില്ല. അതിന്നു

വേണ്ടി ഞാൻ എന്തു തൊഴിലെങ്കിലും എടുത്തുകൊള്ളാമെന്നറിയിച്ചിട്ടും ജോൺമുതലാളി സമ്മതിച്ചിട്ടില്ല.

(ദുഃഖാകുലരായ ലളിതയും ഗൗരിയും പരസ്പരം നോക്കുന്നു.)

എന്തുചെയ്യാം. നമുക്കവെച്ചിട്ടുള്ള കഷ്ടതകൾ നാംതന്നെ അനുഭവിയ്ക്കണം. എല്ലാ ദുരിതങ്ങളും ഒത്തുവരുന്നുണ്ടല്ലോ. അച്ഛനാണെങ്കിൽ മരിച്ചു. തൽഫലമായി കൂടുതൽ കഷ്ടതകളും വന്നു. വേണുവാണെങ്കിൽ....(കരയുന്നു) നമ്മെ വിട്ടുപേക്ഷിച്ചു പോയി; കുടുംബത്തിൻെറ സ്ഥിതി ഇങ്ങനെയുമായി, ഇനി പോരാത്ത ദയനീയതകൾ വരുന്നേയുള്ളൂ. മുതലാളി എന്തൊക്കെയാണോ ചെയ്യാൻ പോകുന്നത്. ഈശ്വരാ....ഞങ്ങളെ രക്ഷിയ്ക്കണേ.

ഗൗ—ഒന്നുകൂടി പറഞ്ഞുനോക്കു സുഗതാ, ഞാനുംകൂടി വരാം.

സുഗ—എന്തു കാര്യമാണമ്മേ. ഒരു ഫലവുമില്ല. മുതലാളി ഒരു പൊടിക്ക് വിട്ടുതരുന്ന ഭാവമില്ല. പറഞ്ഞ അവധിയിൽ നിന്നു ഒന്നുരണ്ടു ദിവസം തെററിയേ ഉള്ളൂ. അപ്പോഴെയ്ക്കും പിളർന്ന വായുമായി വിഴുങ്ങാനാണു വരുന്നത്.

(ഒരു പൊല്ലീസും ഒരു ആമീനും കടലാസുകെട്ടുകളും ആധാരങ്ങളുമായി പ്രവേശിയ്ക്കുന്നു. ലളിത, ഗൗരി, സുഗതൻ ഇവർ ഭയപ്പെടുന്നു)

സുഗ—(ഭയന്നു്) ഇവിടെ...ഇരിയ്ക്കാം....

പൊല്ലീസ്—വേണ്ട...., വേണ്ട....ഇരിയ്ക്കേണ്ടാന്നും വേണ്ട. ഒരു ജപ്തിയുടെ കാര്യത്തിന്നാണു ഞങ്ങൾ വന്നിരിയ്ക്കുന്നത്.

ആമീൻ—(റിക്കാട്ടുകൾ നോക്കി) ഇതല്ലേ....മല്ലയ്യൽ ദേവദാസ് ഭാര്യ ഗൗരിയുടെ സ്ഥലം?

സുഗ—അതെ, ഇതുതന്നെയാണ്. എന്തിനാണാവോ?....

ആ—ഈ പറമ്പും വീടും ജപ്തിചെയ്യുന്നതിന്നാണു ഞങ്ങൾ വന്നിരിയ്ക്കുന്നത്. മാനമുണ്ടങ്കൽ കൊച്ചാപ്പു ജോണിന്നു് മല്ലയ്യൽ ദേവദാസ് സുഗതൻ കൊടുക്കേണ്ട 150ക യും. പലിശ

യും കൊടുക്കാത്തതിനാൽ ആ വകയ്ക്ക് ടി, സ്ഥലം ജപ്തിചെയ്തിരിയ്ക്കുന്നു.

ഗൗ—(പരിഭ്രമം) എന്ത്....ജപ്തിയോ?....(കരയുന്നു) ഈശ്വരാ....ഇതെന്താ കേൾക്കുന്നേ ...ഇതെന്തന്നീതി?....ഞങ്ങൾ....ഇനി ....എങ്ങനെ ജീവിയ്ക്കും?

ലളി—(കരഞ്ഞ്) ഒരു കാരുണ്യമെങ്കിലും ആ മുതലാളിക്ക് ഞങ്ങളുടെ മേൽ ഉണ്ടായില്ലേ?....ഞങ്ങൾ....തെണ്ടി....ക്കാണണമെന്നാണോ....ആ മുതലാളി....ആഗ്രഹിയ്ക്കുന്നത്?........

സുഗ—(സഹതാപം, തൊണ്ടയിടറൽ) ഏമാൻന്നേ....ഇതിനെന്തെങ്കിലും ഒരു....പോംവഴിയുണ്ടോ?....ഞങ്ങളെ രക്ഷിയ്ക്കണേ........

പൊല്ലീസ്—(ഗൗരവം) ഞങ്ങൾക്കതൊന്നും അറിഞ്ഞുകൂടാ. നിങ്ങൾ തെണ്ട്വോ....തെണ്ടാതിരിയ്ക്ക്വോ....എന്തെങ്കിലും ചെയ്തോളൂ....ഞങ്ങൾക്ക് ഞങ്ങളുടെ "ഡ്യൂട്ടി" നിർവ്വഹിയ്ക്കണം. നിങ്ങൾക്ക പുറത്തു കടക്കാം.

ആ—ഉം....ഉം....വേഗമാകട്ടെ, പുറത്തുകടക്ക്, വല്ലവരുടെ പണം നാണമില്ലാണ്ട് തിന്നുമ്പോളോർക്കണം, ഇപ്പോൾ വിലപിച്ചിട്ടെന്തു ഫലം, പണം ആളെക്കൊല്ലിയാണെന്നു മനസ്സിലായിട്ടില്ലേ....? കടക്ക്, കടക്ക്. വാതിൽ മുദ്രവച്ചു ഞങ്ങൾക്ക പോകണം.

സുഗ—(കരയുന്നു) ഏമാൻ....ന്നേ? ഞങ്ങളിനി എന്തുചെയ്യും (അല്പം കഴിഞ്ഞ്) ഉം...ശരി...എന്തൊക്കെയാണ് ജപ്തി ചെയ്തിട്ടുള്ളത്. വല്ലതും ഞങ്ങൾക്കുണ്ടെങ്കിൽ എടുക്കാമല്ലോ.

പൊ—ആമീൻ ആ ലിസ്റ്റൊന്നു വായിക്കൂ....

ആ—(വായിയ്ക്കുന്നു) പറമ്പിലെ അനുഭവങ്ങളും. വീടും വീട്ടുസാമഗ്രികളും, ഇതിനും പുറമേ....രണ്ട് കാള, ഒരു പശു, ആട് ഒന്ന്, കോഴിയാത്തൻ രണ്ട്, പിടക്കോഴി മൂന്ന്, കോഴികുഞ്ഞുങ്ങൾ പത്ത്, ഇത്രേ ഉള്ളൂ.

(ലളിതയും ഗൗരിയും കരയുന്നു. ലളിത ഗൗരിയെ പതുക്കെ എഴുന്നേല്പിക്കുന്നു. വേർപാടിന്റെ വിവിധ വികാരങ്ങൾ മൂന്നുപേരിലും പ്രത്യക്ഷപ്പെടണം.)

സുഗ—(കരഞ്ഞു്) അമ്മേ....

ഗൗ—(കരഞ്ഞു്) എന്റെ സുഗതാ....(തമ്മിൽ കെട്ടിപ്പിടിയ്ക്കുന്നു)

ആ—ഉം....ഉം....വേഗമാകട്ടെ. പുറത്തിറങ്ങ്,

പൊ—ഇനി വീടിന്നു പുറത്തുവെച്ചാകാം കരച്ചിലും മററും. ഇറങ്ങ്.

സുഗ—ലളിതേ...., അമ്മേ....പോകാം....വരൂ നമ്മുടെ വിധി ഇതാണ്....കരഞ്ഞിട്ടു പ്രയോജനമില്ല. ധാർമ്മികമാർഗ്ഗത്തിൽ നിന്നു് വ്യതിചലിയ്ക്കാതെ തെണ്ടിയിട്ടെങ്കിലും നമുക്കു ജീവിക്കാം. അമ്മേ വരൂ....ഞാനന്തു തൊഴിലെടുത്തിട്ടെങ്കിലും നിങ്ങളെ സംരക്ഷിക്കാം....വരൂ.... (സുഗതനും ഗൗരിയും ലളിതയും ആചരിച്ചുകൊണ്ടു് പതുക്കെപ്പതുക്കെ നടക്കുന്നു)

ആമീൻ—അപ്പോഴേ്...(ലളിതയെ നോക്കി) ആ....മാല... ഇവിടെ ഇട്ടേച്ചു പൊയ്ക്കോളൂ.

സുഗ—(ഗൗരവം) ഹെയ്...., നിങ്ങൾക്കു ആ ലീസ്റ്റിൽപ്പെറയുന്ന സാധനങ്ങളേ ജപ്തിചെയ്യാനധികാരമുള്ളൂ. പിന്നെ പററിയെങ്കിൽ പററട്ടെയെന്നു കരുതി സ്വർണ്ണം കാണുമ്പോൾ പററിച്ചെടുക്കാൻ ഉന്നാക്കേണ്ട. ഭീഷണിപ്പെടുത്തിയാൽ നടക്കുകയുമില്ല.

ഞങ്ങളിതാ, വീടുവിട്ടിരിക്കുന്നു. ഇനി നിങ്ങളുടെ "ഡ്യൂട്ടി" ചെയ്തുകൊള്ളുക.

(പോലീസും ആമീനും വീടും മററും പരിശോധിച്ചു് ബന്ധവസാക്കുന്നു; പുറപ്പെടുന്നു. നടുവിലെ കർട്ടൻ ഇടണം. സുഗതൻ, ലളിത, ഗൗരി ഇവർ പെരുവഴിയിൽ; വിലപിച്ചുകൊണ്ടു്)

ലളി—കരയാതിരിയ്ക്കുയമ്മാ....

സുഗ—(സഗൗരവം) കുടിയിറക്കൽ!....കുടിയിറക്കൽ!!....

ദുഷിച്ച മുതലാളിത്തത്തിന്റെ മുത്തുമുരടിച്ച--മൂർച്ചയേറിയ ദംഷ്ട്രകളുടെ ഘോരാട്ടഹാസത്താൽ ഉൽഭൂതമാകുന്ന കടും നികൃഷ്ടത!—കുടിയിറക്കൽ!!! അതിന്റെ ദയനീയ ശബ്ദശ്രവണമാത്രയിൽ എത്രയെത്ര പട്ടിണിപ്പാവങ്ങൾ ദുരിതക്ലേശങ്ങളുടേയും അസഹനീയ പ്രഹരങ്ങളുടേയും, മരണചക്രങ്ങളുടേയും ഗത്തത്തിലകപ്പെട്ടു പിടയുന്നില്ലാ?—മരിയുന്നില്ലാ?....ദുഷിച്ച മുതലാളിത്തപ്പിശാചുകളെ....നിങ്ങൾ നാട്ടിന്നു് എന്തിന്നുവേണ്ടി ജനിച്ചിരിക്കുന്നു? തൊഴിലാളികളുടേയും, പാവങ്ങളുടേയും, ദുരിതയാതനകളനുഭവിക്കുന്നവരുടേയും ചോര ഊറ്റിക്കുടിച്ചു് എലക്ട്രിക്ക് പങ്കയുടെ ശീതളമായ കാറ്റേററുകൊണ്ടു് പട്ടുമെത്തയിൽ, സുഖസുഷുപ്തിയിൽ ആറാടിക്കളിയ്ക്കുന്നതിന്നാണോ?—എന്നിട്ടു് തൊഴിലാളിവർഗ്ഗത്തെ അവജ്ഞാപൂർവ്വം അവലോകനംചെയ്തു് അവരെ പീഡിപ്പിക്കുന്നതിന്നാണോ നിങ്ങൾ അവതാരം ചെയ്തിട്ടുള്ളതു്?....(പുച്ഛം) ഹും....കുടിയിറക്കിയിരിക്കുന്നുപോലും. കടംവാങ്ങിയ രൂപാ നിശ്ചിത നിമിഷത്തിൽ നൽകാൻ കഴിയാഞ്ഞതിന്നു്. രണ്ടുദിവസത്തേക്കുകൂടി ക്ഷമിച്ചിരിക്കാൻ ആ ദുഷിച്ച മുതലാളിത്തത്തിന്നു് സാദ്ധ്യമല്ലത്രെ. ഈ പോക്കുപോയാൽ അധികംനാൾ ഈ മുതലാളിക്കു വാഴുവാൻ സാദ്ധ്യമല്ല. ഞങ്ങൾ തെണ്ടിപ്പെറുക്കി ജീവിച്ചുകൊള്ളാം.

പക്ഷെ, ഇത്തരം അനീതി ഇനി നടക്കുവാൻ പോകുന്നില്ല. ഇതു മുതലാളിത്തലോകത്തോടായിട്ടാണു പറയുന്നതു്....ഞങ്ങളും മനുഷ്യരാണു്. നിങ്ങളും മനുഷ്യരാണു്. ആരും ജനിക്കുമ്പോൾ സമ്പത്തുമായി വരുന്നില്ല—മരിക്കുന്നുമില്ല. അങ്ങിനെയെങ്കിൽ എല്ലാവർക്കും ജീവിക്കണം. അതിന്നുള്ള ഒരു പരിതഃസ്ഥിതി ഉള്ളവർ ഉണ്ടാക്കിക്കൊടുക്കണം. അതു ചെയ്യുന്നില്ലെങ്കിൽ മുതലാളിത്തലോകം വഷളത്വമായി പരിണമിക്കും, അധികകാലം കൊട്ടുന്തവയറുകളുമായി സമത്വസുന്ദരമായി സുഖിച്ചുവാഴാനും സാദ്ധ്യമല്ല. മുതലാളിത്തത്തിന്റെ പാവനധർമ്മം, തൊഴിലാളിവർഗ്ഗ

ത്തെ 'മരണക്കുഴി'യിലിട്ട് ദുഷിപ്പ മുതലാളിത്ത ഹസ്തത്താൽ ഇളക്കുകയല്ല. പ്രത്യുത, അവരെ പരിരക്ഷിക്കുകയാണ്. തൊഴിലാളിക്കുവേണ്ട കൂലികൊടുക്കാതെ പണം ഭണ്ഡാരത്തിലിട്ട് നിക്ഷേപിക്കുകയല്ല. പ്രത്യുതം, ശരിയായ ജീവനക്കൂലി നൽകി അവരെ ജീവിപ്പിക്കുന്നതാണ്; ഒട്ടിയ നിരവധി ലക്ഷം വയറുകളെ പുഷ്ടിപ്പെടുത്തുവാനുള്ള വിവിധ പോംവഴികളാരായുകയാണ്.

ഗൗ—(കരഞ്ഞ്) സുഗതാ....എന്തിനാ....ഇങ്ങനെ വെറുതെ പറഞ്ഞിട്ടു കാര്യം?....ഇനി നാമെന്തു ചെയ്യും? എവിടേക്കു പോകും?....എങ്ങനെ ജീവിക്കും?....

സുഗ—അമ്മേ...പ്രിയ ലളിതേ..., സമാശ്വസിയ്ക്കു.... ദൈവം നമ്മെ അനുഗ്രഹിക്കും....വരൂ....നമുക്ക് ഇരന്നിട്ടെങ്കിലും ജീവിക്കാം.

(പതുക്കെപ്പതുക്കെ സന്താപഗാനവുമായി നടന്നു പോകുന്നു. ലളിത, സുഗതൻ ഗാനമാലപിക്കുന്നു.)

(ഹിന്ദി 'ഗംഭിയെ മുസ്തഖിൽ' എ. മ.)

ദൈവമേ! ഞങ്ങളെങ്ങനെ ജീവിതം പോററുന്നു പാരിൽ
ദൈന്യതയല്ലയോ?–നീതിയിതുവോ?
വരദായക! നായകാ! കാണുക നീ ഘോരകൃത്യം
വർണ്ണനീയം സഹനീയമാണോ?

1 രോദനം, രോദനം നോക്കൂ....
കഷ്ടപ്പെടുന്നുണ്ട് പാവങ്ങളാം വിയർപ്പാൽ
കണ്ണീരിൻ മക്കളിവർക്കു കടുംമർദ്ദനം ഫലം സർവ്വവും
ഒട്ടും ദയയെന്യേ മുതലാളിവർഗ്ഗം—ദൈവമേ....

2 തൊഴിലാളർ നാടിന്റെ ജീവൻ
അവരറിയുന്നോ സുഖജീവിതത്തിൽ?
വേലകൊടുക്കുന്നില്ല, കൂലിപിടിച്ചുപററും ഉള്ള ഇടവും
ഒട്ടും ദയയെന്യേ മുതലാളിവർഗ്ഗം—ദൈവമേ....

3 പാരിടമാണിന്നിശേഷം
ക്ഷേമമതെല്ലാം തകൻ്നുള്ള വാസം (കഷ്ടമേ!
തെല്ലുതലചായ്ക്കാനോപോലും സ്ഥലം നൽകാത്ത ഇവർ
ഒട്ടും ദയയെന്ന്യേ മുതലാളി വർഗ്ഗം—ദൈവമേ....

കർട്ടൻ

## രംഗം ഏഴ്

[പക്ക എന്ന അപരനാമത്തിൽ നടക്കുന്ന വേണു, ഭൂപതി, ശേഖർ എന്നീ തസ്കരന്മാർ ഒരു ഊടുവഴിയിൽനിന്നുകൊണ്ട് സംഭാഷണം ചെയ്യുന്നു. തസ്കരന്മാക്ക് ചേന്ന വസ്ത്രധാരണവും പ്രകൃതിയും. കർട്ടൻ ഉയൻ്നശേഷം പ്രവേശിക്കണം.]

പക്ക—(പുറത്തുതട്ടി) മി. ശേഖർ....നാം വളരെ സൗഭാഗ്യവാന്മാരാ....കാരണമെന്തെന്നറിയോ?

ശേഖർ—അതെന്താ?

പ—അതാണറിയേണ്ടത്. ലോകത്തിലെ സർവ്വസമ്പത്തും നമ്മുടെ ഈ കൈപ്പിടിയിലാണു ഇരിക്കുന്നത്. നമ്മുടെ മുതല് സർക്കാർ ബാങ്കിലോ, സൗത്തിന്ത്യൻ ബാങ്കിലോ, ഇമ്പീരിയൽ ബാങ്കിലോ മററ സ്ഥാപനങ്ങളിലോ നിക്ഷേപിക്കേണ്ട ആവശ്യകതയില്ല. നമ്മുടെ സ്വത്തെല്ലാം ഓരോ ഉടമകളേയും ഏല്പിച്ചിരിക്കയാണ്. ഏത്?—മനസ്സിലാക്കണം.

(ഇതരർ 'മനസ്സിലായി, മനസ്സിലായി' എന്നു പറഞ്ഞു ചിരിക്കുന്നു.)

എന്താ ചിരിക്കുന്നത്? ഞാൻ പരമാത്ഥാ....പറേണേ. നമുക്കുവേണ്ടി അവർ വ്യവസായങ്ങളും മററും നടത്തുകയാണെന്നു മാത്രേ ഉള്ളു. ആവശ്യമുള്ളപ്പോഴം നമുക്ക് വേണ്ടുന്നതൊക്കെ കിട്ടും. കാറ്, ബസ്സ്, ലോറി, തീവണ്ടി, വിമാനം തുടങ്ങിയ എ

ല്ലാം വാഹനങ്ങളും നമ്മുടെ കസ്റ്റഡിയിലാണ്. പിന്നെന്തിന്നു ഭയപ്പെടണം. ഒരു ബുദ്ധിമുട്ടും കൂടാതെ സുഖിച്ച് നമുക്ക് ജീവിക്കാമല്ലോ. അതുകൊണ്ടാ....നാം ഭാഗ്യവാന്മാർ എന്നു പറഞ്ഞതു്. ഇപ്പ....തിരിഞ്ഞോ....

ഭൂപതി—(തലകുലുക്കി, ചിരിച്ച്) ഉവ്....വ്വ്....അതു ശരിയാണ്. മി. പക്ഷ, നമുക്ക തെണ്ടിച്ചുതരുന്നതിന്ന് എത്ര ജനങ്ങളാണെന്നോ ബുദ്ധിമുട്ടുന്നതു്. തൃശ്ശൂരക്ക് ചെന്നാ....അവിടെയുള്ള സ്വർണ്ണക്കടകൾ, ജൗളിപ്പീടികകൾ, സ്റ്റേഷനറി ഷോപ്പുകൾ, ഹോട്ടലുകൾ, പലചരക്ക കടകൾ, സിനിമാശാലകൾ, കമ്പനികൾ, ഇരുമ്പുകടകൾ തുടങ്ങിയ എല്ലാം തരം കടകളും നമ്മുടേതാണ്. അതിൻെറയെല്ലാം മുതലാളികൾ നാമാണ്.

ശേഖർ—തൃശ്ശൂര് മാത്രമല്ല. ഒല്ലൂര്, പുതുക്കാട്, കുന്നംകുളം, ഇരിഞ്ഞാലക്കട, ചാലക്കുടി, കൊല്ലം, കോട്ടയം, പാലായ്, ചങ്ങനാശ്ശേരി, ആലപ്പുഴ, തിരുവനന്തപുരം തുടങ്ങിയ തിരുകൊച്ചി സംസ്ഥാനം മുഴുവനും, ലോകം തന്നേയും നമ്മുടെ കീശയിലാണ്. അല്ലേ? അല്ലെങ്കിൽ അല്ലെന്നു പറഞ്ഞേക്കു.

ഭൂപ—(തലകുലുക്കി) അതെ. വാസ്തവം തന്നെ.

പ—യേസ്, യേസ്, ഐ എഗ്രി വിത്ത് യു.

ഭൂപ—പിന്നെപ്പോയിട്ട് ഒരു കാര്യമുണ്ട്. എന്താന്നുവെച്ചാൽ, നമുക്ക ചില പൊതുനിയമങ്ങളെല്ലാം ഉണ്ടായിരിക്കണം.

പ—യേസ്, യേസ്. അതേ. അതാവശ്യമാണ്. ചില ഇമ്പോർട്ടൻറ് റൂൾസ് നമുക്കാവശ്യമാണ്.

ഭൂപ—നമുക്ക ഈ ലോകത്തിൽ ജീവിക്കുവാൻ ഒരു അദ്ധ്വാനവും ആവശ്യമില്ലല്ലൊ. ദാരിദ്ര്യമില്ല, പട്ടിണിയില്ല, വിവിധക്ഷാമങ്ങളില്ല. വേണ്ടുന്നതെല്ലാം നമുക്ക സമൃദ്ധിയായുണ്ട്. ങ്ഹ്ഏ! ആ സ്ഥിതിക്ക്, നാമൊരുകാര്യം വേണം. സാധുക്കളുടെ പണം നാം കവച്ച് ചെയ്യേണ്ട. നാമതെടുക്കുന്നതു് വളരെ കഷ്ടമാണ്.

ശേഖ—അതു ശരിയാണ്. അവരെല്ലാം പണം സമ്പാദിച്ചു മുതലാളികളാകട്ടെ. അപ്പോഴാം നമുക്കു കണ്ണുവെയ്ക്കാം.

ഭൂപ—അതെ. മുതലാളികളെ മാത്രമേ നമുക്കു പിടികൂടേണ്ടു....

പ—എനിയ്ക്കു ഒരു കാര്യം പറയാനുണ്ട്. നമ്മളിൽ ആർക്കെങ്കിലും എന്തെങ്കിലും ആപത്തു പിണയുന്നതായാൽ മററുള്ളവർ ഉടൻ സഹായത്തിന്നായെത്തിച്ചേരണം. കിട്ടുന്നതെല്ലാം സമമായി ഭാഗിക്കുകയും വേണം.

ശേ—(ചിരിച്ച്) മി. പക്കു, പൊല്ലീസിൻെറ 'ലോക്കപ്പ്' മർദ്ദനം കിട്ടുമ്പോഴോ? അതും ഭാഗിക്കണോ?

പ—നിനക്കു തമാശ്. കാര്യം പറയേണ്ട നേരത്തു കാര്യം പറയണം. പണം കിട്ടിയാലത്തെ കാര്യമാണു ഞാൻ പറഞ്ഞതു്.

ഭൂപ—സുഹൃത്തുക്കളേ...., നാമിതുവരേയും സഹകരണാടിസ്ഥാനത്തിൽ സംഘടിച്ചു പ്രവത്തിച്ചു. ഇനിയും നാമതു തുടരണം. കളവിൽത്തന്നെ പല പല അടവുകളും നാം പഠിക്കേണ്ടതായുണ്ട്. കളവിൻെറ നാല്പത്തൊന്നു അടവുകളും പഠിച്ചു പയററിയാലേ ഈ ലോകത്തെ നമുക്കു കീഴടക്കുവാൻ സാദ്ധ്യമാകുകയുള്ളു. (ചൂണ്ടിക്കാണിച്ച്) ങ്ഹ് ഹാ!...അതാവരുന്നു. (മററുള്ളവർ നോക്കുന്നു) ഒരു സ്വർണ്ണവ്യാപാരിയാണാവരുന്നതു്. എവിടത്തുകാരനാണു മനസ്സിലായോ? പറഞ്ഞുതരാം.

(പുസ്തകം എടുത്തു പരിശോധിച്ചശേഷം)

ങ്ഹ് ഹാ....! കിട്ടിപ്പോയി. എറണാളത്തുകാരൻ. അവിടത്തെ ആ വെല്ല്യ കടയില്ലേ?

ശേ—(തലയാട്ടി) ഉവ്, ഉവ്വ്....

ഭൂപ--അവിടത്തെ ചരക്കാ....ദാ....വരുന്നതു്. അദ്ദേഹത്തിൻെറ പക്കലുള്ള പണം ഏററവും എളുപ്പമാർഗ്ഗത്തിൽ എങ്ങനെയാണ് കൈക്കലാക്കുന്നതു്? അറിയാമോ?

ശേ—ഉം....എനിക്കറിഞ്ഞുകൂടാ.

പ—(നെററി ചുളിച്ച്) അതെടുക്കാൻ വളരെ പ്രയാസമാണ്. അദ്ദേഹത്തിനു രണ്ടാമതൊന്നു കൊടുത്തിട്ട് പണം തട്ടിയെടുക്കാം.

ഭൂപ—അതു പാടില്ല. അതിലും എളുപ്പമാർഗ്ഗമുണ്ട്. ഞാൻ കാണിച്ചുതരാം. നമുക്ക ഒളിച്ചു നില്ക്കാം. നിങ്ങാം മറഞ്ഞു നിന്നാൽ മതി. ഞാൻ അടയാളം തരുമ്പോാം മാത്രം നിങ്ങാം വന്നാൽ മതി. (എല്ലാവരും മറഞ്ഞു നില്ക്കുന്നു. അല്പനിമിഷശേഷം സ്വർണ്ണവ്യാപാരി പ്രവേശിക്കുന്നു—വേഗം നടക്കണം. തൽസന്ദർഭത്തിൽ ഭൂപത് ഉടൻ അദ്ദേഹത്തിന്നെതിരായി വന്ന് കൂട്ടിമുട്ടുകയും ഇരുവരും നിലത്തു വീഴുകയും ചെയ്യുന്നു. അപ്പോാം താഴെ വീണ മണ്ണിപ്പേഴ്സ് ഭൂപത് കൈക്കലാക്കുകയും ഇരുവരും പതുക്കെ എഴുന്നേററ് പരസ്പരം നോക്കിക്കൊണ്ട് പിന്തിരിഞ്ഞു സ്ഥലം വിടുകയും ചെയ്യുന്നു. തദനന്തരം ഭൂപത് കൈകൊണ്ട് ചൂളം വിളിച്ച് കൂട്ടുകാരെ വിളിക്കുന്നു, പക്ക, ശേഖർ എന്നിവർ ചിരിച്ചുകൊണ്ട് പ്രവേശിക്കുന്നു.)

പ—(ചിരിച്ച്) ഹ് ആ....ഹ് ആ....ചിരിക്കവാൻ വയ്യാ....വീണു കഴിഞ്ഞിട്ടും അയാളുടെ തുറിച്ച നോട്ടം കണ്ടോ?.... (ചിരിക്കുന്നു) പാവം!

ഭൂപ—അങ്ങിനെയാണ് മണിപ്പേഴ്സ് പോക്കററടിക്കുന്നതിൻെറ 'തിയറി' മനസ്സിലായോ? ഇതുകൊണ്ട് രണ്ടു കൂട്ടർക്കും ഒരു ലോഹ്യല്ല്യം. (ഇരുവരും ചിരിക്കുന്നു.)

ഇതുപോലെ എത്രയെത്ര 'തിയറി'കളും വകുപ്പുകളും ഉപവകുപ്പുകളും ഉണ്ടെന്നോ—ഈ മോഷണ ഏർപ്പാടിന്നു്.

ശേ—അല്ലാ...., മണിപ്പേഴ്സിൽ എന്തുണ്ടെന്നു നോക്ക്.

ഭൂപ—(പേഴ്സ് തുറന്ന് നോട്ടുകളും ചില്ലറയും എണ്ണുന്നു) നൂററി അൻപതുരൂപ, പത്തണ, എട്ടുപൈപയുണ്ട്. ഇങ്ങനെയാണ് മേലനങ്ങാതെ സമ്പാദിക്കുക. (പണം ഭാഗിച്ചുകൊടുക്കുന്നു)

ഇനി നമുക്ക് പോക്ആ....അധികനേരം ഇവിടെ നില്ക്കുന്ന

ത്ത് ആപൽക്കരമാണ്, സമയവും വൈകിയിരിക്കുന്നു. ഇന്നത്തെ നമ്മുടെ പ്രോഗ്രാം (ചൂണ്ടിക്കാട്ടി) അവിടേയ്ക്കാണല്ലൊ.

പ—അത....തെ....ആ....“അവർ കൊട്ടേജി”ലേയ്ക്ക്. എന്നാൽ നമുക്ക് വേഗം പോകാം. താമസിക്കേണ്ടാ.....

(എല്ലാവരും പോകുന്നു)

കർട്ടൻ

## രംഗം എട്ട്

[ആലുവാ നഗരത്തിലെ ഒരാംതെരുവ്. തെരുവിൽക്കൂടെ വിവിധ കച്ചവടക്കാർ പോകുന്നു. ഐസ്ഫ്രൂട്ടുകാരൻ, പത്രബോയ്, ബി. എ. ക്കാരൻ, മിഠായിക്കാരൻ എന്നിവർ]

ഐസ്ഫ്രൂട്ടുകാരൻ—(വരുന്നു) ആ....ആ....ആ....(ഉറക്കെ) യി....സ്....ഫ്രൂ....ട്ട....യ്....(ശബ്ദംതാഴ്ത്തി)....സ്....കേ....ക്ക്....
(മൂന്നു തവണ)

(പോകുന്നു.)

പത്രബോയ്—(വരുന്നു) ഈ....ന്ന....ത്തേ....മാ....തൃ....ഭൂ....മീ....ീ....ീ....മന്ത്രി....മാ....രെ....ല്ലാം....രാ.... ജി.... വെ ....ച്ചു.... ഇന്നത്തേ....തൊഴിലാളി...മാതൃഭൂമി....മനോ....ര....മേ.... യ്....രാജിവെച്ചു....മന്ത്രി....മാരുടെ....സത്യാ....ഗ്ര .... ഹോം .... തൊഴിലാളി....വേണോ....തൊഴിലാളീ....(പോകുന്നു)

ബി. എ. ക്കാരൻ—(ഒരു സഞ്ചിയും മററം) പച്ചണ്ടി കുത്താനുണ്ടോ? പച്ചണ്ടീ....പച്ചണ്ടി കുത്താനുണ്ടോ....പച്ചണ്ടീ....

(ഒരു യാത്രക്കാരൻ വരുന്നു)

യാത്രക്കാരൻ—ഏ....യ്...., ഇടങ്ങഴിക്ക് എന്തു തരണം?

ബി. എ. ക്കാരൻ—(വിരലുനിവർത്തി) നാലണ, നാലണ തന്നാൽ മതി; നാലണ.

യാത്രക്കാരൻ—അതു കുറച്ചധികമാണല്ലോ. അല്ലാ...., നിങ്ങൾക്കു വേറെ തൊഴിലൊന്നും ഇല്ലേ? ഇതു മാത്രേയുള്ളു. കണ്ടിട്ട് നല്ല തരക്കാരനാന്ന് തോന്നുന്നുണ്ടല്ലോ.

ബി. എ. ക്കാരൻ—(നെടുവീർപ്പിട്ട്) ഉം....അതൊന്നും പറേണ്ടാ....സാറേ....എന്തു ചെയ്യാം. വെല്ല്യ മോഹങ്ങളെല്ലാം പ്രതീക്ഷിച്ച് ബി. എ. ഒരു കണക്കിന്ന് പാസ്സായി. എന്നിട്ടെന്തുണ്ടായി? ഒരിടത്തും ഒരു ജോലിയില്ല. ഒരു പോസ്റ്റ് ശിപായിടെ ജോലിയെങ്കിലും കിട്ടുന്നില്ല. വല്ലാതെ കഷ്ടപ്പെട്ടു. ഒടുവിൽ ഞാൻ തന്നെ കണ്ടുപിടിച്ച ഒരു തൊഴിലാ ഇത്. വയറ് എരിപിരി കൊള്ളുമ്പോൾ ബി. എ. ക്കാരനാണെന്നു പറഞ്ഞു ഇരുന്നതുകൊണ്ടെന്താ ഫലം? ഇന്നത്തെ ലോകത്തിൽ വല്ലോരു ഉദ്യോഗവും കിട്ടണമെങ്കിൽ സേവയും ശിപാർശയും കൈക്കൂലിയും മററും വേണം, അങ്ങനെ ഒരു പരിതസ്ഥിതി വന്നുചേർന്നത് ആരുടെ തെററാണ്? (യാത്രക്കാരൻ അത്ഭുതപ്പെടുന്നു)

എൻെറ തെററാണോ? എൻെറ തെററാണെന്നു പറയുകയാണെങ്കിൽ എങ്ങനെ അതു നീതീകരിയ്ക്കും? നോക്കുക. കള്ളത്തരവും ചതിയും ഉണ്ടെങ്കിലേ ഇന്നത്തെ ലോകത്തു ജീവിക്കുവാൻ സാധിക്കുകയുള്ളു എന്ന ഒരു പരിതസ്ഥിതി വന്നിരിക്കുന്നു. ആ പരിതസ്ഥിതി അങ്ങനെ ആക്കിയതാരാണ്? സ്വന്തം കാര്യം സിന്ദാബാദാക്കുന്നവരായ ഉദ്യോഗസ്ഥന്മാർ, വർഗ്ഗീയവാദികൾ, അവസരസേവകന്മാർ, കരിഞ്ചന്തക്കാർ, ജന്മിമാർ, മുതലാളിമാർ. പിന്നെ എങ്ങനെയാണ് സത്യത്തിന്നും ആത്മാർത്ഥതയ്ക്കും സ്ഥാനമുണ്ടാവുക? പക്ഷേ, ആ അനീതിയും അധർമ്മവും വിജയിക്കുവാൻ പോകുന്നില്ലെന്നു നമുക്കറിയാം, നിശ്ചയമായിട്ടും അതു വിജയിക്കുകയില്ല.

അതു തന്നെയാണ് എനിക്കും സമാധാനം. ഈ തൊഴില്ല കൊണ്ടും ഞാൻ അപമാനം വിചാരിക്കുന്നില്ല. ഏതു തൊഴിലെടു

ത്തെങ്കിലും മനുഷ്യർ ജീവിക്കണമല്ലോ. അതാണു പ്രശ്നം. ഇതരർ പരിഹസിച്ചേക്കാം. ഞാനതിൽ ഭയപ്പെടുന്നില്ല.

പക്ഷെ, പ്രസ്തുത കാലാവസ്ഥ മാറും. മാറിയില്ലെങ്കിൽ മാററും. ഇതു തന്നെയാണു് എൻേറയും വിചാരം. ഇന്നത്തെ ദുഷിച്ച മുതലാളിത്തത്തിന്നും, ദുഷ്പ്രഭുത്വത്തിന്നും ഒരറുതിവരുത്തി തൊഴിലാളിലോകത്തെ സമുദ്ധരിക്കുക ഇന്നത്തെ ഒരടിയന്തിര ആവശ്യമാണു്. അതിനായിരിക്കും ഞാനും പ്രയത്നിക്കുക.

സാ....റെ, പോകട്ടെ. എനിക്കു പലേടത്തും പോകാനുണ്ടു്. നാലു കാശു് എവിടെ നിന്നെങ്കിലും ലഭിക്കേണ്ടേ....

യാം—(ആലോചിച്ചു്) കഷ്ടം, കഷ്ടം....എന്നാൽ..., വരൂ.... നമ്മുടെ വീടു് ഇവിടെ അടുത്താണു്. കുറച്ചു പച്ചണ്ടി കാണും. വരൂ....

(രണ്ടുപേരും പോകുന്നു.)

ബി. എ. ക്കാരൻ—പച്ചണ്ടി കുത്താനുണ്ടോ....പച്ചണ്ടീ....

[ക്ഷീണപരവശരായ സുഗതൻ, ഗൗരി, ലളിത എന്നിവർ സസങ്കടം പതുക്കെപ്പതുക്കെ പ്രവേശിക്കുന്നു. വിജയൻ എന്നു പേരുള്ള തൻെറ മൂന്നു വയസ്സായ മകനെ സുഗതൻ തോളിലിട്ടിരിക്കുന്നു. കുട്ടി ഇടയ്ക്കിടയ്ക്കു് കരയുന്നു. നിർദ്ധനരുടെ വസ്ത്രധാരണം. സുഗതൻെറ ക്ഷൗരം ചെയ്യാത്ത ക്ഷീണിച്ച മുഖം. ഗൗരി ഒരു വടി കുത്തിപ്പിടിച്ചിട്ടുണ്ടു്.]

സുഗ—(സഹതാപം) കരയാതിരിക്കൂ...., വിജയാ....(കുട്ടിയെ....'രാ രാ രോ' എന്നു പാടി തലോടുന്നു )

ലളി—പ്രാണനാഥാ...., നാം എത്ര നാൾ ഇങ്ങനെ നടക്കും? വർഷം മൂന്നുനാലായല്ലോ. ആരാണു നമുക്കെല്ലാമാശ്രയം?

ഗൗ—(കരഞ്ഞു്) ഓ....ഈശ്വരാ....എന്തു സ്ഥിതിയിൽ ജീവിച്ചതാ; ഞാൻ....ഇപ്പോൾ പിച്ചപ്പാള എടുക്കുന്നതിന്നുപോലും ഇടയായല്ലോ എൻെറ ഈശ്വരാ...

സുഗ—(വിലാപം) കരയാതിരിക്കൂ അമ്മേ. ഈ ദുരിതങ്ങളെല്ലാം നമുക്കു സസന്തോഷം സഹിക്കാം. (കരഞ്ഞു്) ഈശ്വ

രൻ നമ്മെ പരിത്യജിക്കുകയില്ല. ഭിക്ഷയാചിച്ചും, കഞ്ഞിവെള്ളം ചോദിച്ചും, വഴിയരുകിലോ, ഉമ്മറങ്ങളിലോ, സത്രങ്ങളിലോ എവിടെയെങ്കിലും തല ചായ്ച്ചും ദിവസങ്ങൾ തള്ളിവിടാം. നമ്മൾ വല്ല തെററും ചെയ്തിട്ടുണ്ടെങ്കിൽ അതിൻെറയെല്ലാം പ്രായശ്ചിത്തമായിരിക്കാമിത്.

ലളി—ആരുടെ തെററ്? നമ്മൾ തെററ ചെയ്യേന്നോ?

സുഗ—ആരുടെ തെററായാലും ആർ കുററവാളിയായാലും നമുക്ക് അനുഭവിക്കേണ്ടതു നാം തന്നെ അനുഭവിക്കണം. കരയാതിരിക്കൂ ലളിതേ. വരൂ....നമുക്കു പോകാം. (വിജയൻ നിലവിളിക്കുന്നു. ആശ്വസിപ്പിക്കുന്നു; വിലാപഗാനം പാടുന്നു.)

("രാഗ്"—"ഹെമെരെ ദിൽകഹി ആരുചൽ" എ മ.)

കനിയുനീ, ഭാസരിൽ ഈശ്വരാ........
ജീവിതം ഈവിധം കാണുമോ?
ആശ്രയം തെല്ലുമേ ഇല്ലഹോ.......
(കനിയു........

പൊരിയും പാവങ്ങൾ പട്ടിണിയാൽ
പിടയും നേരത്തു എന്തീഗതി?
പാരമോ ലോകത്തിൻ മട്ടനം
പാവങ്ങൾ ലോകവേ വേണ്ടയോ?
പാതകം എന്തിതു സാദ്ധ്യമോ?
(കനിയു........

സമരമാണീലോക ജീവിതം
ഞങ്ങളാകേ വലഞ്ഞീവിധം
ഉണ്ണാനുടുക്കാനും ഇല്ലിതേ
പാർപ്പിടംതെല്ലതും പോയിതേ
ജീവിക്കാൻ യാതൊരു മാർഗ്ഗവും
(കനിയു........

ഗൗ—ഈശ്വരാ!....ഞങ്ങളെ ഈ ദുരിതഗർത്തത്തിൽനിന്നു രക്ഷിയ്ക്കണേ.......

സുഗ—അമ്മേ...., സമാധാനപ്പെട്ടു .... അനീതിക്കുവേണ്ടുന്ന ശിക്ഷനൽകുവാനും നീതിക്കു ആവശ്യമായ നന്മ പ്രദാനം ചെയ്യുവാനും കഴിയുന്ന ഒരു ജഗന്നിയന്താവു നമുക്കുള്ളപ്പോൾ നാമെന്തിനു ഭയപ്പെടണം? ആ ജഗദീശ്വരനു സാധിക്കും ആരാണ് തെററുചെയ്തിട്ടുള്ളതെന്നു തെളിയിക്കുവാൻ.

(ദേഷ്യവും സങ്കടവും കലന്ന്) ഒരുവശത്തു് മുതലാളിവർഗ്ഗം തിന്നുകുടിച്ച് മദിച്ച് സുഖിച്ചു ജീവിക്കുമ്പോൾ മറുവശത്തു ഒരു നേരത്തിനുപോലും ആഹാരമില്ലാതെ പട്ടിണിയാൽ നട്ടംതിരിഞ്ഞു വട്ടംകറങ്ങി കഷ്ടം ദുരിതമനുഭവിക്കുന്ന കാഴ്ച എങ്ങനെ കണ്ടുകൊണ്ടു നില്ക്കും?-അതെങ്ങനെ സഹിക്കും? അവർ മരിക്കാതെ മരിച്ചുകൊണ്ടു ജീവിക്കുന്നു. അറയിൽ നെല്ലും സെയ്ഫിൽ നോട്ടുകെട്ടുകളും, ശരീരത്തിൽ ആഭരണങ്ങളും, പുറത്തു സഞ്ചരിക്കാൻ മെക്കറിക്കാറും മററുമായി വൻമാളികകളിൽ അവതരിക്കുന്ന ധനാഢ്യർ, "വല്ലതും തരണേ" എന്ന പട്ടിണിപ്പാവങ്ങളുടെ ദീനരോദനത്തെ കേൾക്കുന്ന മാത്രയിൽ "ഇവിടൊന്നുമില്ല, ഇവിടെ ആളില്ല" "വല്ല തൊഴിലും നോക്കെടാ" "മേലനങ്ങാതെ തെണ്ടി ജീവിക്കാമെന്ന തരംകണ്ടു—അല്ലേ" എന്നും മററും പറഞ്ഞു് അധിക്ഷേപിച്ച് അവരെ ആട്ടിപ്പായിക്കുന്നു. നോക്കു—ഈ അനീതി എങ്ങനെ സഹിക്കും? തൊഴിലാളിവർഗ്ഗത്തോടു ഒരു ദയയും കാണിക്കാതെ, വേലചെയ്യിപ്പിച്ച്, കുറഞ്ഞ കൂലി നൽകി അവരെ നിരാശ്രയരാക്കുകയും അവരെ ചൂഷണംചെയ്തു് പണം കുന്നുകൂട്ടുകയും ചെയ്യുന്നു, മാത്രമോ?—നാലണയ്ക്കുപോലും ഗത്യന്തരമില്ലാത്ത പാവങ്ങളെ മട്ടിക്കുന്നു, കുടിയിറക്കുന്നു. (കരയുന്നു) കുടിയിറക്കുന്നുപോലും! ഹോ!....സാഹസം. അതെ അനീതി. ദുഷിച്ച മുതലാളിത്തമേ....നിങ്ങൾക്കു നാശം. അധികനാൾ നിങ്ങൾക്കു സുഖിച്ചു വാഴാൻ സാദ്ധ്യമല്ല. ഞങ്ങൾ അദ്ധ്വാനിക്കുന്ന തൊഴിലാളിവർഗ്ഗമാണ്. ഞങ്ങളുടെ ധാർമ്മികമായ സംഘടനാശക്തിയാൽ നിങ്ങളെ മുട്ടുകുത്തിക്കും. ഞങ്ങളില്ലാതെ നി

ങ്ങൾക്കു ജീവിയ്ക്കുവാനും സാദ്ധ്യമല്ല. കമ്മ്യൂണിസ്റ്റ്കളുടെ കൊള്ളയും കൊലയും തീവെപ്പും ഗറവ വഞ്ചനകളും കൂടാതെതന്നെ ഇന്നത്തെ ഈ ദുഷിച്ച മുതലാളിത്തലോകത്തെ ഒരു പാഠം പഠിപ്പിക്കുവാൻ സാധിക്കുമോയെന്നു ഞങ്ങൾ നോക്കട്ടെ....ഉം.... നിങ്ങൾ മാത്രമേ ജീവിക്കേണ്ടുവെന്നാണോ....നിങ്ങൾ സ്വപ്നം കാണുന്നതു്. ഇനിയതു സാദ്ധ്യമല്ല. ഞങ്ങൾക്കും ജീവിയ്ക്കണം. ഞങ്ങളും മനുഷ്യരാണ്.

(വിജയൻ കരയുന്നു; ആശ്വസിപ്പിക്കുന്നു)

കരയാതിരിക്കൂ മകനേ....അച്ഛൻ മിഠായി വാങ്ങിത്തരാം, കേട്ടൊ. കരയാതിരിയ്ക്കൂ (തലോടുന്നു, മുഖത്തു മുത്തുന്നു)

ലളി—നമുക്കെവിടേക്കെങ്കിലും പോകാം. വല്ലയിടത്തുനിന്നും തെല്ലു കഞ്ഞിവെള്ളം ചോദിക്ക്യാ. രണ്ടുമൂന്നു ദിവസമായല്ലോ നാം വല്ലതും കഴിച്ചിട്ട്. നമുക്കെങ്ങനെയെങ്കിലും പട്ടിണി സഹിയ്ക്കാം. ഈ കുഞ്ഞിനെ ഓർക്കുമ്പോൾ ഹാ....(കരയുന്നു)

സുഗ—(വിതുമ്പുന്നു) കരയാതിരിക്കൂ ലളിതേ....ഞാനെന്തു വേണം? എന്താണിതിന്നു പോംവഴി? ഏതായാലും നമുക്ക് ആലപ്പുഴയ്ക്കു പോയിനോക്കാം. അവിടെ കമ്പനികളും ഫാക്ടറികളും അധികമുള്ള രാജ്യമാണ്. നമ്മെ അറിയുന്നവരുണ്ടെങ്കിലോ? വല്ല തൊഴിലെങ്കിലും ഒരുപക്ഷേ കിട്ടിയേക്കാം, വരൂ....അമ്മേ....നമുക്ക്....പോകാം.

(ഒരു മിഠായിക്കാരൻ മൂളിപ്പാട്ടും തമാശകളുമായിവരുന്നു. തലപ്പാവ്, സഞ്ചി, പ്രത്യേക വസ്ത്രധാരണം എന്നിവ.)

മിഠായിക്കാരൻ—(തമാശ രൂപത്തിൽ) ങ് ഹാ.... ങ് ഹാ....എത്തിപ്പോയി....എത്തിപ്പോയീ.... ചൂടുള്ള മിഠായ്.... വരണം, വരണം....ആർക്കും തിന്നാവുന്ന നവരസമിഠായി....ങ് ഹാ.

വിജയൻ— അച്ഛാ....അച്ഛാ....മിഠായി....(ഞിളുന്നു.)

മിഠായിക്കാരൻ—

മിഠായ്...., മിഠായ്, പാലുമിഠായ്....

മിഠായ് വേണോ, മ്....ട്ടായ്...

പാല്യമിഠായ്, ബൊമ്പായ് മിഠായ്,

('അച്ഛാ' എന്നു പറഞ്ഞു് വിജയൻ സുഗതനെ തോണ്ടുന്നു.)

കുട്ടികളൊക്കെ, ക്ലാർക്കന്മാർക്കും, പുരുഷന്മാർക്കും, സ്ത്രീകൾക്കും, പെണ്ണുങ്ങൾക്കും, ആണുങ്ങൾക്കും, വൃദ്ധന്മാർക്കും, അപ്പൂപ്പന്മാർക്കും എല്ലാം തിന്നാവുന്ന (തൊട്ടിക്കൊണ്ടു്) ങ്ങ് ഹായി!....പേരു കേട്ട പാല്യമിഠായി....എല്ലാവർക്കും ഒരേ രസം.....ങ്ങ് ഹായി! ആർക്കും തിന്നാം. ആറുനൂറാൾക്കും തിന്നാം. മിഠായി!! വരണം, വരണം.

(മിഠായിക്കാരൻ വിജയനെ നോക്കിക്കൊണ്ടു്.)

(ഓം....ബചുവരുകെ....എ മ.)

ഓ....മിട്ടുമിട്ടുക്കേന്റെമിഠായിഷ്ടല്ലേ?

രസമുള്ള മിഠായ്, പഞ്ചാര മിഠായ്—ഓ....

സുഗ.—എന്താണ് വില?

മിഠാ—(ചിരിച്ച്) ഇതു മുഴുവനോ? അതു കഷ്ടമാണല്ലോ. ഈ മിഠായികൊണ്ടു് എല്ലാവർക്കും കൊടുക്കണം. മിഠായിക്കും റേഷൻ വന്ന കാലം....ഉം, നിങ്ങൾക്ക് എത്രയ്ക്കു വേണം?

സുഗ—കാലണയ്ക്കോ അരയണയ്ക്കോ....തരൂ....

മിഠാ—ശരി....(പാട്ടുപാടിക്കൊണ്ടു് മിഠായി നീട്ടിവലിച്ചെടുത്തു് വാച്ചിന്റെ രൂപത്തിലാക്കി വിജയന്റെ കയ്യിൽ കെട്ടിക്കൊടുക്കുന്നു. ഒരു ചെറുകഷ്ണം കവിളിലും വെയ്ക്കുന്നു. വിജയൻ സന്തോഷിക്കുന്നു; കവിളിൽനിന്നെടുത്തു് തൊട്ടിത്തിന്നുന്നു. പാടുമ്പോൾ കുറേ കുട്ടികൾ വന്നുചേരുന്നതു നല്ലതാണ്.)

(മലയാളം 'അച്ഛൻ'—'അമ്പിളിയമ്മാവാ' എ. മ)

1 കുട്ട്യോളേ—കുട്ട്യോളേ വാ, വാ, വാ....
മിഠായി തിന്ന വേണ്ടേ....
എങ്ങുപോകുന്നിവണ്ണം കരയേണ്ട
മിഠായി തന്നിടാം ഞാൻ....

2 തിന്നുപോയ് തിന്നുപോയ് രസമുള്ള
പഞ്ചാര പാല്യമിഠായ്

വല്ലതും നീ തരുകിൽ നല്ല നല്ല
മിഠായി ഞൊട്ടിടാമേ....

3 താരകപ്പെൺമണ്യോൾക്കും പുരുഷരും
രാജാക്കളും മന്ത്ര്യാൾക്കും
എന്തമ്മയല്ലമാരുകളും ഇക്കാണും
മിഠായി തിന്നുന്നുണ്ട്—കുട്ട്യോളേ....

സുഗ—എന്ത കാശാണ്?

മിഠാ—ആറ ചില്ലി....

സുഗ—ശരി....(കാശ്ശ് അരയിലും കീശയിലും തപ്പുന്നു. ഒരു തുണിക്കെട്ടഴിച്ച് അതിൽനിന്നു മടിശ്ശീലയെടുക്കുന്നു. അതിൽ നിന്നു ആറ് ഒററപ്പൈയായിട്ട് കൊടുക്കുന്നു.)

മിഠാ—(വാങ്ങിക്കുന്നു, നോക്കി ചിരിക്കുന്നു) കൊള്ളാം, കൊള്ളാം....നാട്ടിലൊരിടത്തും ചില്ലിക്കാതില്ലാത്ത ഇക്കാലത്തു.... ഇതെവിടെനിന്നു കെടച്ചു?

സുഗ—എന്താ....ചെയ്യാം? പാവങ്ങൾക്കും ജീവിയ്ക്കണ്ടേ? അല്ലാ...., ഇവിടന്നു ആലപ്പുഴയ്ക്ക് എത്ര ദൂരമുണ്ടെന്നറിയാമോ?

മിഠാ—(കൈകൊണ്ട് ആംഗ്യം കാണിച്ച്) ഏതാണ്ട് പത്തൻപതു നാഴിയ ഉണ്ടെന്നാണ തോന്നുന്നതു്....വേഗം പോകുകയാണെങ്കിൽ നാളെയെത്തിച്ചേരാം.

സുഗ—ശരി. വളരെ ഉപകാരം.

(മിഠായിക്കാരൻ 'മിഠായ്, മിഠായ്' എന്നും പറഞ്ഞു് പോകുന്നു.)

അമ്മേ....എന്നാൽ നമുക്കു ആലപ്പുഴയ്ക്കു പോകാം....വരൂ...., ലളിതേ....

ഗൗ—ഉം....ഈശ്വരാ....

(എല്ലാവരും വിലാപപൂർവ്വം പോകുന്നു.)

കർട്ടൻ

—:*:—

## രംഗം ഒമ്പതു്

[ആലപ്പുഴ നഗരപ്രാന്തത്തിന്നടുത്തു് കാട്ടുകളും മററും നിറഞ്ഞ ഒരു പ്രദേശം—ഭൂപതു്, പക്ക, ശേഖർ എന്നീ തസ്കരന്മാരുടെ ഗൂഢാലോചനകഠം.]

ഭൂപ—(അസുഖഭാവം) ഇന്നത്തെ കാര്യമൊന്നും പശിമയായിട്ടില്ലല്ലോ. എന്തു ചെയ്യണം?....ഈ സമയത്തു് ആലപ്പുഴയ്ക്കു പോകുന്നതു് ആപത്താണു്.

പ—അതേ. അതു ശരിയാണു്, നമ്മെ പിടിക്കുവാൻ പൊല്ലീസുകാർ സർവ്വ ശ്രമങ്ങളും നടത്തുന്നുണ്ടു്. അല്പസമയംകൂടി നമുക്കിവിടെ വിശ്രമിച്ചു് രാത്രിയായതിന്നുശേഷം അങ്ങോട്ടു് വേഷംമാറിപ്പോകാം.

ശേ—അതെ, അതുമതി; ഇപ്പോഠം അങ്ങോട്ടു പോകേണ്ട. ഇന്നലെ ഇടിവണ്ടി റോന്തുചുററുന്നതു ഞാൻ കണ്ടു.

പ—ആ ആ്....ഹാ!....മി. ഭൂപതു്, നമുക്കല്പസമയംകൂടെ ഇവിടെ നില്ക്കാം....സ്റ്റൂം വിടേണ്ട സമയവുമാണു്. വല്ല സ്വർണ്ണമാലയോ മററോ കിട്ടിയെങ്കിൽ നമ്മുടെ കാര്യം മെച്ചമായില്ലേ? അതേ....; നമുക്കൊരു കാര്യംവേണം. ഇവിടെ അടുത്തു താമസിക്കുന്ന ആ വെല്ല്യ മുതലായിയില്ലേ....

ശേ—അതാരാണു്?

പ— (ഓർമ്മിക്കുന്നു) ആ!.... എന്തു .... നാം....പേ....രു്....; മ്....മ്....മോ....ഞ്ഞ് ആ! കിട്ടി.

ശേ—എന്തുന്നാ

പ—മോഹർ....ആലപ്പുഴയിലെ വലിയ മുതലാളിയാ. അദ്ദേഹത്തിൻെറ മകൻ ഇവിടത്തെ ഹൈസ്കൂളിലാണു പഠിയ്ക്കുന്നതു്. സ്വർണ്ണമാല, മോതിരം, റിസ്റ്റ് എന്നിവ അവൻ ധരിച്ചിട്ടുണ്ടു്. ഈ വഴിക്കാണു് പോവുക. നമുക്കതെല്ലാം തട്ടിയെടുക്കണം, എന്താ?

ഭൂപ—അതെ. തരക്കേടില്ല.

പ—എന്നാൽ നമുക്ക് ഇവിടെ ഇരിക്കാം. യാത്രക്കാരെപ്പോലെ സംഭാഷണം നടത്താം.

(വലതു കൈമുഷ്ടികൊണ്ട് ഇടതുകൈയ്യിൽ ഇടിച്ച്) ങ്ഹാ!....അതാ...വരുന്നു. (ഇതരർ നോക്കുന്നു) അതാ....വരുന്നു. തനിയേ ഉള്ളൂ. എന്തെങ്കിലുമാകട്ടെ. അവനെ ഇന്നു ശരിപ്പെടുത്തണം.

ഭൂപ—ഉപദ്രവിക്കുകയൊന്നും വേണ്ട. നമുക്കാ സാധനങ്ങൾമാത്രം എടുത്താൽ മതി.

പ—വേണ്ട...എന്നാൽ വേണ്ട. എന്നാൽ ഒരു കാര്യം ചെയ്യാം. ആ മോഹർ മുതലാളി കുറച്ചു ബുദ്ധിമുട്ടട്ടെ. അവനെ ഇവിടെ പിടിച്ചു കെട്ടിയിട്ടു നമുക്കു പോകാം. (ഇതരർ ചിരിക്കുന്നു) മതി. മതി. മിണ്ടാതിരി. അടുത്തു വരാറായി.

(മൂന്നുപേരും 'രാഷ്ട്രീയം' പറയുന്നു. തദനന്തരം അരവിന്ദ് എന്ന വിദ്യാർത്ഥി (14 വയസ്സ്) പ്രവേശിക്കുന്നു. പക്കു എഴുന്നേറ്റ് വിദ്യാർത്ഥിയെ സമീപിക്കുന്നു)

പ—(സസ്നേഹം) കുട്ടീ...., സമയമെത്രയായി?

അരവിന്ദ്—(റിസ്റ്റ് നോക്കി) നാലേ...മുപ്പത്തഞ്ച്.

പ—ഓ...,സമയം അധികമായല്ലോ....(തോളിൽപിടിച്ച്) അല്ലാ, കുട്ടി ഏതു ക്ലാസ്സിലാണു പഠിക്കുന്നത്.

അര—ഫോർത്ത് ഫോമിൽ....

പ—ആ ആ ....ഹാ....ഫോർത്തുഫോമിലാ പഠിക്കുന്നത്. ആളു കൊച്ചുമിടുക്കനാണല്ലോ. കുട്ടിയുടെ പേരെന്തുന്നാ?....(മാല പൊട്ടിക്കാൻ ശ്രമിക്കുന്നു)

അര—എന്റെ പേര്...അരവി...എയ്, തോളിൽനിന്നു കയ്യെടുക്കൂ....എന്താ ചെയിൽ പൊട്ടിക്കാൻ നോക്കുന്നേ....?

പ—ശ്രമിക്ക്യല്ല, കുട്ടീ പൊട്ടിക്കാനാണ് ഉത്സാഹിക്കുന്നത്. പൊട്ടിക്കേണ്ടെങ്കിൽ കുട്ടി ആ മാലയും മോതിരോം റിസ്റ്റും എനിക്കു തന്നാൽ മതി.

അര—(ദ്വേഷം) പോടോ....താൻ....നിങ്ങളുടെ അപ്പൂപ്പൻെറ മുതലാണോ ഇതു്? ഉം....കക്കാൻ നടക്കുന്നു. വല്ല ജോലീം പണീം എടുത്തുകൂടെ? വിയർപ്പിൻെറ വിലയറിയാതെ തടിമാടന്മാരായി നടക്കും....കക്കണ വർഗ്ഗം!

ശേ—ആരെടാ....കക്കണ വർഗ്ഗം? പിടിയടാ....അവനെ.

അര—ഇങ്ങോട്ടുവാ; എന്നെ പിടിയ്ക്കാൻ. (കല്ലെടുത്തു്) ഈ ഉരുളൻ കല്ലുകൾകൊണ്ടു് നിങ്ങളുടെ കണ്ണുകളെല്ലാം എറിഞ്ഞു വീഴ്ത്തും. ധൈര്യമുണ്ടെങ്കിൽ വാ (എറിയാൻ ശ്രമിക്കുന്നു. തസ്കരൻ ബാലനെ പിടികൂടുന്നു. അരവിന്ദ് നിലവിളിക്കുന്നു. പക്കു മാല, മോതിരം, റിസ്റ്റ് എന്നിവ അഴിച്ചെടുക്കുന്നു.)

പ—ഇവനെ വെറുതെ വിട്ടുകൂടാ....(അരവിന്ദിനെ ഒരു മരത്തിൽ ഒരു മുണ്ടുകൊണ്ടു് പിടിച്ചുകെട്ടുന്നു. കുട്ടി വാവിട്ടുകരയുന്നു; കുതറുന്നു. ആ ബഹളത്തിന്നിടയിൽ സുഗതൻ, ലളിത, ഗൗരി എന്നിവർ തസ്കരസംഘത്തെ കാണുകയും ഓടിയടുക്കുകയും ചെയ്യുന്നു.)

സുഗ—(സഗൗരവം) ആരെടാ....നില്ക്കടവിടെ. (പിടികൂടുന്നു. ഭൂപതു്, ശേഖർ എന്നിവർ ഓടിപ്പോകുന്നു. പക്കുവിനെ പിടിച്ചു് മരത്തിൽ കെട്ടിയിടുന്നു. അരവിന്ദിനെ മോചിപ്പിക്കുന്നു. ലളിതയും ഗൗരിയും ബാലനെ പരിചരിക്കുന്നു.)

എന്തടാ....ഈ പച്ചപ്പകലും കക്കാൻ നടക്കുന്നോ. ആണുങ്ങളൊന്നും ഇന്നാട്ടിലില്ലെന്നാണോ വിചാരിച്ചതു്? ആങ്ങ്...ഹാ.... എന്തൊക്കെയാണെടാ-നീ എടുത്തതു് (അടിക്കാനോങ്ങി) വെയ്ക്കടവിടെ.-ഉം...

പ—(കരഞ്ഞു്) ഒന്നും എടുത്തിട്ടില്ല സാറേ....

സുഗ—(അടിക്കുന്നു) വെയ്ക്കടവിടെ....(പക്കുവിൻെറ കീശയിലെല്ലാം തപ്പുന്നു. വസ്തുക്കൾ കണ്ടുകിട്ടുന്നു.)

നീ എടുത്തിട്ടില്ല—ല്ലേ....(അടിക്കുന്നു.) ഇനി വല്ലതുമുണ്ടോ....? (ബാലനോടു്) കുട്ടിയുടെ പേരെന്താ?

അര—എൻെറ പേരു്—അരവിന്ദൻ.

സുഗ—അരവിന്ദാ....ഇനി വല്ലതും ഇവനെടുത്തിട്ടുണ്ടോ?

അര—ഇല്ല. ഇതേയുള്ളു.

സുഗ—(മാല, മോതിരം, റിസ്റ്റ് കൊടുത്തു്) അരവിന്ദാ ഇവൻ നിന്നെ ഉപദ്രവിച്ചോ?

അര—തല്ലേം കഴുത്തു പിടിച്ചു ഞെക്കേം ഒക്കെയുണ്ടായി.

സുഗ—ങ് ഹാ—അമ്പോ....നിങ്ങടെ ഒരു തെമ്മാടിത്തം. കാണിച്ചുതരാം. അതേ, അരവിന്ദാ...., നിൻെറ വീടെവിടെയാ?

അര—രണ്ടു ഫർല്ലോങ്ങുകൂടെ പോകണം.

സുഗ—എന്നാൽ നീ വേഗം പോയി അച്ഛനേം മററും വിവരം അറിയിച്ചു വേഗം വരാൻ പറയു. ഞാനിവിടെ നില്ക്കാം. നീ....തന്നെ പോകോ?

അര—ഉവ് വ്വ്, ഞാൻ തന്നെ പൊയ്ക്കൊള്ളാം.

സുഗ—വേണ്ട. തനിയേ പോകേണ്ട. ഒരു കാര്യം ചെയ്യാം. ലളിതേ...., നീയുംകൂടി, ഒന്നു കൂടെപോ....വിവരമെല്ലാം അറിയിക്കു....(പൊലീസിൽ വിവരമറിയിക്കാൻ സ്വകാര്യമായി പറയുന്നു, അരവിന്ദ് സഞ്ചിയും പുസ്തകങ്ങളുമെടുത്തു് ലളിതയോടൊന്നിച്ചു പോകുന്നു.)

പ—എന്നെ വിടണം സാ....റേ...., സാറെ ഞാനിനി ഒന്നും ചെയ്കയില്ല സാറേ....

സുഗ—(തസ്കരനെ സംശയദൃഷ്ട്യാ അല്പനേരം നോക്കുന്നു.) ഹും....നിന്നെ ഇനി വിടണമല്ലേ? കാണിച്ചുതന്നേക്കാം. ഇനി നീ കക്കുകയില്ല. എടോ....തൻെറ പേരെന്താ?

പ—(സഗൗരവം) തനിക്കറിഞ്ഞിട്ടു് കാര്യമെന്താ? നിങ്ങളുടെ തൊഴിലുനോക്കി പൊയ്ക്കോളു.

സുഗ—(ദേഷ്യം) എൻെറ തൊഴിലാണിതു്. (പ്രഹരിക്കുന്നു) പറയടാ....പേരു്?

പ—അടിക്കല്ലേ....സാറേ...പറയാം, പറയാം. പക്ഷെ എന്താണെൻെറ പേർ.

സുഗ—നിൻെറ സ്വന്തം രാജ്യമെവിടേയാണ്? ഉം....

പ—തൃപ്പൂണിത്തുറ.

സുഗ—നീ എന്താ ഇങ്ങനെ നടക്കുന്നേ....മാനമായി വല്ല തൊഴിലും എടുത്ത് ജീവിച്ചുകൂടെ. ഈ പോലീസുകാരുടെ ഇടീം തൊഴീം കൊണ്ടുകൊണ്ട് എന്തിനാ നടക്കുന്നത്?

പ—ഇനി ഉണ്ടാവില്ല സാറെ. എന്നെ വിട്ടയക്കു....സാറെ.

(രണ്ടു പൊല്ലീസ്, മജിസ്ട്രേററ്, മോഹർ, ലളിത, അരവിന്ദ് എന്നിവർ പ്രവേശിക്കുന്നു.)

അര—(മുമ്പിൽവന്ന്) അച്ഛാ...., അച്ഛാ....ഇതാ കള്ളനെ കെട്ടിയിട്ടിരിക്കുന്നു. ഈ കള്ളനാണ് എൻെറ ചെയിനും വാച്ചും മോതിരോം പിടിച്ചുവലിച്ചെടുത്തത്.

മജി—ഇവനാണോ? (നോക്കുന്നു) ങ് ഹാ!....നീയാണോ? നിന്നേയും നിൻെറ കൂട്ടുകാരേയും പിടിക്കുവാനാണ് ഞങ്ങാം സകല ശ്രമങ്ങളും ചെയ്തുകൊണ്ടിരിക്കുന്നത്. ഒരാളെയെങ്കിലും കിട്ടിയല്ലോ. ഇനിയെല്ലാം വളരെ 'ഈസിയാണ്'.

മോഹ—ങ് ഹാ! അപ്പോൾ ഇവൻ മഹാ കേഡിയാണല്ലേ?

മജി—അതുകൊണ്ടല്ല പറഞ്ഞത്. ഇവനേയും ഇവൻെറ 'സെററ'കാരേയും പിടിക്കുവാൻ ഞങ്ങാം പാടുപെടുകയായിരുന്നു. അതല്ലാ....ഇവനെ എങ്ങനെ പിടികിട്ടി?

അര—ഇദ്ദേഹം (സുഗതനെ ചൂണ്ടികാട്ടി) വന്നില്ലായിരുന്നെങ്കിൽ എന്നെ കൊല്ലുകകൂടി ചെയ്തേനേ....അവരെല്ലാവരുംകൂടി എന്നെ ആ മരത്തിൽ പിടിച്ചുകെട്ടിയിട്ടു. എൻെറ ദേഹത്തുള്ള ആഭരണങ്ങാം തട്ടിയെടുത്തു. എൻെറ നിലവിളി കേട്ടിട്ട് എന്നെ സംരക്ഷിക്കുവാനെന്നോണം ഇദ്ദേഹം അവിചാരിതമായി പ്രത്യക്ഷപ്പെട്ടു; രക്ഷയില്ലെന്നു കണ്ട കള്ളന്മാർ ഓടിപ്പോകാനുദ്യമിക്കുകയും ഒരാളെ പിടിച്ചു കെട്ടിയിടാൻ സാധിക്കുകയുംചെയ്തു. മററു രണ്ടു പേർ ഓടിപ്പോയി.

മജി—(പക്കവിനോട്ട്) എടാ....ഓടിപ്പോയവർ നിൻെറ കൂട്ടുകാരാണോടാ. 370—പറയടാ—നായേ....(ലാത്തിപ്രയോഗം)

പ—പറയാം....ഏമ്മാൻന്നേ, എൻെറ കൂട്ടുകാരാണവർ.

373 പോല്ലീസ്—അവരുടെ പേരെന്താ?

പ—ഒരാളുടെ പേരു്....ഭൂപത്. മററാളുടെ പേർ ശേഖർ.

മജി—നിൻെറ പേരെന്താ?

പ—എൻെറ പേരു് പക്ക എന്നാണ്.

മജി—നിങ്ങാം എന്തെല്ലാം സാധനങ്ങളാണ് ഇതിന്നു മുമ്പും എടുത്തിട്ടുള്ളതു്?

പ—ഞാൻ വേറൊന്നും എടുത്തിട്ടില്ല ഏമ്മാൻനേ....കൂട്ടുകാരാ എടുക്കലു പതിവ്. ഞാൻ അവരുടെ കൂടെ പോകാറേ....ഉണ്ടായിരുന്നുള്ളു. തല്ലല്ലേ മാൻന്നേ ഇനി ഞാനൊന്നും എടുക്കില്ല. എന്നെ വിട്ട ഏമ്മാൻനേ....

മജി—ഹും....ഇനി നിന്നെ വിടണം, അല്ലേ? വിട്ടു കാണിച്ചു തരാം. ഹേ....373 ഇവനെ വിലങ്ങുവെച്ച് കൊണ്ടുവരു.

(പോലീസുകാർ പക്കവിൻെറ കെട്ടഴിച്ചു വിലങ്ങുവയ്ക്കുന്നു. തള്ളി നടത്തുന്നു.)

മജി—(മോഹറിനോട്ട്) എന്നാൽ പോകട്ടെ. ഇവനെ ഞങ്ങാം ശരിപ്പെടുത്തിക്കൊള്ളാം....നിങ്ങാം പൊയ്ക്കോളൂ.

മോ—(കൈകൂപ്പി) ഓ....അങ്ങനെയാകട്ടെ.

(മജിസ്ട്രേററും കൂട്ടരും പോകുന്നു)

സുഗ—സാ....റെ. ഇനി ഞങ്ങാം പോകട്ടെ. ഞങ്ങൾക്ക് ആലപ്പുഴ നഗരത്തിലെത്തണം.

മോ—വരട്ടെ. പോകാൻ വരട്ടെ. നിങ്ങാം എവിടത്തുകാരാ....നന്നേ ക്ഷീണപരവശരായിട്ടുണ്ടല്ലോ.

സുഗ—ഞങ്ങാം തെക്കാട്ടുശ്ശേരിയിലുള്ളവരാ. വല്ല തൊഴിലുമന്വേഷിച്ചാണ് അവിടേയ്ക്കു പോകുന്നതു്? ഞങ്ങളുടെ വിധി ഇതാണ്. (നെടുവീർപ്പിടുന്നു.)

മോ—എന്താതു്! മനസ്സിലായില്ലല്ലോ? എന്താണു സംഭവം? വല്ല ആപത്തും സംഭവിച്ചോ?

(ലളിതയും ഗൗരിയും വിലപിക്കുന്നു.)

സുഗ—സാറെ....അതെല്ലാം നീണ്ട ചരിത്രമാണു്. (നെടുവീർപ്പു്) പറഞ്ഞിട്ടുകൊണ്ടു എന്തു ഫലം? ഇതു ഞങ്ങാം അനുഭവിക്കേണ്ടവരാണു്.

ഗൗ—(കരഞ്ഞു്) സാ....റെ....അവിടന്നു് ഞങ്ങളെ രക്ഷിക്കണം. എന്തെങ്കിലും സഹായം ചെയ്തുതന്നാൽ വളരെ ഉപകാരം. പട്ടിണിയും ക്ലേശങ്ങളും സഹിക്കവയ്യാതെകണ്ടു് പറയുന്നതാണു്. ക്ഷമിക്കണം.

മോ—എന്താതു്? സംഭവം പറയൂ.

സുഗ—സാർ, ഞങ്ങാംക്ക നേരിട്ട ഓരോ കാര്യങ്ങളെപ്പററിയും സ്മരിക്കുമ്പോാം ഹൃദയം വേദനയാൽ പിടയുകയാണു്. അല്ലെങ്കിൽ ആ ജോൺ മുതലാളി ഈ പാവങ്ങളെ കുടിയിറക്കണോ?

മോ—എന്തു്? കുടിയിറക്കുകയോ? അതാണോ നിങ്ങാം ഈ സ്ഥിതിയിലായതു്. കഷ്ടം!

സുഗ—അതേ....കുടിയിറക്കി. കടംവാങ്ങിയ സംഖ്യ നിശ്ചിതദിവസത്തിന്നു കൊടുക്കുവാൻ സാധിക്കാഞ്ഞതിനു്, ഞങ്ങാംക്കണ്ടായിരുന്ന ഒരു കൊച്ചു സ്ഥലത്തുനിന്നും ആ മുതലാളി ഞങ്ങളെ കുടിയിറക്കിപോലും! എൻെറ അച്ഛനുണ്ടായിരുന്നെങ്കിൽ ഈ സ്ഥിതിയെല്ലാം വരുമോ? അതുകൊണ്ടുംകൂടിയല്ലേ.... എൻെറ സ്വന്തം സഹോദരൻ ദുഷിച്ച ജീവിതം നയിച്ചുകൊണ്ടു് മദോന്മത്തനായി ഭാഗവുംവാങ്ങി ഞങ്ങളെ കണ്ണീർക്കടലിൽ തള്ളിവിട്ടുകൊണ്ടു് വേർപിരിഞ്ഞതു്. സഹോദരനെ പൊന്നുപോലെ നോക്കിയിട്ടു് എനിക്കു കിട്ടിയ ഫലമാണിതു്. എന്തു ചെയ്യാം. ഈശ്വരാ....ഞങ്ങളെ അനുഗ്രഹിക്കേണമേ!

മോ—പാവം!....മുതലുണ്ടെന്നുവച്ചു് എന്തും ചെയ്യാമെന്നോ? ഇത്തരം തെമ്മാടിത്തങ്ങാം തലയുയർത്തുമ്പോഴല്ലേ ഈ ദു

ഷിച്ച കമ്മ്യൂണിസമൊക്കെ പടൻപിടിക്കുന്നതു്. അല്ലാ....നിങ്ങളുടെ പേരു്?

സുഗ—പേരു് സുഗതനെന്നാണു്.

മോ—മി. സുഗതൻ, വരൂ....നിങ്ങൾക്കു് ഒരു ചെറിയ പുര പാർക്കുന്നതിന്നായി തരാം. അതിൽ നിങ്ങൾ സുഖമായി ജീവിച്ചു കൊള്ളുക. സുഗതനു് ഇവിടെയുള്ള ഏതെങ്കിലും ഫാക്ടറിയിൽ ജോലി വാങ്ങിച്ചുതരാം. ഇനിയെങ്കിലും നിങ്ങൾ സമാധാനത്തോടെ മനുഷ്യരായ് ജീവിയ്ക്കൂ....

ഗൗ—സാറെ, വളരെ ഉപകാരം, സാറിന്നു് കോടി പുണ്യമുണ്ടു്. ഈശ്വരൻ അനുഗ്രഹിക്കട്ടെ.

അര—സുഗതൻചേട്ടാ....വരൂ....വരൂ .... നമുക്കു് വീട്ടിൽ പോകാം.

മോഹ—(സസന്തോഷം) അപ്പോഴേയ്ക്കും വലിയ സ്നേഹമായല്ലോ? നിന്നെ രക്ഷിച്ച ആളാണല്ലോ, അല്ലേ? അതു ശരി. (തലകുലുക്കുന്നു.)

(സുഗതനും അരവിന്ദനും ചിരിക്കുന്നു)

എന്നാൽ വരൂ....നമുക്കൊന്നിച്ചുപോകാം.

സുഗ—വരൂ....അമ്മേ....പോകാം....ലളിതേ നടക്കു്....

(എല്ലാവരും പോകുന്നു)

കർട്ടൻ

—*—

## രംഗം പത്തു്

[ആലപ്പുഴയിൽ 'മുല്ലസ്സൂൽ' ഭവനം. സുഗതൻ, ലളിത, ഗൗരി എന്നിവർ ബെഞ്ചിലും നിലത്തുമായിരുന്നു സംഭാഷിക്കുന്നു. ലളിത വിജയനെ കളിപ്പിക്കുന്നു. ബലൂൺ വീർപ്പിച്ച ശബ്ദമുണ്ടാക്കുന്നു.]

ഗൗ—വേണുവിനെപ്പററി വല്ല അറിവും കിട്ടിയോ മകനേ?

സുഗ—ഇല്ലമ്മേ....ഒരു പിടുത്തവുമില്ല. ഞാൻ അന്വേഷിക്കുന്നുണ്ടു്.

ഗൗ—(സസന്താപം) ഇനി വേണുവിൻെറ മുഖമെന്നു കാണാൻ കഴിയും? ഉം....രണ്ടുമാസമാവാറായി; നാമിവിടെ താമസിച്ചുതുടങ്ങിയിട്ടു്. തെല്ലെങ്കിലുമൊരാശ്വാസം കിട്ടിയല്ലോ. എന്തെല്ലാം ക്ലേശങ്ങളാണു് നാം സഹിച്ചതു്. അതോർക്കുമ്പോൾ നെഞ്ചു പൊരിയുകയാണിപ്പോഴും.

സുഗ—മാനവജീവിതം സുഖവും ദുഃഖവും കൂടിക്കലർന്നതാണല്ലോ, അമ്മേ. വരുന്ന ദുഃഖദുരിതങ്ങൾ ആത്മാഭിമാനത്തോടെ സഹിക്കുന്നതാണു് അഭിലഷണീയം. അതു കാരണമാണു് നമുക്കു് ഒരു നിസ്സാര നിവൃത്തിമാർഗ്ഗമെങ്കിലും ഉണ്ടായതു്.

ഗൗ—അതേ, അതു ശരിയാണു്. ഈ വീഴ്ചയിൽ നമ്മുടെ ഈ മുതലാളി സഹായിച്ചില്ലായിരുന്നെങ്കിൽ നാം വിശപ്പിൻെറ വിളിയാൽ ചത്തു മണ്ണടിഞ്ഞു പോയേനേ.

സുഗ—അമ്മ...., ഒരു വിശേഷമറിഞ്ഞോ? അടുത്ത വ്യാഴാഴ്ചമുതൽ ഓട്ടുകമ്പനി തൊഴിലാളികളെല്ലാവരും ഒരു മഹനീയോദ്യമത്തിലേർപ്പെടുവാൻ പോകയാണു്.

ഗൗ—അതെന്താ? ഞാനൊന്നും അറിഞ്ഞില്ലല്ലോ....

സുഗ—ങ്! ഹാ....അന്നുമുതൽ ഒരു സ്ട്രൈക്കിനു വട്ടം കൂട്ടുകയാണു്. എന്തു പറഞ്ഞിട്ടും ആ ഓട്ടുകമ്പനി മാനേജരും ഉടമസ്ഥനും സമ്മതിക്കുന്ന ഭാവമൊന്നും കാണുന്നില്ല. പാവപ്പെട്ട തൊഴിലാളികൾക്കും ജീവിക്കണ്ടേ?

ഗൗ—എന്ത്! സ്ട്രൈക്കോ? അതാപത്താണല്ലോ. നമുക്ക കിട്ടുന്ന കഞ്ഞിവെള്ളം ഇല്ലാതാക്കാനാണോ നിൻെറ പുറപ്പാട്.

സുഗ—അങ്ങനെയൊന്നുമില്ലമ്മേ. ആ മുതലാളി അത്യക്ക നീതിയാണ് തൊഴിലാളികളുടെ മേൽ പ്രവത്തിക്കുന്നതു്. ന്യായമായ അവകാശങ്ങൾക്കവേണ്ടിയാണ് ഞങ്ങളിതു ചെയ്യുന്നതു്.

ലളി—ഓ....ഹോ....എന്തനീതിയാണ് ചെയ്തതു്? കൂലിയും മററുമൊക്കെ തരുന്നില്ലേ?

സുഗ—(തലയാട്ടി) കൂലിയൊക്കെ തരുന്നുണ്ടു്; സമ്മതിച്ചു. അതല്ലാ. കമ്പനിയിൽനിന്നു രണ്ടുമാസത്തെ ബോണസ്സ് തരാനുണ്ടമ്മേ. അതിനും പുറമേ, ഇന്നത്തെ സ്ഥിതിക്ക് 2ണ. പുരുഷക്കും, ഒരണ സ്ത്രീകൾക്കും, 6 പൈ കുട്ടികൾക്കും കൂലി കൂട്ടിത്തരേണ്ടതാണ്. ആലപ്പുഴയിലും മററും ചിലേടത്തും അങ്ങനെ കൊടുത്തു വരുന്നുമുണ്ട്. ഞങ്ങളീ വിവരം മുതലാളിയേയും കൂട്ടരേയും അറിയിച്ചെങ്കിലും ആ അപേക്ഷയെ നിരസിക്കുകയാണുണ്ടായതു്. തൊഴിലാളികളായ ഞങ്ങൾ എല്ലുമുറിയെ പണിയെടുത്തിട്ട് ഈ നിസ്സാര കൂലിയാണ് തരുന്നതു്. വിശക്കുന്ന വയറുകളെ പ്രഹരിക്കുകയാണ് അവരിതുകൊണ്ടു ചെയ്യുന്നതു്.

ഗൗ—എന്നാലും, ഉടനെ തന്നില്ലെന്നു കരുതി എന്തിനാ ഈ പണിമുടക്കമെല്ലാം ചെയ്യുന്നതു്? വളരെ ആലോചിച്ചു ചെയ്യേണ്ട കാര്യം.

സുഗ—നല്ലപോലെ ആലോചിച്ചിട്ടുതന്നെയാണ്. എത്രപ്രാവശ്യമാണെന്നോ ഞങ്ങളുടെ കരയുന്ന കണ്ണുകളുമായി ആ മാനേജരേയും മുതലാളിയേയും സമീപിച്ചതു്. ഞങ്ങളുടെ ആവശ്യങ്ങൾ കാണിച്ച് ഒരു മെമ്മോറാണ്ടം കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുകൊണ്ടും ഫലമില്ലെങ്കിൽ സ്ട്രൈക്കിന്നു നോട്ടീസു കൊടുക്കും. ന്യാഴാഴ്ചമുതൽ സ്ട്രൈക്ക് ചെയ്യുന്നതിന്നും തീരുമാനിക്കും. ധാമ്മികമായ ഒരു മാർഗ്ഗത്തിൽക്കൂടെയാണ് ഞങ്ങൾ സമരം ചെയ്യുവാൻ ആഗ്രഹിക്കുന്നതു്. ത്രിവണ്ണപ്പതാകയിൻ കീ

ഴിൽ അണിനിരന്നുകൊണ്ട് സമരം ചെയ്യും. ചെങ്കൊടിയുടെ വഞ്ചനയിൽ നിന്നുകൊണ്ടല്ല ഞങ്ങൾ മുന്നേറുന്നത്.

(സഹതൊഴിലാളികളായ കിട്ടുവും ഔസേപ്പും പ്രവേശിക്കുന്നു)

(മന്ദസ്മിതം) ഹോ....എത്തിപ്പോയല്ലോ. ഇരിക്കണം, ഇരിക്കണം. എന്താ വിശേഷം? മാനേജരിൽനിന്നും വല്ല മറുപടിയുമുണ്ടായോ? ഇന്നു പറയാമെന്നാണല്ലോ പറഞ്ഞിരുന്നത്.

ഔസേപ്പ്—അതൊന്നും കാര്യമില്ല, സുഗതാ. അവരുടെ ഒരുതരം ചപ്പടാച്ചികളല്ലേ? അതിൽ വീണെങ്കിൽ വീഴട്ടെയെന്നുള്ള കൗശലമാണ് ആ മുതലാളിക്ക്. നമുക്ക് നമ്മുടെ കാര്യം നോക്കാതെ രക്ഷയില്ലെന്നാണ് തോന്നുന്നത്.

കിട്ടു—ആ മാനേജര് അത്രയും 'കണ്ടീഷനായി' പറഞ്ഞതാ, എന്തെങ്കിലും മെച്ചമുണ്ടാക്കിത്തരാമെന്ന്. എന്നിട്ട് കണ്ടില്ലേ? തെങ്ങാക്കലെയാ, കിട്ട്യേ...

സുഗ—ഈശ്വരാ....ഇവരെന്തു കാട്ടാളന്മാരാണ്. (അല്പംകഴിഞ്ഞ്) അതേ...., നമുക്കൊരു കാര്യംകൂടി ചെയ്യണം. നമുക്ക് ഒരു മെമ്മോറാണ്ടം അയക്കണം. അതിനും തക്ക സമാധാനമില്ലെങ്കിൽ സ്ട്രൈക്കിന്നു നോട്ടീസു കൊടുക്കണം. അതോടുകൂടി മാനേജരേയും മുതലാളിയേയും ചെന്നുകണ്ട് വല്ല പോംവഴിയും ഉണ്ടോയെന്നു ചോദിക്ക്യാം. അതുകൊണ്ടും നമുക്കനുകൂലമില്ലെങ്കിൽ വ്യാഴാഴ്ചമുതൽ നമുക്ക് സ്ട്രൈക്ക് ചെയ്തുതുടങ്ങാം.

ഔസേ—അങ്ങനെതന്നെ. ഞാൻ വരാം.

കി—എന്നാൽ നമുക്കു പിരിയാം. സുഗതൻ മെമ്മോറാണ്ടമെല്ലാം ശരിയാക്കണം—കേട്ടോ? മററന്നാൾതന്നെ നമുക്കു ഓഫീസിലേക്കു പോകാം.

സുഗ—എന്നാൽ അങ്ങനെ ചെയ്യാം.

(എല്ലാവരും പോകുന്നു.)

കർട്ടൻ

# രംഗം പതിനൊന്നു്

[അഞ്ചുവഷത്തെ ജയിൽവാസത്തിനുശേഷം വിവശനായ പക്കു പശ്ചാത്താപനിർഭരനായി, ചുടുകണ്ണീരുമായി അലഞ്ഞുതിരിഞ്ഞു നടക്കുന്നു. മുഷിഞ്ഞ മുണ്ടു്, ദീക്ഷ, ലോക്കപ്പ് മർദ്ദനത്തിൻെറ അടയാളങ്ങൾ.]

(പക്കു കരഞ്ഞു്, ഗാനവുമായി പ്രവേശിക്കുന്നു.)

(ഹിന്ദി, 'ബാബുലി'ലെ, 'ഛോഡ് ബാബുൽ' എ മ )

എന്തു ചെയ്യുന്നു ഞാൻ, നീച പാപിയാണു
എന്നിൽ കൃപപൂകണേ—ഓ....ദാനം നൽകീടണേ.

1 പാപംചെയ്തുപോയ് മന്നിലാകെ ധൂർത്തനായ് ഞാൻ—മഹാ
പാരിൽ പാതകങ്ങൾ ചെയ്ത എന്നിൽ ക്ഷമിച്ചീടുക—നീ
പാണികൂപ്പി ഞാൻ വന്നീടാം നിൻസവിധേ
എന്നിൽ കൃപപൂകണേ—ഓ....ദാനം നൽകീടണേ

—എന്തു....

2 സ്നേഹജീവിതത്തിൻ ദീപനാളം പരന്നീടുമ്പോൾ—എങ്ങും
ഘോരതിന്മയിൻ കൂരിരുളാകെ പരത്തി കഷ്ടം—ഞാൻ
സ്നേഹകാന്തിയാൽ ക്ഷിതിയാകെ ശോഭിക്കുവാൻ,
എന്നിൽ കൃപപൂകണേ—ഓ....ദാനം നൽകീടണേ

—എന്തു....

3 അഴലിൻെറ താപമാണു കണ്ണുനീരുകൾ—എൻെറ
അരുതരുതെന്നു പറഞ്ഞിട്ടും വിഫലംതന്നെ—എല്ലാം
തീരാദുഃഖമകറേറണേ—തീർത്തീടേണേ
എന്നിൽ കൃപപൂകണേ—ഓ....ദാനം നൽകിടണേ

—എന്തു....

വേണു—(കരഞ്ഞു്) ഈ....ശ്വ....രാ.... ക്ഷമിക്കണേമേ.... ഞാൻ.... മഹാപാപിയാണു്.... എൻെറ കഴിഞ്ഞ ജീവിതം .... (കൈകൾകൊണ്ടു് ചെവികൾ പൊത്തിയും, നെററി ചുളിച്ചു് കരഞ്ഞും)...ഹോ....സ്മരിക്കുവാൻ കൂടി-...അസാദ്ധ്യം. അനീതി.... അതേ....അധമ്മംതന്നെ....ഞാൻ....ഈ നീചപ്രവൃത്തികൾ ചെയ്യുന്നതിന്നുവേണ്ടിയാണോ ജനിച്ചതു്? ഈ ബി. എ. പഠിച്ച പാസ്സായതും മററും ഈ പാതകങ്ങൾ ചെയ്യുന്നതിന്നുവേണ്ടിയാണോ?....ഞാനിനി എങ്ങനെ ജീവിക്കേണ്ടൂ....(വിലാപം) ഞാനെങ്കിലും പഠിച്ചു ഒരുയന്ന സ്ഥിതിയിൽ വരുന്നതിന്നുവേണ്ടി.... സുഗതൻ....ചേട്ടൻ സവ്വ കായക്ലേശങ്ങളും സഹിച്ചുകൊണ്ടു് എന്നെ പഠിപ്പിച്ചിട്ടു് ഞാൻ ചെയ്ത പ്രത്യുപകാരമാണോ....ഇതു്?

(ആലോചിച്ചു് ഇടയ്ക്കിടയ്ക്കു് ഉലാത്തണം.)

കൂട്ടുകാരുടെ....കപടവാക്കുകൾ വിശ്വസിച്ചുകൊണ്ടു് ഞാനൊരു പൈശാചികവേഷം ചമഞ്ഞു....സമാധാനത്തോടും സന്തോഷത്തോടും ആത്മാഷ്ഠതയോടുംകൂടി ജീവിച്ചിരുന്ന ആ പാവനകുടുംബത്തിന്നു്....ഞാൻ കുടിലതയുടെ ഒരു കാട്ടുതീക്കൊള്ളിയായിപ്പരിണമിച്ചു....വീടിനെ വെട്ടിമുറിച്ചുകൊണ്ടു്.... അക്രമഭീഷണികളാൽ എൻെറ ഭാഗവും വാങ്ങിച്ചു്....വാത്സല്യനിധിയായ അമ്മയേയും, സ്നേഹനിറകുടമായ ചേട്ടനേയും പരിത്യജിച്ചു്.... അസത്യത്തിൻേറയും....അനീതിയുടേയും....അധമ്മത്തിൻേറയും.... ഒരു ദുഷ്ടജീവിതം....അനുഷ്ഠിച്ച ഒരു....മഹാ....നീചനാണു്.... ഞാൻ.

മാത്രമോ...., രാജ്യവാസികൾക്കു സ്വൈരമായി ജീവിക്കുന്നതിന്നുപോലും ഇടകൊടുക്കാതെ....കൊള്ള, കൊല, തീവെപ്പു്; അസന്മാർഗ്ഗത്തിൻേറയും അനാചാരത്തിൻേറയും.... അവിവേകത്തിൻേറയും....ആ പ്രവൃത്തികൾ. ഇവയെല്ലാററിന്നും പങ്കാളിയായ....ഞാൻ....അല്ല, കാരണക്കാരനായ ഈ ഞാൻ....മഹാ.... ദ്രോഹിയും കുടിലഹൃദയനുമാണു്.

ഇത്തരം അനീതികൾക്കുള്ള ശിക്ഷ ഞാനനുഭവിക്കേണ്ടവനാണ്. ലോക്കപ്പ് മർദ്ദനങ്ങളും അഞ്ചുവഷത്തോളം അനുഭവിച്ച ജയിൽവാസവും മററു ശിക്ഷകളും ഞാൻ ചെയ്ത മഹാപാതകങ്ങൾക്ക് അനുയോജ്യമായ പരിഹാരങ്ങൾ മാത്രമായിരുന്നു. പോരാ...അതുകൊണ്ടും പോരാ....ഇനിയും ഞാൻ ശിക്ഷ അനുഭവിക്കേണ്ടവനാണ്. ഈശ്വരാ....എന്നോടു ക്ഷമിക്കേ....ണമേ! (നടക്കുന്നു) അമ്മാ...അമ്മാ....വല്ലതും തരണേയമ്മാ....(പോകുന്നു.)

(ഫ്രണ്ട്കർട്ടനു പിറകിൽ 'മുല്ലശ്ശേരി വസതി' സജ്ജീകരിക്കണം. ഗൗരി ബഞ്ചിൽ. ലളിത താഴെ ഇരുന്നു് വിജയനെ കളിപ്പിക്കുന്നു.)

ലളിത—

('രമണൻ' രീതി)

സൌഖ്യവും ദുഃഖവും ജീവിതത്തിൻ
മാററുരക്കല്ലുകൾ പാരിടത്തിൽ
വിജയനു വിജയം സുസാദ്ധ്യമല്ലോ
ആത്മാർത്ഥസ്നേഹത്തിൻ പൊൻതിടമ്പേ!

(തെയ്യൻ എന്ന തൊഴിലാളി പ്രവേശിക്കുന്നു, തൊപ്പിപ്പാള, കൈക്കോട്ട് എന്നിവ. ചെങ്കൽ നിറമുള്ള ഒരു തോർത്തു ചുററിയിരിക്കുന്നു.)

തെയ്യൻ—(കിതച്ചുകൊണ്ടു്) കുഞ്ഞമ്മച്ചീ...., കുഞ്ഞമ്മച്ചീ....ഇമ്പടെ ആള് ഇമ്പടീ....ല്ലേ്യ....?

ലളി—ആര്?

തെയ്യൻ—ഇവ്ടത്തെ....ആ ഒ ളേ...സുഗതനേങ്ങത്ത്.

ലളി—ഓ! അതു ശരി. ഇല്ലി, ല്ല....

തെയ്യൻ—അങ്ങ്ത്ത്....എവിടേ....ണം....വോ?

ലളി—ഓട്ടുകമ്പനിയിൽനിന്നും വന്നിട്ട് എന്തോ കാര്യമുണ്ടെന്നു പറഞ്ഞ് പുറത്തുപോയിരിക്യാ....

തെയ്യൻ—എപ്പ്ഴ....ബരാന്നറിയം?

ലളി—ഉച്ചയ്ക്ക് കഞ്ഞികുടിക്കാൻ വരുമെന്നാണു പറഞ്ഞതു്. എന്താണു കാര്യം?

തെയ്യ—അങ്ങ്ത്തിന്നെ കണ്ടിട്ട് ഒരു കാര്യണ്ട്....(ദേഷ്യം) ങ്ങ് ആ!....വെറുതേ വിട്ടല്ലാ....(ലളിത അമ്പരക്കുന്നു.)

ഗൗരി—അതെന്താണു തെയ്യാ,...ഇത്ര കോപിക്കാനുള്ള കാരണം?

ലളി—എന്താ സംഗതി? എന്താണുണ്ടായതു്? ഉം....പറയൂ.

തെയ്യ—എന്താ ഉണ്ടായതെന്നോ....? ഇതിലും മേലേ എന്താ ഉണ്ടാവേണ്ടതു്? എല്ലുമുറിയേ പണിതട്ടാ....അമ്മച്ചീ....ഈ....കിട്ടുന്ന കൊണോം.

ലളി—എന്താണു സംഭവിച്ചതു്? പറയൂ....

ഗൗ—സുഗതൻ വല്ലതും ചെയ്തോ?

തെയ്യാ—അല്ല അമ്മച്ചീ, സുഗതനങ്ങത്തല്ല....ഇതാണ്ട് എന്റെ വയററത്തടിക്ക്യല്ലേമ്മച്ചീ....ആ മൊതലാളി ചെയ്തതു?

ലളി—ഏതു മുതലാളി?

തെയ്യ—ആ....മ്പന്ട്ടെ....ആ ഓട്ടുകമ്പനീലെ....ആ വെല്യ മൊതളാളില്ലേ്യ....?

ലളി—ഉം....എന്തു ചെയ്തു?

തെയ്യ—(കരഞ്ഞു്) കുഞ്ഞമ്മച്ചീ...ഉള്ള കഞ്ഞി വെള്ളം കണ്ണ്യ്യന്നിഷ്ടാക്കിക്കളഞ്ഞില്ലേ....കുഞ്ഞമ്മച്ചീ....ഭാരീം...., മൂന്നാലഞ്ചു കുട്ട്യാളും മററും ഉള്ളോന്നാ....ഈ....തെയ്യൻ, ഈ തെയ്യൻ പണ്ടൊട്ടുവേണം ഉരിയരിന്നെങ്കിലും അത്തായത്തിന്നിടാൻ. അങ്ങനെയുള്ള ഈ തെയ്യനും കുട്ട്യോൾക്കും ഇന്നു പട്ട്ണ്യാ....അമ്മച്ചീ ഇവൻ പണ്യ്യാണ്ടല്ല. എന്നാ....സങ്കടം....ഉണ്ടാന്നേന്നില്ല.

ലളി—പിന്നെ....എന്താണു്?

തെയ്യ—ആ! മൊതലാളേ്യ...ആ മൊതലാളീ...രണ്ടാഴ്ചയായിട്ടും പണതെന്നുള്ള കൂലി തന്നിട്ടില്ല്യാമ്മച്ചീ. ഈ തെയ്യന് മണ്ണു പിടിക്കലാ ജോലി; മണ്ണുപിടിക്കല്. മൂന്നാലുനാഴിയേ അകലേ

ന്നു് കൊണ്ടരണം. കട്ടമ്പങ്ങീല് ഇവൻ തന്ന്യാ കൊണ്ടുവരുന്നേ. അങ്ങനെ രണ്ടാഴ്ചയായി. അന്നിട്ട് കൂലി ചോയിക്കുമ്പം നാളെ്യാ വട്ടെ, നാളെ്യാവട്ടേന്നു്. അതു കേട്ട് ഞാൻ ഇമ്മണി നാളേകള് കാത്തോണ്ടിരുന്നു. ഇന്നലേ എങ്ങനെയായാലും തരാന്നു് പറഞ്ഞതാ. എന്നിട്ട് ചെന്നു്പ്പെ പറ്യാ....ഇവിടെ കാശൊന്നും ഇതിപ്പില്ലാന്നു്. എന്നീം രാഴ്ച കയീട്ടേന്നു്. ഇതാരാ കേട്ട്ക്ക്യെൻെറ അമ്മച്ചീ....എനക്ക് തേഷ്യംബന്നു. ബയറേ....പട്ടിണ്യോണ്ട് കൊതസ്സ്യ ചെയ്യണേ; കൊതസ്സ്യാ....ഇനി ഇവൻ വിട്ടല്ലാ. ചുമ്മാ വിടാനും കണ്ടീട്ടില്ല്യാ....ങ്ങ് ആ! തെയ്യനു് തേഷ്യംവന്നാലേ....കാച്ചിക്കളെന്യും. ഇമ്പടേ തലപോയാലും ബേണ്ടില്ല്യാ. ഇമ്മള് പണംതെന്നുള്ള കൂല്യാ....ചോയിക്കുന്നേ....തലപോയാലും.... ബയസ്സ് അമ്പത്താറായല്ലോ....ങ്ങ് ആ!...

ലളി—അതു വളരെ കഷ്ടമായല്ലോ....

തെയ്യ—അതോണ്ട് ഞാനും ചുമ്മാ വിടാൻ പോണില്ല. ഇമ്പ്ടെ സുഗതൻ അങ്ങത്തിനോട്' ഈ കാര്യോം പറഞ്ഞ് ആ മൊതലാളീനെ ഒന്നു പഠിപ്പിക്കണം. ഒന്നോകെ ഞാൻ....അല്ലെങ്ങെ മൊതലാളി, ഇതില് രണ്ടാലൊന്നു് തീരുമാനിക്കണം. അതിനാ....ഞാൻ....ബന്നേ....

ലളി—അതിന്നു് സുഗതനെന്തിനാ?

തെയ്യ—അങ്ങനെ പറേല്ലെ കുഞ്ഞമ്മച്ചീ....അദ്ദേഹം തൊഴിലാളിയോളുക്കു വേണ്ടി പാടുപെട്ആ....പാടുപെട്ആ....ഒരു ചിങ്കള് ചായേംകൂടി കൊടിക്കാണ്ടേ....ഓടി നടക്ക്യാ....ഇപ്പോ.... കമ്പനി തൊഴിലാള്യോള് സ്ട്രൈക്ക് ചെയ്യാനാ പോണേ. ഞങ്ങളുടെ കാശൊക്കെ തട്ടിപ്പറച്ചോണ്ട് മൊതലാളീം കൂട്ടരോം തടിച്ചുകൊഴുത്തു നടക്ക്യാ....പാവപ്പെട്ട തൊഴിലാളേ്യാള് പട്ട്ണീയോണ്ട് ശോയിച്ച് മെലിഞ്ഞ് ച്വർത്തീം, അരിശെസ്സായിട്ട് മരിക്ക്യാ....പോ രേ രേ....പൂരം....തൊഴിലാളേ്യാളുടെ ആ കാശൊക്കെ ബരത്തിക്കാൻ ബേണ്ടിട്ടാ ആ സുഗതൻ അങ്ങത്തു് ഓണും ഒറക്കോം ഇല്ല്യാണ്ട് നടക്കണേ. എന്തൊരു നല്ല മനുഷ്യനാന്നാ അദ്ദേഹം!

[പശ്ചാത്താപ വിവശനായ പക്കു സന്താപഗാനവുമായി വരുന്നു. വേണു സ്റ്റേജിൽ പ്രവേശിക്കുന്നതിന്നനുസരിച്ച് പാട്ടിന്റെ ശബ്ദം ഉയർത്തണം ]

ലളി—(ചെവിയോർത്ത്) എന്താണു ഒരു ശബ്ദം കേൾക്കുന്നത്?

ഗൗ—സുഗതൻ വരുന്നുണ്ടോ?

(എല്ലാവരും നോക്കിനില്ക്കുന്നു. പക്കു ഗാനവുമായി പ്രവേശിക്കുന്നു.)

തെയ്യ—ങ്ങ് ആ! അതൊരു ധർമ്മക്കാരനാ...., സുഗതനൊന്നുമല്ല. കുഞ്ഞമ്മച്ചീ നാനേതാലും പോവാ....അദ്ദേഹം വരുമ്പം ഞാൻ വന്നേന്നു പറേണം—ട്ടോ? (കൈകൂപ്പി) ഞാൻ പോട്ടെ. (പോകുന്നു.)

പക്കു—

(ഹിന്ദി, 'ബാംബുലി'ലെ, 'ചോഡ്ബാംബുൽ' എ മ.)

എന്തു ചെയ്യുന്നു ഞാൻ, നീച പാപിയാണു
എന്നിൽ കൃപപൂകണേ — ഓ....ദാനം നൽകീടണേ,

പാപം ചെയ്തുപോയ് മന്നിലാകെ ധൂർത്തനായ് ഞാൻ—ഹാ
പാരിൽ പാതകങ്ങൾ ചെയ്തു എന്നിൽ ക്ഷമിച്ചിടുക—നീ
പാണി കൂപ്പി ഞാൻ വന്നീടാം നിൻസവിധേ
എന്നിൽ കൃപപൂകണേ—ഓ....ദാനം നൽകീടണേ,
—എന്തു....

വേണു—(കരയുന്നു) അമ്മാ....അമ്മാ....ധർമ്മം തരേണേ....

(സുഗതൻ വരുന്നു. ധർമ്മക്കാരനെ കണ്ട് സുഗതൻ സഹതാപസമേതം വീക്ഷിച്ച് അകത്തേക്കു പ്രവേശിക്കുന്നു, വിജയനെ എടുക്കുന്നു.) വല്ലതും കഴിച്ചിട്ട് നാള് കുറെയായി സാറേ....ഒരു കയില് കഞ്ഞിവെള്ളമെങ്കിലും തരണേ....

സുഗ—ലളിതേ....കുറച്ചു കഞ്ഞി കൊണ്ടുകൊടുക്കു....പാവം! (ലളിത പോകുന്നു.)

(ആലോചിച്ച്) ഒരു കാലത്ത് ഇതേ വിധി തന്നെയതായിന്നില്ലേ ഞങ്ങൾക്കും (നെടുവീർപ്പ്) ഉം....

ഗൗ—അല്ലാ....ദേഹത്തെല്ലാം വളരെ മുറിവുകളുടെ അടയാളങ്ങളെല്ലാം ഉണ്ടല്ലോ?

സുഗ—(ആലോചിച്ച്) പാവങ്ങൾ!....തൊഴിലാളികൾ!... അവർക്കീലോകത്തിൽ എന്തു സുഖമാണുള്ളത്! ദുഷിച്ച മുതലാളിത്തത്തിന്റെ ചൂഷണവിദ്യകളും പ്രഹരങ്ങളും തൽഫലമായുണ്ടാകുന്ന മരണവും മാത്രമാണു തൊഴിലാളിക്കുള്ള നേട്ടം, അതാകാം.

(ലളിത കഞ്ഞി കൊണ്ടുകൊടുക്കുന്നു. വിശപ്പിന്റെ ആർത്തിയാൽ വേഗം മോന്തിമോന്തിക്കുടിക്കുന്നു. വററ് വാരി ഭക്ഷിക്കുന്നു. സംഭാഷണത്തിന്നനുസരിച്ച് കഞ്ഞി അല്പാല്പം കുടിച്ചുകൊണ്ടിരിക്കുന്നു.)

ലളി—ഹോ!....എന്തു പാടായിരിക്കുന്നു ദേഹമെല്ലാം. (മുഖത്തു ചൂണ്ടാണിവിരൽ വച്ച് തലകുലുക്കി) കഷ്ടം, കഷ്ടം. ഇതെന്താ....വല്ല ആപത്തും സംഭവിച്ചോ?

വേ—(കഞ്ഞി മോന്തിയശേഷം നോക്കി) അമ്മാ....(കരഞ്ഞ്) എന്തിനതെല്ലാം പറയണം?....ഞാൻ പോകട്ടെ. (അല്പം നടക്കുന്നു.)

സുഗ—അല്ലാ...., എന്താണ്, നിങ്ങൾ വല്ലാതെ കരയുന്നുണ്ടല്ലോ? (വേണു പിന്തിരിയുന്നു.) ഇങ്ങോട്ടു വരൂ....എന്താ വല്ല ആപത്തിലും അകപ്പെട്ടോ? പറയൂ എന്നാൽ കഴിയുന്ന എല്ലാ സഹായങ്ങളും ഞാൻ ചെയ്തുതരാം. ഞാനും കഷ്ടപ്പെടുന്ന ഒരു നിരാശ്രയൻ തന്നെയാണ്. പറയൂ....

വേ—എന്തിന്നു പറയണം? ഞാനങ്ങനെ ആക്കിത്തീർത്തു. ഇങ്ങനെ ആയിത്തീർന്നു, അപ്പോൾ ഞാൻ തന്നെ തെററുകാരൻ (കരയുന്നു.)

ലളി—അതെന്താ അങ്ങനെ പറയുന്നത്?

വേ—ഞാൻ വീടിനേയും വീട്ടാരേയും നാടിനേയും നാട്ടാരേയും ദുഃഖഗർത്തത്തിൽ നിപതിപ്പിച്ചതു് ശരിയോ തെറേറാ? സാറേ.

സുഗ—അത്ര തെററുകാരനാകാൻ തക്ക എന്തു സാഹസമാണു് നിങ്ങഠം ചെയ്തതു്? ചടച്ചു മെലിഞ്ഞു് അനാഥനായ നിങ്ങഠംക്കു് അതിനുള്ള കെല്പു് തന്നെ കാണുന്നില്ലല്ലോ.

വേ—(കരഞ്ഞു്) എൻെറ സാ....റേ....ശാന്തിയുടേയും സന്തോഷത്തിൻേറയും പൊൻകതിർ വീശുന്ന ഒരു കുടുംബത്തെ ഒരുവൻെറ ദുർന്നടപ്പുമൂലം ദുഃഖദുരിതപ്പാഴ്ക്കുണ്ടിലേക്കു നിപതിപ്പിക്കുന്നുവെങ്കിൽ—അവൻെറ സ്വന്തം മാതാവിനും സഹോദരന്മാൎക്കും അതു കാരണം മനോവേദനയനുഭവിക്കുന്നുവെങ്കിൽ, അതും ശരിയോ തെറേറാ? അവനെ സംബന്ധിച്ചു് സാറിനു് എന്തഭിപ്രായമാണുള്ളതു്?

സുഗ—എന്തു്? (അല്പസമയം ആലോചിക്കുന്നു.)

വേ—എന്താ സാറ്....ഒന്നും പറയാത്തതു്?

സുഗ—ഹോ....ശരി, അവൻ തീർച്ചയായിട്ടും ശിക്ഷാൎഹൻ തന്നെ. അത്തരം ഘോരകൃത്യം ചെയ്തതു് ശരിയാണെന്നു പറഞ്ഞാൽ എവിടെയാണു് നന്മയുള്ളതു്? എവിടേയാണു സത്യം? അപ്പോഠം അസത്യവും തെററല്ലാതായിപ്പരിണമിക്കുകയില്ലേ?

വേ—അതേ. (വിലപനം) സാർ....പറഞ്ഞതു യാഥാൎത്ഥ്യം തന്നെ.

സുഗ—അപ്പോഠം നിങ്ങഠം ഒരു 'കുററവാളി'യാണെന്നോ?

വേ—അതേ....ഞാൻ തന്നെ 'കുററവാളി'. സ്വന്തം മാതാവിനേയും സഹോദരനേയും കണ്ണീർക്കടലിൽ താഴ്ത്തിക്കൊണ്ടു് അവരെ പരിത്യജിച്ചു്, മുതലെല്ലാം ധൂൎത്തടിച്ചു് നശിപ്പിച്ച ഒരു പരമദുഷ്ടൻ.

ഗൗ—(ആകാംക്ഷയാൽ) സുഗതാ....ഈ പറയുന്നതിൻെറ അൎത്ഥമൊന്നും മനസ്സിലാകുന്നില്ലല്ലോ.

വേ—സുഗതൻ!....ആ(ലോചിച്ചുനില്ക്കുന്നു.)

സുഗ—(വിചിന്തനംചെയ്തു്) എനിക്കും മനസ്സിലാകുന്നില്ല. ഇതു ശ്രവിക്കുമ്പോഴ് നമ്മുടെ വേണുവിനെ പററിയുള്ള പ്രതീതിയാണു് എൻെറ മനസ്സിൽ അങ്കരിക്കുന്നതു്.

വേ—(വിവർണ്ണനായി) എന്തു്? വേണു....

സുഗ—അങ്ങനെ ഒരു സഹോദരനുണ്ടായിരുന്നു.

വേ—(ആലോചിച്ചു്) അങ്ങനെ ഒരു സഹോദരനുണ്ടായിരുന്നു. (അല്പം കഴിഞ്ഞു് സ്വയം പറയുന്നു.) ഇതു്....ആലപ്പുഴ.... ഞങ്ങളുടെ രാജ്യം തൈക്കാട്ടുശ്ശേരിയാണല്ലോ. ഇതെങ്ങനെ സംഭവിക്കും? അല്ലാ....സാർ...., നേരത്തെ സാറ് പറഞ്ഞു, വേണുവിനെപ്പററിയുള്ള പ്രതീതിയാണു വരുന്നതെന്നു്. എന്താണതു്?

ഗൗ—എന്താ...., നിങ്ങൾക്കറിയോ....വേണുവിനേപ്പററി. എവിടേയാണദ്ദേഹം?

സുഗ—(കരഞ്ഞു്) അതോർക്കുമ്പോഴ്....എൻെറ ഹൃദയം...

വേ—(സാശ്ചര്യം) ഹും....? എന്താതു്? കാരണം?

ഗൗ—ഞങ്ങളുടെ കഴിഞ്ഞ ജീവിതം കണ്ണീരിൻെറ ഒരു ജീവിതമായിരുന്നു. അതിന്നു മുമ്പേ ഈ കുടുംബം നല്ല നിലയിൽ കഴിഞ്ഞുവന്നതാ. എന്നിട്ട്....

വേ—എന്നിട്ടു്?

ഗൗ—എന്നിട്ട്....(കരഞ്ഞു്) ദുഷ്ടജീവിതത്തിലകപ്പെട്ട എൻെറ ആ ഇളത്രപുത്രൻ രോഗവും വാങ്ങിച്ചു്, ഞങ്ങളെ ഉപേക്ഷിച്ചു് എവിടേക്കോ പോയി.

വേ—(ആലോചിച്ചു്) എന്തു്!....രോഗവും വാങ്ങി ഞങ്ങളെ ഉപേക്ഷിച്ചുപോയെന്നോ?....ഉം....ശേഷം?

ഗൗ—അതിന്നുശേഷം സന്താപഭരിതത്തിലകപ്പെട്ട ഞങ്ങളെ പരിയാരത്തെ ആ ജോൺ മുതലാളി കുടിയിറക്കി. (കരയുന്നു)

വേ—(കണ്ണീർ) പിന്നീടു്?

ഗൗ—നിരാശ്രയരായ ഞങ്ങൾ പിന്നീട് പട്ടിണികൊണ്ടു് തെണ്ടിത്തെണ്ടി ഇങ്ങനെയെങ്കിലുമാവാൻ ഈശ്വരൻ അനുഗ്ര

ഹിച്ചു. അന്നൊരു ദിവസം ഞങ്ങളുടെ മോഹർ മുതലാളിയുടെ കുട്ടിയെ കള്ളന്മാരുടെ കയ്യിൽനിന്നു രക്ഷിക്കുവാനുള്ള ഒരു സന്ദർഭം ഞങ്ങൾക്കു ലഭിച്ചില്ലായിരുന്നെങ്കിൽ ഇന്നും ഞങ്ങൾക്കു തെണ്ടലായിരുന്നു. അതിൽനിന്നും ഈശ്വരൻ അനുഗ്രഹിച്ചു. കാരുണ്യവാനായ ഈ മോഹർ മുതലാളിയുടെ സഹായത്താൽ ഈ കൊച്ചുപുരയിൽ താമസിക്കാനും ദുരിതത്തിനു തെല്ലു ഭേദമാകാനും കാരണമായി. സർവ്വസമ്പത്തും സുഖവും എല്ലാം പൊയ്പ്പോയി; അപമാനിതരാവുകയുംചെയ്തു. അതും സഹിക്കാം. പക്ഷേ, ഇന്നു ഞങ്ങളെ അലട്ടിക്കൊണ്ടിരിക്കുന്നതു വേണുവിൻെറ അഭാവത്താലുള്ള ഹൃദയവേദനയാണു്. അഞ്ചുപത്തുകൊല്ലമായിട്ടും ആ വേദനയ്ക്കു് ഒരു പരിവർത്തനവും വന്നിട്ടില്ല. മരിക്കുന്നതിന്നിടയ്ക്കു് ആ പൊന്നുമകൻെറ മുഖമൊന്നു കാണ്മാനുള്ള ഭാഗ്യം ഉണ്ടായാൽ മതിയായിരുന്നു. അവൻ മരിച്ചോ ഇല്ലയോ എന്നു് ആർക്കറിയാം.

വേ—(സസങ്കടം) എന്താണിതു? വികാരതരളിതനാകുന്നല്ലോ ഞാൻ. എൻെറ ജീവിതവുമായി സ്പർശിക്കുന്ന ഈ സംഭവം! എന്തു് സ്വപ്നമോ? അല്ലാ, അപ്പോൾ നിങ്ങളുടെ സ്വരാജ്യം എവിടെയാണു്?

ലളി—തെക്കാട്ടുശ്ശേരി.

വേ—തെക്കാട്ടുശ്ശേരി.

ഗൗ—അതെ, തെക്കാട്ടുശ്ശേരി. സുഗതൻെറ അച്ഛനായ ദേവദാസിൻെറ മരണംമൂലം പരിണമിച്ച ആ വ്യതിയാനം ഞങ്ങളുടെ സർവ്വസമ്പത്തുകളേയും നശിപ്പിച്ചു. തൽഫലമായി തലചായ്ക്കുവാനുണ്ടായിരുന്ന സ്വന്തം സ്ഥലത്തുനിന്നും വീടുവിട്ടിറങ്ങേണ്ടിവന്നു.

വേ—(ഗൽഗദം) ദേവദാസ്!....ദേവദാസ്....അച്ഛൻ! അപ്പോൾ നിങ്ങൾ?

ഗൗ—ദേവദാസിന്റെ ഭാര്യ ഗൗരി....ഇതെന്റെ മകൻ സുഗതൻ. ഇത് ലളിത—ഈ മകന്റെ ഭാര്യ.

വേ—(കണ്ണീർ ഒഴുകുന്നു) ഗൗരി...., സുഗതൻ....

സുഗ—എന്താണിത്!....എന്തിനു നിങ്ങൾ കരയുന്നു?

വേ—(കരഞ്ഞ്) എന്തിനു കരയുന്നെന്നോ? ഞാൻ എങ്ങനെ ഇവിടെ നില്ക്കും? കരയേണ്ടവനായ ഞാൻ കരഞ്ഞു കരഞ്ഞ് മരിക്കണം.

ലളി—എന്ത് മരിക്കുകയോ? നിങ്ങളുടെ പേര് എന്താ?

വേ—(കരഞ്ഞ്) ഞാൻ മഹാപാപിയാണ് ചേച്ചീ....

(മററുള്ളവരിൽ ഭയവും ജിജ്ഞാസയും സങ്കടവും)

നീചനാണ്. നിങ്ങളോട് മഹാപാതകം ചെയ്ത ഒരു ദുഷ്ടനാണ് ഞാൻ. എന്നെ ആത്മാർത്ഥമായി സ്നേഹിച്ച്, എന്റെ പഠിപ്പിനുവേണ്ടി ജ്യേഷ്ഠന്റെ പഠിപ്പുപോലും ഉപേക്ഷിച്ച്, എല്ലാ അരിഷ്ടതകളും സഹിച്ച ഈ ജ്യേഷ്ഠനും എന്റെ അമ്മയ്ക്കും മാത്രമല്ല നാട്ടാർക്കും ദുരന്തദുരിതങ്ങൾ വരുത്തിവച്ച ഒരു മുടിയനായ പുത്രനാണ് (കരഞ്ഞ് ഉറക്കെ) അമ്മേ..., എന്റെ വാത്സല്യനിധിയായ ജ്യേഷ്ഠാ.... ദുഷ്ടനായ ഈ വേണുവിനു....അമ്മാ ഠ ഠ .... (ഗൗരിയുടെ പാദത്തിൽ വീഴുന്നു) എനിക്കു മാപ്പു തരണേ....അമ്മാ....മാപ്പു....തരൂ അമ്മാ....

ഗൗ—(സാശ്ചര്യം) ആര്....വേണു! (എഴുന്നേല്പിക്കുന്നു) എന്റെ വേണു...മകനേ....നീയാണോ ഇവിടെ ധർമ്മവും ചോദിച്ചു വന്നത്....

വേ—(കരഞ്ഞ്, ജ്യേഷ്ഠനോട്) എന്റെ ജ്യേഷ്ഠാ....(കരഞ്ഞുകൊണ്ടിരിക്കുന്ന സുഗതനും വേണുവും പരസ്പരം കെട്ടിപ്പിടിക്കുന്നു) എന്റെ പൊന്നു ജ്യേഷ്ഠാ....എനിക്കു മാപ്പു തരൂ....ഞാനിവിടത്തെ സഹോദരനെന്ന പേരിനുപോലും യോഗ്യനല്ല....നിർഭാഗ്യനായ ഒരു വേലക്കാരനെപ്പോലെ പരിഗണിച്ചാൽ മതി. എനിക്കു മാപ്പുതരണേ....

സുഗ—(കരഞ്ഞ് ചങ്ക് ഇടറി) എന്റെ വേണു...പ്രിയം

നിറഞ്ഞ എൻെറ വേണു....ഞങ്ങൾ എന്തു കുററം ചെയ്തിട്ടാണ് വേണു....നീ ഞങ്ങളെ വിട്ടുപിരിഞ്ഞു പോയത്? വല്ല തെററും ചെയ്തിട്ടുണ്ടെങ്കിൽ ക്ഷമിക്കു....വേണു.

നിന്നെ എത്രയധികം സ്നേഹിച്ചു വേണു. സഹോദരസൗഹാർദ്ദമാകുന്ന പൊയ്കയിൽ നാം നീന്തിക്കളിച്ചില്ലേ? നിനക്കുവേണ്ടി എൻെറ പഠിപ്പുപോലും പരിത്യജിച്ച് സർവ്വക്ലേശങ്ങളും ഞാനനുഭവിച്ചില്ലേ? എന്നിട്ട് എന്തുകൊണ്ടാണു വേണു ഞങ്ങളെ ഉപേക്ഷിച്ചത്. എത്ര നാൾ നിൻെറ വരവും കാത്തു് പ്രതീക്ഷിച്ചിരുന്നു. എൻെറ വേണു....(തലോടുന്നു.)

(കരയുന്ന വിജയനെ ലളിത എടുത്തു് ആശ്വസിപ്പിക്കുന്നു.)

ഗൗ—മകനേ, വേണു....കരയാതിരിക്കു.... ഇപ്പോഴെങ്കിലും നിന്നെ കാണുവാൻ ഭാഗ്യമുണ്ടായല്ലോ. എൻെറ ദുഃഖങ്ങൾക്കെല്ലാം ഒരു പൊറുതി ലഭിച്ചിരിക്കുന്നു. (തലോടുന്നു) എൻെറ പൊന്നു മകനേ....നിൻെറ ദേഹമെല്ലാം എന്തു പാടായിരിക്കുന്നു?

വേ—(കരഞ്ഞ് വിലപിച്ച്) അമ്മേ....ചേട്ടാ....ഞാൻ എങ്ങനെ നിങ്ങടെ മുഖത്തു നോക്കും? സർവ്വനാശത്തിന്നും കാരണഭൂതനായ ഞാൻ എങ്ങനെ ഇവിടെ നില്ക്കും? ഒരു തീരാകുററപ്പുള്ളിയായ ഞാൻ നാട്ടിൽ എങ്ങനെ നടക്കും? ജ്യേഷ്ഠാ....എന്നോട് ക്ഷമിക്കു....ഞാൻ ചെയ്ത....തെററുകൾ....മൂലമാണ്....ഈ മഹാ.... വീഴ്ചകൾക്കെല്ലാം കാരണമായിട്ടുള്ളത്. എനിക്കു മാപ്പു തരൂ....

സുഗ—സമാശ്വസിക്കു വേണു.

വേ:— ജ്യേഷ്ഠാ....അവിടുത്തെ സഹോദരസ്നേഹത്തിൻെറ കെടാദീപങ്ങളുടെ ദിവ്യദീപ്തികൊണ്ടാണ് അക്രമമാർഗ്ഗങ്ങളുപേക്ഷിച്ച് ഒരു പുതുമനുഷ്യനായിത്തീരുവാൻ കാരണമായത്.

സുഗ—ഞാനോ? അതെങ്ങനെ?

വേ—അന്നൊരിക്കൽ ജ്യേഷ്ഠൻ, തസ്കരന്മാരിൽ ഒരുവനായ എന്നെ ബന്ധിച്ച് പൊല്ലീസിൽ ഏല്പിച്ചതുമൂലം പൊല്ലീസുകാരു

ടെ കഠിനമര്‍ദ്ദനങ്ങളേല്ലുവാനും പശ്ചാത്താപനിരതനാകുവാനും ഇടയായി. ഈ ലോകപ്പൂമര്‍ദ്ദനങ്ങളും ആറു വര്‍ഷത്തോളമുള്ള ജയില്‍വാസവും അനുഭവിച്ചപ്പോഴാണ് എന്റെ അജ്ഞത നിറഞ്ഞ കണ്ണുകറുകളം മലീമസമായ ഹൃദയത്തിന്നും നീതിനിഷ്ഠമായ ഒരു പരിവര്‍ത്തനം ബാധിച്ചുള്ളു. ഹോ....ഭയങ്കരം....എന്തെല്ലാം അനീതികളാണ്‍ ഞാന്‍ ചെയ്തിട്ടുള്ളതു്. ഈശ്വരാ....അവിടുന്നു്... ഈ പാപിയെ....അനുഗ്രഹിക്കുക....

സുഗ—എന്തു്? ആ....മോഹര്‍ മുതലാളിയുടെ മകനെ ആക്രമിച്ചവരില്‍ ഒരുവനായിരുന്നെന്നോ? ഹോ....എനിക്കു സ്മരിക്കുവാന്‍കൂടി സാധിക്കുന്നില്ല. മരത്തില്‍ കെട്ടിയിട്ടടിച്ചതും മററും നിന്നെയായിരുന്നോ? കഷ്ടം....ങ് ആ!....അതേ...., ഞാന്‍ മൂലമാണു നിനക്കു പരിവര്‍ത്തനം സിദ്ധിച്ചിട്ടുണ്ടെന്നു പറയുന്നതെങ്കില്‍ ഞാന്‍ മൂലം തന്നെ നീ സുരക്ഷിതനാവണം. വരിക. നമുക്ക് ഇവിടെ ഉള്ളതുകൊണ്ടെങ്കിലും സുഖമായി ജീവിക്കാം. നിന്റെ അമ്മയും ഞാനുമുള്ളപ്പോഠം നിനക്കു് എന്തിന്നു ഭയപ്പെടണം? എന്തിന്നു നിരാശ്രയനാകണം? വേണ്ട....വരൂ....നമ്മുടെ പുനഃസമാഗമം വിജനത്തിലേയ്ക്കുള്ള ശുഭസൂചകമാണ്.

വേ—(കരഞ്ഞു്) ജ്യേഷ്ഠാ....ഞാന്‍ മഹാപാപി....ഞാന്‍ എങ്ങനെ ഇനി ഇവിടെ ജീവിക്കും?

സുഗ—(വാത്സല്യം) സഹോദരാ....വേണ്ട.... സമാശ്വസിക്കുക. നിനക്കു ജീവിക്കുവാന്‍ വേണ്ടുന്ന ഒരു പരിതഃസ്ഥിതി ഞാനുണ്ടാക്കിത്തരാം, ഒന്നുകൊണ്ടും ഭയപ്പെടേണ്ട. നമുക്കൊന്നിച്ചു അന്യന്റെ സ്ഥലമായാലും ജീവിക്കാം. ഇവിടത്തെ ഫാക്ടറിയില്‍ നിനക്കും ഒരു ജോലി വാങ്ങിച്ചുതരാം, സമാധാനിക്കു....ഈശ്വരന്‍ അനുഗ്രഹിക്കട്ടെ.

(സുഗതൻ ആവേശപൂർവ്വം ഗാനം ആലപിക്കുന്നു.)

(ഹിന്ദി, 'ബർസാത്ത്''—'ഓ....മുഝേ കിസീസെ' എ. മ.)

ഓ! ഓ! ഓ! ഓ!

ആർ കുററവാളിയാണഹോ? കുററവാളിയാർ?

തെററുകാരനാരഹോ? നീതിചെയ്യതാരഹോ? —ഓ....

1 പാരിൽ, കാണുന്നില്ലേ വൻ കലാപം?
പാടെ നീക്കുന്നു സത്യം ധർമ്മാദി
നാട്ടിൽ കാണുന്നില്ലേ? വീടുമുടിയുന്നില്ലേ?
നാശമാകുന്നില്ലേ? —ഓ....

2 അച്ഛനുമമ്മയും പുച്ഛം
ഹാ! ജ്യേഷ്ഠനനുജർ ശത്രുക്കൾ
ഭാഗംവെക്കിവിടെ അച്ഛൻ വേണ്ടെന്നായി
സ്വാർത്ഥം നോക്കും ചിലർ. —ഓ...

3 ജ്ഞാനാചാരചിന്തയും വേണ്ട
സ്വന്തകാര്യങ്ങൾ സാധിച്ചിടുവാൻ
തിന്മവർഷിക്കുന്നു ധൂർത്തടിച്ചീടുന്നു
വെട്ടി നശിക്കുന്നു. —ഓ....

4 സമ്പത്തും കീർത്തിക്കുംവേണ്ടി
സത്യം നീക്കാമെന്നുള്ളൊരു ശാസ്ത്രം!
തമ്മിൽ തല്ലിക്കുന്നു, വീടു വീട്ടാരേയും
നാടു നാട്ടാരേയും. —ഓ....

ക ർ ട്ട ൻ

N. B. കർട്ടൻ വീണതിനുശേഷം മുൻകർട്ടനുമുമ്പിൽക്കൂടെ സുഗതൻ, വേണു, കിട്ടു, ഔസേഫ് എന്നിവരടക്കം ത്രിവർണ്ണപ്പതാകയുമായി ഒരു ജാഥ പോകണം. മുദ്രവാക്യം: "രണ്ടുമാസത്തെ ബോണസ്സ് ഉടൻ തരണം" "ഓട്ടുകമ്പനിത്തൊഴിലാളികൾക്ക് കൂലി കൂട്ടിത്തരണം" "വേലസമയം 8 മണിക്കൂർ."

## രംഗം പന്ത്രണ്ട്

[ആലപ്പുഴ നഗരം—ഒരു തെരുവീഥിയിൽ തെയ്യനും തടിച്ചുകൊഴുത്ത സഖാവ് ഗോപാലനും തമ്മിൽ സംഭാഷണം.]

തെയ്യൻ—ഞാൻ ല്ലാ....ന്ന് നിങ്ങളെന്തേണങ്കിലും ശെയ്യോ. ഹം....! എന്തു കൊണ്ടോം കെട്ടാനാ....?

ഗോപാലൻ—തെയ്യാ...., നീ പറയുന്നതു കേൾക്ക്, ആ സുഗതനും വേണും നിങ്ങളെ കുഴിച്ചാടിക്കാനാ വന്നിരിക്കുന്നത്. അവരെക്കൊണ്ട് നിങ്ങൾക്ക് ഒരു ഗുണോം ഉണ്ടാകില്ല. ഞാൻ പറയുന്നതു കേൾക്ക്. ഇപ്പോഴുള്ള കൂലിയുടെ മൂന്നിരട്ടി ഞാൻ വാങ്ങിത്തരാം, ആ മുതലാളിയെ പിടിച്ചുതള്ളിക്കളഞ്ഞ് നമുക്ക് ആ കമ്പനി സ്വന്തമാക്കാം, നിങ്ങളെത്രപ്രാവശ്യമായി ആ സുഗതന്റെയും വേണുവിന്റെയും വാക്കുകൾ കേട്ടു നടക്കുന്നു? വല്ല ഫലം കിട്ട്യ്യാ? അതാപറയുന്നേ. അതുകൊണ്ട്, നമുക്ക് ആ സുഗതന്റെയും വേണുവിന്റെയും പേരിൽ കള്ളപ്രചരണമങ്ങു നടത്തി ആ യൂണിയൻ നമ്മുടെ കസ്റ്റഡിയിലാക്കണം, എന്താ?

തെ—(തലയാട്ടി) വേണ്ടങ്ങുന്നേ, വേണ്ട. നമ്മക്കില്ല ആ സുഗതനങ്ങുന്നിനെപ്പററി ദൂഷ്യം പറേണോന്ന്.

ഗോ—നിങ്ങളുടെ ഗുണത്തിനാണ് പറയുന്നത്.

തെ—നല്ല കൊണ്ണാ....കൊണ്ണം. പട്ടിണ്യോണ്ട് ചാവുന്ന തന്നെ കൊണോം. നിങ്ങളേലും പോതാ....ങ്ങ്ടേ യൂണിയൻ. ആ സുഗതനങ്ങന്ന് ഞങ്ങൾക്ക വേണ്ട്യ....ഒരു കായെങ്കിലും എടുക്കാണ്ട് മരിയ്ക്കും ചെയ്ണേ...., മരിച്ച് പാട്ട് പെട്ട്യാ....നിങ്ങ്ള്പ്പോലെ പററിച്ചോണ്ട് പോണുല്ല്യാ....

ഗോ—നിങ്ങളെ ആർ പററിച്ചു? ആരാണിതിനു കുററവാളി?

തെ—ആരാതിന്ന് കുററവാളീന്നാ....ഒവ്ന്നേ....ക്കെ മനതിലായിന്ന്. ഇഞ്ഞ് നടക്കുല്ല്യാ....ഒരു തവ്ണ്യേ പററൂ....

ഗോ—എന്തു മനസ്സിലായി? നിങ്ങൾക്കെന്തുപദ്രവമാണ് ഞങ്ങൾ ചെയ്തത്.

തെ—(സവിലാപം) അതങ്ക്ട് ഓക്കമ്പ്ഴേ....(നെഞ്ഞത്തടിച്ച്) ഞെഞ്ഞ് പൊരിയാണങ്ങുന്നേ. കഴിഞ്ഞ തെരക്ക് കാലത്തേ—ഓർമ്മീല്ലേ—നിങ്ങളെന്താ ശെയ്തേ....ങ്ങ്ട്സ്റ്റീന്ന് കായും, കൂലീം, ബരിസംഖ്യോം തേങ്ങീം മാങ്ങീം ഒക്കെ ബാങ്ങ്യോണ്ട് നിങ്ങ്ള് ഞങ്ങളെ പററീച്ചോണ്ടോടില്ല്യേ?

ഗോ—ആര്?—ഞാനോ?

തെ—ആംന്നേ; നിങ്ങ്ളന്നെ (ആലോചിച്ച്) പിന്നാരാ ന്നേ....ങ്ങ്ആ! ബ്ട്ടെ ആ സഹ്ക്ക്ള് യോർശ്ശും, യനാർത്ത നോം, ച്ചതദമനനും മറേറ...ഞ്ഞ് പററുല്ലാന്നു്. (അല്പംകഴിഞ്ഞു് ഞാമ്പൂവ്വാ....എൻക്ക് നേരോല്ലാ....ഇന്നുങ്ങ്ടെ ബീററി ഞ്ഞോം യാദേം മാററുവാം....(അല്പം നടക്കുന്നു)

ഗോ—നില്ലൂ...., നില്ലൂ. (തെയ്യൻ നില്ലൂന്നു) അല്ലാ...., അന്നത്തെ ആ സ്ട്രൈക്കകാലത്ത് കൂടതൽ കൂലിയും, പിരിച്ചുവിട്ട തൊഴിലാളികളെ തിരിച്ചെടുപ്പിച്ചതും ഞങ്ങളല്ലേ....പിന്നെന്താ തെയ്യൻ പററിച്ചൂന്നു പറയുന്നത്? നിങ്ങളെ വഴിപിഴപ്പിക്കാൻ ആ സുഗതൻ എടുത്ത വിദ്യയാണിതല്ലേ....ശരി, ശരി തെയ്യാ...., ഞാൻ പറയുന്നതു കേൾക്ക്....

തെ—ഹും....ഇല്ലാർന്നൂന്നു. ങ്ങ്ള്ക്കം കൊറേശ്ശെ ഒപാദ്ധിയുണ്ടങ്ങുന്നേ....നിങ്ങടെ ബെളവോള് ഇഞ്ഞ് നടക്ക്ല്ല. ഹും...., കൂലി കൂട്ടിതന്നൂന്ന്. നിങ്ങ്ള് ശൊർണ്ണക്കട്ടേം, അടപ്രഥമനാ, തന്നേ....(തിരിഞ്ഞു്) ഇവന്മാക്ക് പൊക്കൂടേ...അന്നത്തെ ത്രൈക്ക്ന്നാളേ...., കൊറെ കൂട്ടരു, ഗുണ്ട്യപ്പെട്ടേ്യാളും എട്ടത്താണ്ട് ആളോളുടെ പക്കലേക്കങ്ങ് കായ്പിരിവിന്ന് പോവും. എന്നിട്ട് പറയാ...., ത്രൈക്ക് യയിക്കാൻ നാട്ടുകാര് സഹായിക്കണംന്ന്. അങ്ങനെ കായും പുത്തനോം പെരിവെടുത്ത്ട്ട് ങ്ങ്ള്ക്ക് തരാണ്ടേ...ഇവന്മാര് മൊഴുവനും പററിച്ചെടുത്തോണ്ട് പൊയ്ക്കളഞ്ഞു. കേട്ടോ....എന്തു കട്ടംകെയ്യാ ശെയ്യേ....?

ങ്ങ്ടെ ബയററിലേ, ബട്ട്ണ്യാ....ബട്ട്ണി. റേശനും കൂശനും, തൊന്ത്രവും മററുള്ള കാലത്താ നിങ്ങ്ള് ബയററത്തടിച്ചേ. ത്രൈക്കം അന്ത്യാം-ഠ രഫോയിട്ട് നിങ്ങള് ബിളിക്ക്ണോട്ടത്ത് പോയാലേ ങ്ങ്ടെ ക്ലാങ്ങളും കുട്ട്യോളും വാക്കി ഉണ്ടാവൂല്ല. എന്നാ ഒരു കൊണം ബേണ്ടേ?—ഇതുല്ല്യാ....ഹും! നിങ്ങടെ ത്രൈക്കം, യാദേം, ഇങ്കിടിവാളും, തിങ്കിടിപിടുത്തോം, ങ്ങക്ക് ഒരു കൊണോന്നു പറഞ്ഞത് ഉണ്ടാവണ്ടേ?—ഒന്നൂല്ലാ. ഒരു കായിന്റ് ഒപകാരല്ല്യാ. നിങ്ങ്ടെ വാക്കും പഴേ ചാക്കും ഒന്നാ. എന്നും ചെങ്കൊടി പിടിച്ചോണ്ട് നടക്ക്യന്നെ, നടക്ക്യേന്നേ... നിങ്ങ്ള്, മൂന്നേരം തീററീം, വീടീം, സെരിലെററും ആയിട്ട് നടക്കാ; (അല്പംകഴിഞ്ഞു്) ഇഞ്ഞ്ളില്ല്യാ....ങ്ങ്ക്ക് പാസരിക്കന്നെവത്ത്യാണ്ടാന്നു് നോക്കണം. ഞാമ്പൂ....വാ....(പോകുന്നു. സ. ഗോപാലൻ മീശപിരിച്ച് വിഷണ്ണനായി മടങ്ങുന്നു.)

കർട്ടൻ

## രംഗം പതിമ്മൂന്ന്

[ആലപ്പുഴ നഗരം—ഒരു തെരുവിൽ സുഗതൻ, വേണു, വേലപ്പൻ, ഔസേപ്പ്, കിട്ടു എന്നീ തൊഴിലാളികൾ തമ്മിൽ സംഭാഷണം.]

വേലപ്പൻ—അപ്പോൾ ഒരു കാര്യം വേണം. ഏതായാലും സ്ട്രൈക്കിനുള്ള നോട്ടീസ് കൊടുത്തല്ലോ. എന്നിട്ടും ഇതുവരെ ഒരു മറുപടിയും കിട്ടിയിട്ടില്ല. അതുകൊണ്ട് നമുക്ക് മെമ്മോറാണ്ടം വേഗംതന്നെ മുതലാളിക്കു നൽകണം. ഒന്നുകൂടെ മുതലാളിയോടു പറയ്യാ........

കിട്ടു—അതേ അതേ, അതുതന്നെ. നമുക്ക് എല്ലാ പരിശ്രമങ്ങളും ചെയ്യാം. അതുകൊണ്ടൊന്നും ഫലം കാണുന്നില്ലെങ്കിൽ സ്ട്രൈക്കും മററും ഏർപ്പെടുത്താം.

വേ—നോട്ടീസിൽ എന്നുമുതല്ക്കാണ് സ്ട്രൈക്ക് ചെയ്യുമെന്ന് കാണിച്ചിട്ടുള്ളത്?

സുഗ—ഈ മാസം 28-ാംനു മുതൽ.

വേല—അപ്പോൾ അടുത്ത വ്യാഴാഴ്ചയാണീപ്പറഞ്ഞ ദിവസം. എന്നാൽ ഉടൻ മുതലാളിയെ ചെന്നുകണ്ട് വിവരം അറിയണം.

വേണു—മെമ്മോറാണ്ടം ശരിയാക്കിയോ?

സുഗ—ഉവ്വ്....ഇതാ നോക്കൂ....(കാണിക്കുന്നു. വേണു വാങ്ങി നോക്കുന്നു)

വേ—(തലകുലുക്കി) ഹോ....ഇതുമതി, ഇതുമതി. (മററുള്ളവരും മെമ്മോറാണ്ടം നോക്കുന്നു) തൊഴിലാളികളുടെ സ്ഥിതിയെല്ലാം എങ്ങനെയിരിക്കുന്നു?

സുഗ—അതിനൊന്നും ഭയപ്പെടേണ്ട. അവരെല്ലാവരും നമ്മുടെ പക്ഷത്തുണ്ട്. ഒരാളെപ്പോലും മുതലാളിക്കാകട്ടെ, ഐമുക്കാർക്കാകട്ടെ പാട്ടിലാക്കാൻ സാദ്ധ്യമല്ല. കരിങ്കാലിപ്പണിക്ക് മുതലാളീം സിൽബന്ധികളും കിടഞ്ഞു പരിശ്രമിക്കുന്നുണ്ട്.

വേ—ങ്ങ് ആ!....തരക്കേടില്ലല്ലോ?

കി—ഇന്നാള്, നമ്മുടെ കുടത്തക്കേനേയും അന്തോണ്യപ്ലാരേയും പാട്ടിലാക്കാൻ വല്ലാണ്ടു പണിപ്പെട്ടു; അതുപോലെത്തന്നെ പെണ്ണുങ്ങളേയും.

വേ—എന്നിട്ട്?

കി—അവരൊന്നും കൂട്ടാക്കില്ല. അവരോട് മുതലാളി പറയാ...., 'നിങ്ങറം അവരുടെ സ്ട്രൈക്കിലൊന്നും കൂടരെയ്യേം. എന്താ വേണ്ടേങ്ങേ കൂലിയും മരുന്നും ഒക്കെത്തരാം. ആ സുഗതനും കൂട്ടരും ഒക്കെ കമ്മ്യൂണിസ്റ്റ്കാരാ'....എന്നു്.

സുഗ—(ചിരിച്ച്) തരക്കേടില്ല. മുതലാളിയുടെ വയറവീപ്പിക്കാൻവേണ്ടി നമ്മെ കമ്മ്യൂണിസ്റ്റ്കാരാക്കിയല്ലേ? കഷ്ടം! പിന്നെ എങ്ങനെയാണ് കമ്മ്യൂണിസ്റ്റ്കാർക്ക് ഇളതരം ഇല്ലാതിരിക്ക്യാം....

കി—അതു ശര്യാ....അന്നിട്ട് അവർ മുതലാളേപ്യാട് പറഞ്ഞു: അങ്ങനെ ഞങ്ങളെ സ്വർഗ്ഗത്തിലേക്ക് കൊണ്ടോണ്ടാ. ഞങ്ങളുടെ കൂട്ടരെ വഞ്ചിച്ച് മൊതലാളീനെ തൃപ്തിപ്പെടുത്തണമെന്നോ പറേണെ....അതുവേണ്ട. ഞങ്ങളുടെ ഈ ന്യായമായ അവകാശങ്ങളങ്ങ്ട് തന്നാ, ഈ സ്ട്രൈക്കിനും മററും ഞങ്ങറം പോകോ—എന്ന്? പിന്നെ മുതലാളിക്ക് അവരോടൊന്നും പറയാൻ കഴിഞ്ഞില്ല. വേഗം പോയി.

സുഗ—അതു നന്നായി....കമ്മ്യൂണിസ്റ്റ്കാരും പാടുപെടുന്നുണ്ട് ഈ സ്ട്രൈക്ക് പൊളിപ്പിക്കാൻ. അവരും നമ്മളിൽ ചിലരെയെല്ലാം പിടികൂടി. ഫലമുണ്ടായില്ലെന്നുമാത്രം. നമ്മുടെ ഈ സംഘടന അവരുടെ പടിയിലല്ലാത്തതിനാൽ ആ കമ്മ്യൂക്കാറംക്ക വളരെ ദേഷ്യവും അസൂയയും ഉണ്ട്. ഏതു വിധത്തിലെങ്കിലും ഈ സംഘടന പൊളിപ്പിക്കണമെന്നാണവരുടെ ഉദ്ദേശം.

വേല—തൊഴിലാളികളുടെ അവകാശങ്ങറംക്കായി നാം

ശ്രമിക്കുമ്പോഠം പിന്നെന്തിനാണവർ ഇവിടേയും കലക്കത്തിനു വരുന്നതു്? ദുഷിച്ച വർഗ്ഗം!

സുഗ—അതാണു് അവരുടെ പാർട്ടിപ്രചരണം. വർഗ്ഗസമരം നടത്തി കമ്മ്യൂക്കളുടെ പ്രാബല്യം സ്ഥാപിക്കാനാണു് അവരുടെ ഉദ്ദേശ്യം. സമത്വം സമത്വമെന്ന പഞ്ചസാരവാക്കുകളെല്ലാം തൊഴിലാളികഠംക്കു അനുഭവിക്കുന്നതിന്നൊന്നുമല്ല. കമ്മ്യൂക്കളെ നയിക്കുന്ന മികച്ച ചുകപ്പൻ സഖാക്കഠംക്കുള്ളതാണു് സമത്വം. തൊഴിലാളികഠംക്കു് അസമത്വംമാത്രം ഫലം. അതാണല്ലോ ചൈന, ചെക്കോസ്ളോവാക്കിയ, റഷ്യ തുടങ്ങിയ കമ്മ്യൂണിസ്റ്റു് രാജ്യങ്ങളിലെല്ലാം നടക്കുന്നതു്. അവിടെ തൊഴിലാളികഠംക്കും മററു പാവങ്ങഠംക്കും സമത്വം 'കഴുത്തറുക്കൽ' 'വെടിവെക്കൽ' 'സൈബീരിയയിലേക്കയക്കൽ' എന്നിവയിലാണു്.

ഔ—തരക്കേടില്ല, തരക്കേടില്ല. വകവെച്ചുകിട്ടേണ്ടു 2 മാസത്തെ ബോണസ്സും കൂലിയും വാങ്ങിക്കാൻ തൊഴിലാളികളായ നമ്മഠം ശ്രമിക്കുമ്പോഠം ആ കമ്മ്യൂക്കഠം കൊളത്തിൽ നഞ്ഞുകലക്കി മത്സ്യംപിടിക്കാൻ നോക്കാ....തരക്കേടില്ല്യാ....നിങ്ങളാ.... ഞങ്ങഠംക്കു് $13\frac{1}{2}$ സെൻറവീതം തരുന്ന കൂട്ടർ?

വേ—(ചിരിച്ചു്) $13\frac{1}{2}$ സെൻറവീതം തരലല്ല കൊടുക്കലാ. കൊടുത്തില്ലെങ്കിൽ തട്ടിയെടുക്കലും കൂട്ടക്കൊലയും. അത്രേ ഉള്ളു.

സുഗ—എന്തായാലും അവർ ഇവിടേയും കണ്ണുവച്ചിട്ടുണ്ടു്. സാരമില്ല. ഒരാളെപ്പോലും കിട്ടുകയില്ല. നമ്മുടെ ഈ ഉദ്യമം എങ്ങനെയായാലും വിജയിക്കും.

വേ—നേരം കുറച്ചായെന്നാ തോന്നുന്നതു്. നമുക്കു് പോവാ. ജാഥയും മററും ഏർപ്പെടുത്തി? അവക്കു വേണ്ടുന്ന ഉപദേശങ്ങളെല്ലാം കൊടുക്കേണ്ടതുണ്ടു്.

സുഗ—അതേ, പോകാം. നമുക്കു നാളെ രാവിലെ പത്തുമണിയോടുകൂടി മുതലാളിയുടെ ഓഫീസിലേക്കു പോകാം. മെമ്മോറാണ്ടവും കൊടുക്കാം. അതു പോരേ?

ഔ—അനുമതി. പത്തുമണിക്കു തന്നെ പോകാം.

വേ—സ്ട്രൈക്ക് വേണോ വേണ്ടേ എന്നുള്ള കാര്യം അതിനുശേഷം തീരുമാനത്തിലെത്തിച്ചേരാം.

സുഗ—അതെ, അനുമതി. എന്നാൽ പോകട്ടെ....വരൂ....

(എല്ലാവരും പോകുന്നു)

N. B. 11-ാം രംഗാന്ത്യത്തിൽ ജാഥയുണ്ടായിരുന്നതുപോലെ 12-ലും കർട്ടൻ വീണശേഷം ജാഥ വേണം.

## രംഗം പതിനാല്

[ "ആലപ്പുഴ ടൈൽ വർക്സ്"—ഓഫീസിൽ മുതലാളി ഇരുന്ന് കണക്കുകളും മററും പരിശോധിക്കുന്നു. അല്പസമയത്തിനുശേഷം മാനേജർ പ്രവേശിക്കുന്നു. ]

മുത—ങ് ആ!....എന്താണിത്ര വൈകിയത്? തൊഴിലാളികളുടെ കാര്യമെല്ലാം എങ്ങനെയിരിക്കുന്നു?

മാ—(ഇരുന്ന്) കാര്യം വളരെ അപകടത്തിലാവോന്നാണെൻെറ ഭയം. അവരെ പിടിച്ചിട്ടൊന്നും കിട്ടുന്നില്ല.

മുത—ങ് ആ!....അത്രയ്ക്കായോ?

മാ—ഉവ്വ്. അവരെല്ലാം ഒററ കെട്ടായിരിക്ക്യാ. ഞാൻ പല വിദ്യകളും പ്രയോഗിച്ചുനോക്കി. പക്ഷേ, ഫലം കാണുന്നില്ല. (ആലോചിച്ച്) ഇനി എന്തുചെയ്യും?

മുത—ഏതെങ്കിലും വിധത്തിൽ ഇതിനൊരു കൗശലം കണ്ടുപിടിക്കണമല്ലോ? പത്തിരുപതു വാഗന് ഓർഡറുകിട്ടിയിട്ടുണ്ട്. അതിന്ന് ഓട് എങ്ങനെ ഉണ്ടാകാനാ....? അടുത്ത വ്യാഴാഴ്ച മുതൽ സ്ട്രൈക്ക് ചെയ്യുമെന്നു പറയുന്നു. അപ്പോഴം ഈ ജോലിയെല്ലാം എങ്ങനെ നടക്കും?

മാ—നമ്മളാ ചരക്കയച്ചില്ലെങ്കിൽ മോശം—നമ്മുടെ കമ്പനിക്കാണതിൻെറ ഇടിവും ഉടവും.

മുത—എന്നാൻ ഒരു കാര്യമങ്ങു ചെയ്താലെന്താ?

മാ—അതെന്താ?

മുത—ഇപ്പോഴത്തെ തൊഴിലാളികളെയെല്ലാം പിരിച്ചുവിട്ട് പുതിയ ആറംക്കാരെ ഏർപ്പെടുത്ത്ആ. തൊഴിലില്ലാതെ വളരെപ്പേരുണ്ടല്ലോ നാട്ടിൽ? ആ സുഗതൻേറയും കൂട്ടരുടേയും മുഷ്കും നിലയ്ക്കും. അവരു് അവരുടെ പാടായിട്ടു നടന്നുകൊള്ളട്ടെ. അതുകൊണ്ടു് നമ്മുടെ കാര്യവും സാധിക്കും. എന്താ?

മാ—(തലകുലുക്കി) അതാപത്താണ്. ഇതിലും വലിയ അപകടമാണ് ഇനി ഉണ്ടാവുക. നാം എന്തടിസ്ഥാനത്തിലാണ് ഇപ്പോഴുള്ള തൊഴിലാളികളെ പിരിച്ചുവിട്ട് പുതിയവരെ ചേർക്കുന്നതു്? ഇതും നടക്കുവാൻ പോകുന്നില്ല. പിന്നെ ഗവർമ്മെണ്ടാവും ഇക്കാര്യത്തിലേർപ്പെടുക. തൊഴിലാളികറംക്ക് മെച്ചമാവുകയും ചെയ്യും.

മുത—പിന്നെ എന്താണിതിന്നൊരു പോംവഴി? ലേബർ മിനിസ്റ്ററെക്കണ്ടു് 'കൈമടക്കി'യാൽ എങ്ങനെയാണ്? ഇവരെ ഒന്നു പിരിച്ചുവിടാൻ സാധിയ്ക്കോ?....

മാ—(തലകുലുക്കി) ഹും....സാദ്ധ്യമല്ല. ഇപ്പോഴത്തെ മിനിസ്റ്റർ കൈക്കൂലിയും മററും വാങ്ങിക്കുന്ന ആളല്ല. സത്യംനോക്കി മാത്രമെ അദ്ദേഹം ഏതു കാര്യവും പ്രവൃത്തിക്കുന്നുള്ളു.

മുത—(നെടുവീർപ്പു്) പിന്നെ നാമെന്തു ചെയ്യും?

(സുഗതൻ, വേണു, വേലപ്പൻ, കിട്ടു എന്നിവർ പ്രവേശിക്കുന്നു)

സുഗ—(മെമ്മോറാണ്ടം കൈപ്പിടിച്ച്) മുതലാളീ...

മുത—(നോക്കി) ഓ!...എന്താണാവോ സഖാക്കളു് എഴുന്നള്ളിയിരിക്കുന്നതു്.

സുഗ—ഞങ്ങറംക്കു ഒരു മെമ്മോറാണ്ടം സമർപ്പിക്കുവാനുണ്ടു് (കൊടുക്കുന്നു. മുതലാളി വാങ്ങി നോക്കുന്നു) ദയവുചെയ്തു് ഞങ്ങളെ സഹായിക്കണം, ഞങ്ങറം പാവങ്ങളായ തൊഴിലാളി

കശ. ഏതെങ്കിലും തരത്തിൽ ഇതിന്നൊരു പ്രതിവിധി ഉണ്ടാക്കിത്തരുന്നതായാൽ വളരെ ഉപകാരമായിരിക്കും; മുതലാളീ....

മുത—(പുച്ഛത്തിൽ) ഹോ....മെമ്മോറാണ്ടമാണോ?....അതും കൂടിയേ പോരാതുണ്ടായിരുന്നുള്ളു. ഉം....ഇതൊന്നു വായിക്കു (മാനേജരുടെ പക്കൽ കൊടുക്കുന്നു.)

മാ—(വാങ്ങി വായിക്കുന്നു)

'ആലപ്പുഴ ടൈൽവർക്സ്' മുതലാളിയുടേയും മാനേജരുടേയും മുമ്പാകെ ടി. കമ്പനിയിലെ തൊഴിലാളികശ സമർപ്പിക്കുന്ന മെമ്മോറാണ്ടം: എന്തെന്നാൽ—

ഇവിടെ ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിൻെറ നേതൃത്വത്തിൽ ഒരു തൊഴിലാളിസംഘടന പ്രവർത്തിച്ചുവരുന്നുണ്ടല്ലോ. ധാർമ്മികമായ മാർഗ്ഗത്തിൽക്കൂടെയാണ് ഈ സംഘടന ഇതുവരെക്കും പ്രവൃത്തിച്ചുവന്നിട്ടുള്ളതു—പ്രവൃത്തിക്കുവാനാഗ്രഹിക്കുന്നതും. മുൻ കാലങ്ങളിൽ ഞങ്ങശക്കു ലഭിച്ചിരുന്ന കൂലി നിത്യവൃത്തിക്കു മതിയായവയായിരുന്നു. എന്നാൽ ഇപ്പോശ കാലം വ്യത്യസ്ഥമായിരിക്കുന്നു. ജീവിതാവശ്യങ്ങശക്കു വേണ്ടുന്ന സാധനങ്ങശക്കെല്ലാം വില കൂടിക്കൂടിയാണു വരുന്നതു്, അതുകാരണം ഇപ്പോഴത്തെ കൂലികൊണ്ടു ജീവിക്കുന്നതിന്നു സാധിക്കാത്ത ഒരു പരിതഃസ്ഥിതി സംജാതമായിരിക്കുന്നു. ഓടിന്നാണെങ്കിൽ ഇപ്പോശ നല്ല വിലയും, ധാരാളം ഓർഡറുമുണ്ടു്; വേലയുമുണ്ടു്. പക്ഷേ, ഇന്നത്തെ കൂലി വളരെ പരിമിതമാണ്, ജീവിക്കുവാൻതന്നെ അതുകാരണം സാധിക്കുന്നില്ല. അതിനാൽ ഇന്നത്തെ സ്ഥിതിക്കു ഒരു പുരുഷന്നു 2ണ യും സ്ത്രീക്കു ഒരണയും കുട്ടികശക്കു 6 പൈയും കൂലി കൂട്ടിത്തരേണ്ടതു ന്യായം മാത്രമാണ്. മററ ചില കമ്പനികളിലെല്ലാം കൂലി കൂട്ടിക്കൊടുക്കുന്നുമുണ്ടു്.

മാത്രമല്ലാ, ഞങ്ങശക്കു ന്യായമായി ലഭിക്കേണ്ട 2 മാസത്തെ ബോണസ്സും ഇതേവരെ തന്നിട്ടില്ല. ഞങ്ങശ തൊഴിലാളികളാണ്. ഇങ്ങനെ വല്ലതും കിട്ടിയിട്ടുവേണം വല്ലതും കഴിയ്ക്കാൻ.

ഞങ്ങൾക്ക് അർഹിക്കുന്ന ഈ ബോണസ്സ് ഞങ്ങൾക്ക് തരാതെ ഇങ്ങനെ നീട്ടിക്കൊണ്ടു പോകുന്നതു എന്തു കാരണത്താലാണെന്നറിയുന്നില്ല. അതുകൊണ്ട് ബോണസ്സും ഉടൻ തരുവാൻ അപേക്ഷിക്കുന്നു. ഇനിയും മറെറാരു കാര്യമുള്ളതു് വേലസമയമാണ്. ഗവമ്മെണ്ടിൽനിന്നും ഇത്ര സമയമേ പണിയുവാൻ പാടുള്ളു എന്നു നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഈ കമ്പനിയിൽ ആ നിയമം പാലിച്ചുകാണുന്നില്ല. പത്തും പന്ത്രണ്ടും മണിക്കൂറുകളാണ് പണിയിക്കുന്നതു്. ഈ വിഷയത്തിലും ശ്രദ്ധപതിഞ്ഞുകാണുവാൻ ആഗ്രഹിക്കുന്നു.

അതുകൊണ്ട് പ്രസ്തുത അടിയന്തിരാവശ്യങ്ങളിൽ നിങ്ങളുടെ വിലയേറിയ ദയവുണ്ടാകുവാൻ വീണ്ടും വീണ്ടും അഭ്യർത്ഥിക്കുന്നു.

ഞങ്ങൾക്ക് ഇതുകൊണ്ടും ഒരു നിവൃത്തിമാർഗ്ഗം ഇല്ലാതായാൽ ഞങ്ങൾ സ്ട്രൈക്കിന്നും സത്യാഗ്രഹത്തിന്നും മററും നിർബ്ബന്ധിതരായിത്തീരും. പോംവഴി കാണുന്നപക്ഷം സ്ട്രൈക്കും മററും പിൻവലിക്കുന്നതും ധാർമ്മികബോധത്തോടുകൂടി ഈ സംഘടന പ്രവൃത്തിച്ചുവരുന്നതുമാണ്. ആയതിലേക്ക് ഈ കമ്പനിയുടെ മുതലാളിയുടേയും മാനേജരുടേയും സഹായ സഹകരണങ്ങൾ സവിനയം ഞങ്ങൾ അഭ്യർത്ഥിച്ചുകൊള്ളുന്നു.

എന്ന്,

“ആലപ്പുഴ ടൈൽവർക്ക്സ്” തൊഴിലാളികൾ,

ആലപ്പുഴ,
26—8—’55.

കൺവീനർ;
എം. ഡി. സുഗതൻ (ഒപ്പ്)

മാ—(തലകുലുക്കി) തരക്കേടില്ല. കേമമായിട്ടുണ്ട്. പിടിച്ച വാശിയും പിടിവിട്ടിട്ടില്ല—ല്ലേ?

മുത—അപ്പോൾ നിങ്ങളോടു പറഞ്ഞതല്ലേ? ഇതെത്രപ്രാവശ്യം പറയണം? കമ്പനി ഇതേവരെ നടത്തിയതിൽ നഷ്ടമല്ലാതെ ഒന്നുമില്ല. കയ്യീന്നാ കാശുവയ്ക്കുന്നേ—കമ്പനി നടത്താൻ.

ദിവസം ചെല്ലുന്തോറും നഷ്ടമല്ലാതെ മറെറാന്നും കാണുന്നില്ല. എന്നിട്ടു നിങ്ങറം പറയുന്നതിനെല്ലാം തുള്ളാൻ നടന്നാലോ?

സുഗ—മൊതലാളീ....അങ്ങനെ പറയരുതു്. ഞങ്ങടം തൊഴിലാളികളാണു്. അങ്ങറക്ക കുറേശ്ശേ ആലോചിച്ചാലറിയാം—കമ്പനിക്കു് നഷ്ടമാണോ അതോ—ലാഭമാണോ എന്നു്.

മുത—(തല മാന്തുന്നു. പുസ്തകമെടുത്തു് മേശമേൽ അടിക്കുന്നു) എന്നാൽ നിങ്ങളാ....നടത്തിക്കോ....എനിക്കു ദേഷ്യം വരു് ണു നിൻെറ വത്തമാനം കേടംക്കുമ്പോറം.

സുഗ—ഉള്ളതു പറയുമ്പോഴെന്തിനാ മുതലാളി കോപിക്കുന്നതു്? ഓടിന്നാണെങ്കിൽ നല്ല വിലയുണ്ടു്. ഓടു ധാരാളം കയററിപ്പോകുന്നുമുണ്ടു്. വാഗൻ കിട്ടാൻ ഒരു വിഷമവുമില്ല. ഇങ്ങനെയെല്ലാമുള്ളപ്പോറം എന്തിനാ....മുതലാളീ....തൊഴിലാളികളായ ഞങ്ങളെ പട്ടിണിക്കിടുന്നതു്?

മാ—ഇവൻ പറഞ്ഞു പറഞ്ഞു തലേക്കേറുന്നുണ്ടല്ലോ. എല്ലാ കാര്യം നിനക്കറിയാമല്ലേ?

വേ—തലേക്കേറുകയല്ല—ഉള്ള യാഥാർത്ഥ്യമങ്ങു പറഞ്ഞുവെന്നേയുള്ളു.

മുത—ഇപ്പോയീ പറഞ്ഞതൊക്കെ ശര്യാണല്ലേ?

കി—എന്താണതിനു സംശയം?

മുത—എന്നിട്ടും ഇവിടെ ഓടട്ടികറം കെട്ടിക്കിടക്കുന്നേതു്? കമ്പനിവളപ്പിൽ ഇനി ഒരു സ്ഥലമില്ല. എല്ലായിടത്തും ഓടുകളങ്ങനെ അട്ടിയട്ടിയായി വെച്ചിരിക്ക്യാം. വാഗനെന്നു പറഞ്ഞതു് കിട്ടണ്ടേ? കയററിപ്പോയില്ലെങ്കിൽ എങ്ങനെയാണു് രൂപാകിട്ടുന്നതു്? നിങ്ങറക്കു് അനുഭവമുള്ളതല്ലേ? എത്ര വാഗൻ ചരക്കാണു് ഇവിടെ കിടക്കുന്നതു്? എന്നിട്ടു് കമ്പനിക്കു് ലാഭന്നാ വിചാരം. തരക്കേടില്ല, കുറക്കൻെറ കണ്ണു കോഴിക്കൂട്ടിലേക്കാ....പിന്നെങ്ങനെ നേരെയാകും?

സുഗ—മുതലാളി പറയുന്നതെല്ലാം വിശ്വസിക്കാൻഅത്ര കഴുതകളല്ല ഞങ്ങളും. ഞങ്ങളും മനുഷ്യർ തന്നെയാണു്; മൃഗങ്ങ

ളൊന്നുമല്ല. ഞങ്ങൾക്കും കുറേശ്ശെ ബുദ്ധിയുണ്ട്. ഞങ്ങൾ അദ്ധ്വാനിക്കുന്നതിനുള്ള പ്രതിഫലമാണ് ഞങ്ങൾ ചോദിക്കുന്നത്?

മാ—കഴുതകളായതുകൊണ്ടാണ് ഈ സ്ട്രൈക്കിനും ഇങ്കലാബിനും മററും പുറപ്പെട്ടിരിക്കുന്നത്. അല്ലെങ്കിൽ ഈ വേല കിട്ടാത്തകാലത്ത് ഉള്ള തൊഴിലുംകൂടി കളയുമോ? കൂട്ടിൽ കിടക്കുന്ന പക്ഷിയെ വിട്ടിട്ട് പുറത്തു പറക്കുന്ന പക്ഷിയെ പിടിക്കുന്നതു ശരിയാണോ?

സുഗ—അതുശരി. തൊഴിലില്ലാത്ത വർഗ്ഗമാണ് ഞങ്ങളെന്നു വിചാരിച്ച് മുതലാളിവർഗ്ഗത്തിന്ന് എന്തനീതിയും പ്രവർത്തിക്കാമെന്ന്—അല്ലേ? അതു കണ്ടിരിക്കുവാനും സഹിക്കുവാനും തൊഴിലാളികൾ ഇനി തയ്യാറില്ല.

മുത—ഞങ്ങളും തയ്യാറില്ല. നിങ്ങൾ എന്താണു ചെയ്യുക? നിങ്ങടെ കാർന്നന്മാരുടെ മുതലൊന്നും ഇവിടെ ഇറക്കുന്നില്ലല്ലോ?

സുഗ—കാർന്നന്മാരുടെ മുതലുകൾ ഉണ്ടായിരുന്നെങ്കിൽ ഞെളി തൊഴിലിന്നു വരുമോ? മുതലാളി അങ്ങനെ പറയരുത്. എന്നാൽ ഞങ്ങളുടെ മുതലുകൊണ്ടാണ് നിങ്ങൾ സുഖിക്കുന്നതെന്നു പറഞ്ഞാൽ അതു തികച്ചും പരമാർത്ഥമാണ്. പ്രഭാതംമുതൽ പ്രദോഷംവരെ അഥവാ അഹോരാത്രം എല്ലുമുറിയെ ചോരനീരാക്കി അദ്ധ്വാനിക്കുന്നതിൻെറ ഫലമാണ് മുതലാളിവർഗ്ഗം സുഖമായി അനുഭവിക്കുന്നത്. ഞങ്ങൾക്കോ?—പട്ടിണിയും. പണം നിങ്ങൾ ഇറക്കുന്നുണ്ടെങ്കിലും അതിനേക്കാൾ പാവനമായ സമ്പത്താണ് ഞങ്ങൾ നിത്യവും ഇറക്കിക്കൊണ്ടിരിക്കുന്നത്. തൊഴിലാളികളുടെ ഈ സമ്പത്തില്ലെങ്കിൽ ലോകംതന്നെ തിരോധാനം ചെയ്യുന്നതാണ്. അതുകൊണ്ടാണ് ഞങ്ങളുടെ സമ്പത്തിനുള്ള—ഈ അദ്ധ്വാനത്തിനുള്ള—ശരിയായ കൂലി, ജീവനക്കൂലി ഞങ്ങൾക്കു തരണമെന്ന് ഞങ്ങളാവശ്യപ്പെടുന്നത്. തരുന്നില്ലെങ്കിൽ സമരംതന്നെ ചെയ്യുന്നതാണ്.

മുത—എന്നാൽ നിങ്ങൾ സമരം ചെയ്യുന്നതൊന്നു കാണട്ടെ. (പുച്ഛത്തിൽ) ഞങ്ങളെ പഠിപ്പിക്കുവാൻ വന്നിരിക്കുന്ന ഒരു കൂട്ടർ. ഇവിടന്ന് വേഗം പോ.....ഞങ്ങൾക്കു വേറെ ജോലിയുണ്ട്.

വേ—ഞങ്ങറം പൊയ്ക്കൊള്ളാം. അതിന്നു വിരോധമില്ല. പക്ഷെ, ഞങ്ങറം ഇവിടെ വന്നതു് വെറുതെ വന്നുപോകുന്നതിനല്ല. എന്തെങ്കിലും നിവൃത്തിമാർഗ്ഗം ഉണ്ടാകുന്നതിന്നുവേണ്ടിയാണു്.

സുഗ—ബോണസ്സാണെങ്കിൽ 2മാസത്തെ തരാനുണ്ട്. അതും പിടിച്ചു വച്ചിരിക്ക്യാ. ഈ അനീതിയെ ഞങ്ങറം വകവെച്ചുതരാൻ പോകുന്നില്ല. നിങ്ങറംക്കു മുതൽ കൂട്ടുവാനാണൊ ഞങ്ങളുടെ പണം കയ്യടക്കിവച്ചിരിക്കുന്നതു? സാദ്ധ്യമല്ലാ. ഞങ്ങറം സമ്മതിക്കുകയില്ല.

മുത—നിങ്ങറം സമ്മതിക്കേണ്ട. വാങ്ങിക്കുന്നതൊന്നു കാണട്ടെ. രണ്ടുമൂന്നുമാസംകൂടി കഴിഞ്ഞിട്ടു ബോണസ്സ് തരാമെന്നു പറഞ്ഞിട്ടു ക്ഷമയില്ല. തെണ്ടിനടന്നിരുന്ന ഈ വർഗ്ഗത്തിന്നു് ഇവിടെ ജോലി കൊടുത്തതിൻെറ മൂല്യം........ഈ കാണിയ്ക്കുന്നേ........ഇനിയധികം നിങ്ങറം വെളവെടുക്കുകയില്ല. കമ്പനി പൂട്ടിയിടുവാനാണ് പോകുന്നതു്.

സുഗ—നിങ്ങറം കമ്പനി പൂട്ടിയിടുകയല്ല, അതിലുംമീതെ പ്രവൎത്തിക്കും. ഞങ്ങളെ കൊല്ലുമായിരിക്കും. എന്നാലും ഞങ്ങറം ഭയപ്പെടുന്നില്ല. ഞങ്ങളുടെ സംഘടനാശക്തിയാൽ ഇത്തരം അഴിമതികളെ അവസാനിപ്പിക്കും. ബോണസ്സ് മുതലാളിയുടെ കൈയിൽനിന്നു് വാങ്ങിക്കും. കൂടുതൽ കൂലിയും സ്ട്രൈക്ക് ചെ ചെയ്യുന്നതുമുതലുള്ള ശമ്പളവും വാങ്ങിക്കും. ഞങ്ങറം സ്ട്രൈക്കിന്നും സത്യാഗ്രഹത്തിന്നും മററു മേൽനടപടികറംക്കും പോകയാണു്. ഇതു വാങ്ങിക്കുവാൻ സാധിക്കുമോയെന്നു ഞങ്ങളൊന്നു നോക്കട്ടെ. വേലപ്പൻ, വേണു, വരൂ....നമുക്കു പോകാം. നാമിതുവരേയും ക്ഷമിച്ചിരുന്നില്ലേ?.

മുതലാളി, അവസാനമായി ഒന്നുകൂടെ പറയുകയാണു്. ദയവുചെയ്തു് ഞങ്ങറംക്കു് ഞങ്ങളുടെ ഈ അടിയന്തിരാവശ്യങ്ങറം സാധിച്ചുതരികയാണു് നല്ലതു്. എന്തിനാണു് ഞങ്ങളെ ബുദ്ധിമുട്ടിക്കുന്നതു്? ഒരു അനാവശ്യവും ഞങ്ങറം പറഞ്ഞിട്ടില്ലല്ലോ. ഞ

ങ്ങളുടെ ഈ ന്യായമായ അവകാശങ്ങൾ ദയവുചെയ്തു തരുവാൻ വിനീതമായി അപേക്ഷിക്കുന്നു.

മുത—ഞാനും അവസാനമായാണ് പറയുന്നത്. കൂലി കൂട്ടി തരുവാൻ സാദ്ധ്യമല്ല. കഴിഞ്ഞ നിരക്കുതന്നെ തരാം. അതിന്നു തന്നെ എല്ലാ ദിവസവും വേലയുണ്ടാകുന്നതല്ല. ബോണസ്സിന്റെ കാര്യത്തിലും നേരത്തെ പറഞ്ഞതുപോലെത്തന്നെ. ഇതുവിട്ട് എന്നാൽ സാദ്ധ്യമല്ല. നിങ്ങൾ തലകുത്തി നടക്ക് ഏ...., സത്യഗ്രഹമെടുത്തു മരിക്ക്യോ....എന്തുചെയ്താലും കൊള്ളാം. ഈ നിശ്ചയത്തിൽനിന്നും ഞാൻ വ്യതിചലിക്കുകയില്ല.

വേണു, വേലപ്പൻ, കിട്ടു—(ഒരുമിച്ച് ദേഷ്യത്താൽ) എന്നാൽ വാങ്ങിക്കുവാൻ സാധിക്കുമോയെന്ന് ഞങ്ങളും ഒന്നു നോക്കട്ടെ.

സുഗ—അതേ....ഞങ്ങൾ ഒന്നു നോക്കട്ടെ. പട്ടിണികിടന്നു രാപ്പകൽ അദ്ധ്വാനിച്ചതിന്റെ കൂലിയാണു ഞങ്ങൾ ചോദിക്കുന്നത്. വെറുതെ തരാനല്ല. പ്രിയ മുതലാളി...., ഇതും കൂടെ ഓർമ്മയിലിരിക്കട്ടെ. തൊഴിലാളികൾ നാടിന്റെ നട്ടെല്ലാണ്. അവരെക്കൂടാതെ മുതലാളിത്തത്തിന്നും ലോകത്തിന്നുതന്നെയും പുരോഗമിക്കുവാൻ സാദ്ധ്യമല്ല. മനസ്സിലായോ?.......വരൂ........നമുക്കുപോകാം....ഈ ദുഷിച്ച മുതലാളിത്തത്തെ മുട്ടുകുത്തിക്കുവാൻ സാധിക്കുമോയെന്ന് നമുക്കൊന്നു കിടഞ്ഞുപരിശ്രമിച്ചു നോക്കാം....വരൂ........

(തൊഴിലാളികൾ പോകുന്നു.)

മുത—(പുച്ഛത്തിൽ)ഹും........ഒരുവക കൂട്ടർ വന്നിരിക്കുന്നു പഠിപ്പിക്കാൻ........

കർട്ടൻ

(കർട്ടൻ വീണതിന്നുശേഷം ജാഥ ഉണ്ടായിരിക്കണം-ഫ്രണ്ടിൽക്കൂടെ. മുദ്രവാക്യങ്ങൾ പറയണം. ഗാനവുമായി ജാഥാംഗങ്ങൾ പ്രവേശിക്കുന്നു)

## രംഗം പതിനഞ്ച്

[ആലപ്പുഴ 'ജവഹർ മൈതാനം'—ത്രിവർണ്ണപതാകയുമേന്തി ജാഥാംഗങ്ങൾ പാട്ടുപാടി പ്രവേശിക്കുന്നു. മൈതാനം ചുററണം.]

(ഹിന്ദി "ഷഹീദി"ലെ "വദൻകി രാഹമേ വദൻ" എ. മ.)

വരുന്നു ഞങ്ങൾ സംഘടിച്ചു ധർമ്മ സമര ധീരരായ്
ഓ....വൻതാപമാണീ ഉദിത മർദ്ദനങ്ങളാകെ തീർത്തിടാൻ
—വരുന്നു....

1. നീതിനിഷ്ഠമായനാട്—ഭാരതം മനോഹരം
നിത്യമല്ലേ?—സത്യം, സ്നേഹം, സാഹോദര്യം സോദരാ....
നീതിധർമ്മബോധപൂർണ്ണം വൈരുദ്ധ്യം തുരത്തിടാം,
—വരുന്നു....

2. വേലയില്ല, കൂലിയില്ല, കനിവുമില്ല തെല്ലുമേ
വേലക്കാരൻ പാടുപെടും ആർക്കുവേണ്ടിയാണഹോ
കേണുഞങ്ങൾ എത്രനേരം 'കൂലി താ മുതൽപ്രഭോ'
—വരുന്നു....

3. ഭാരതത്തിൻ സമ്പത്തെല്ലാം നിങ്ങൾ കെട്ടിവെയ്ക്കുമോ?
ഭാരതീയർ ഞങ്ങളും, പ്രതിഫലം മരിയ്ക്കലോ?
ദാരുണം ഇതെന്തു ചിത്രം നാം മനുഷ്യരല്ലയോ?
—വരുന്നു....

4. വിശന്നിടുമ്പോൾ ഭക്ഷണം, ഉടുക്കുവാനുടുതുണി,
പാർക്കുവാനോ വീടുപോലും ഇല്ല ഞങ്ങൾ പാവങ്ങൾ,
'കടന്നുപോകു കുടിയിറക്കം' മുതലാളരെ തുരത്തുവാൻ,
—വരുന്നു....

5. മഹാത്മഗാന്ധി, വീരജവഹർ, ഭാരതത്തിൻ ഭാസുരർ,
മണ്ണിതിൽ പിറന്ന പൂക്കൾ ഭാരതത്തിൻ നേതാക്കളും,
മാലകററിമോദമോടെ പോരികാ സഹോദരാ,
—വരുന്നു....

സുഗ—(മുദ്രാവാക്യങ്ങൾ പറയുന്നു. ഇതരർ ആവർത്തിക്കുന്നു)

ജോലി സമയം—8 മണിക്കൂർ (3 തവണ
2 മാസത്തെ ബോണസ്സ്—ഉടൻ തരണം (3. ത.
കുറച്ചകൂലി—വർദ്ധിപ്പിയ്ക്കണം (3. ത.
തൊഴിലാളി സംഘടന—കീ-ജയ് (3. ത.
ഇന്ത്യൻനാഷണൽ കോൺഗ്രസ്സിന്നു-ജയ് (3. ത.

(ആംഗ്യത്താൽ) എല്ലാവരും ഇരിക്കണം ഇരിക്കണം.... (തൊഴിലാളികൾ ഇരിക്കുന്നു) പ്രിയപ്പെട്ട നാട്ടുകാരേ...,തൊഴിലാളിസുഹൃത്തുക്കളേ,

നാമിപ്പോൾ അതിപ്രധാനമായ കാര്യങ്ങളിൽ ഏർപ്പെട്ടിരിക്കയാണല്ലോ. സ്ട്രൈക്ക് തുടങ്ങിയിട്ട് രണ്ടാഴ്ചക്കാലമായിട്ടും ഒരു ഫലവും കാണുന്നില്ല. എങ്കിലും സ്ട്രൈക്ക് വിജയിക്കുന്നുണ്ട്. നാമീപരിശ്രമത്തിൽനിന്നും അണുപോലും ഇളകേണ്ടതായിട്ടില്ല. നമ്മുടെ ഈ സംരംഭം വിജയിക്കുകയാണെങ്കിൽ അത് തൊഴിലാളിലോകത്തിന്റെ മുഴുവൻ വിജയമായിരിക്കുന്നതാണ്.

ദുഷിച്ച മുതലാളിത്തം വിഷപ്പല്ലുകൾ കാണിച്ച് വാപിളർന്നുകൊണ്ട് തൊഴിലാളിപ്പാവങ്ങളെ വിഴുങ്ങുകയാണ്. പകൽ മുഴുവൻ അദ്ധ്വാനിച്ചാൽ പോരാ....രാത്രിയും ജോലിചെയ്യണമെന്നു വന്നിരിക്കുന്നു. എന്നിട്ടും അതിനുള്ള കൂലി തുച്ഛം. ഓടടിയ്ക്കൽ, മണ്ണുകൊട്ടയെടുക്കൽ, മണ്ണുവെട്ടൽ, ഓടുചൂളയ്ക്കു വെക്കൽ എന്നിവ എത്ര അദ്ധ്വാനംനിറഞ്ഞ പണികളാണ്. അതിനാണ് ഈ നിസ്സാരകൂലി തന്നുവരുന്നത്. അതുപോരാ. നാം മനുഷ്യരാണ്. നമുക്കും ജീവിക്കണം. നമ്മെ ഞെക്കിപ്പിഴിഞ്ഞ് മുതലാളികൾ സസുഖം ജീവിക്കുന്നു. ഇതധികകാലം സാധിച്ചുകൊടുക്കുവാൻ നിവൃത്തിയില്ല. നമ്മുടെ വേലയ്ക്കു ശരിയായ കൂലി പറഞ്ഞുവാങ്ങിക്കണം. ഇന്നത്തെക്കൂലികൊണ്ടു നാമെങ്ങനെ ജീവിക്കും? ഉപ്പ് തൊട്ട് കർപ്പൂരം വരെ എല്ലാ സാധനങ്ങൾക്കും വിലവർദ്ധിച്ചിരിക്കുന്നു. ഇക്കാലത്ത് —ഉള്ള റേഷനരിപോലും വാങ്ങിക്കണമെങ്കിൽ ഇടങ്ങഴിക്കു പതിനൊന്നണയും, പന്ത്രണയും, കൊടുക്കേണ്ട

ഈ പരിതസ്ഥിതിയിൽ നാം ഈ കൂലികൊണ്ട് എട്ടും പത്തും പന്ത്രണ്ടും അംഗങ്ങളുള്ള ഒരു കുടുംബത്തെ എങ്ങനെ സംരക്ഷിക്കും? കല്ലും ചെള്ളും പുഴവും ഗോതമ്പും ബസ്രയും മററും നിറഞ്ഞ ആ "സാമ്പാററി" തിന്ന് സാധുക്കൾ എങ്ങനെ പൊരിയുന്ന വയറിനെ സമാശ്വസിപ്പിക്കും?

സാദ്ധ്യമല്ലാ.... അപ്പുറത്തു മുതലാളിവർഗ്ഗം തിന്നു കുടിച്ചു മദിച്ചു സുഖിക്കുമ്പോൾ നാമരിഷ്ടതയനുഭവിക്കണമെന്നോ? മുതലാളിത്തം അന്യായമായി നമ്മുടെ മുതൽ തട്ടിയെടുത്തു പലിശയ്ക്കിട്ട് കുടന്തവയറുകളുമായിക്കഴിയുമ്പോൾ നാം എല്ലുംകോലുമായി കുചേലന്മാരെപ്പോലെ മരിച്ച ശരീരവുംകൊണ്ട് ജീവിക്കുകയോ? ഇല്ല. ഈ അനീതി ഇനി സാദ്ധ്യമല്ല. നാമും ഈശ്വരസൃഷ്ടികളായ മനുഷ്യരാണ്. നമുക്കും വിശക്കുന്ന ഒരു വയറുണ്ട്. നാമും ജീവിക്കാനുള്ളവരാണ്. നമ്മുടെ പണംകൊണ്ട് മുതലാളികൾ സുഖിക്കുന്നതിന്നല്ല നാം വിയർത്തുവേലയെടുക്കുന്നതു്; നമുക്കും ജീവിക്കുന്നതിനുവേണ്ടിയാണ്. നാം പാവപ്പെട്ടവരായിക്കാം. പാവപ്പെട്ടവരെന്നു പരിഗണിച്ച് നമ്മുടെ 'വിയർപ്പി'ൻെറ വില' യെ മുതലാളിവർഗ്ഗം തട്ടിയെടുക്കുകയോ? അതു സാദ്ധ്യമല്ല. ഇനി നാമതിനു സമ്മതിക്കരുത്. സംഘടിച്ച അണിനിരന്നുകൊണ്ട് മുന്നേറണം. നമ്മുടെ അടിയന്തിരാവശ്യങ്ങൾ ഒന്നൊന്നായി എണ്ണിയെണ്ണിവാങ്ങിക്കണം. അതാണ് നമ്മുടെ കത്തവ്യം.

അതുകൊണ്ട്, പ്രിയപ്പെട്ട തൊഴിലാളികളേ....,നമുക്കൊന്നുകൊണ്ടും ഭയപ്പെടേണ്ടതില്ല; ആരേയും ഭയപ്പെടേണ്ടതുമില്ല. നാം സമരംചെയ്യുന്നതു് നമ്മുടെ ന്യായമായ അവകാശങ്ങൾ സാധിച്ചുകിട്ടുന്നതിനുവേണ്ടിയാണ്. അതനീതിയല്ല—നീതിയാണ്, അധമ്മമല്ല—ധമ്മമാണ്. നീതിയുടെ അനുശാസനത്തിൽ പെട്ട ഒരു മാർഗ്ഗത്തിൽക്കൂടെയാണ് ഈ സ്ട്രൈക്കിന്നു നാം നിർബ്ബന്ധിതരായിട്ടുള്ളതു്. അതുകൊണ്ടുതന്നെയാണ് ഈ സ്ട്രൈക്ക് ഉത്തരോത്തരം വിജയിച്ചുവരുന്നതും. അതിനാൽ നാം ഉറച്ചുനിന്ന്, അധൈര്യം വെടിഞ്ഞു്, കാര്യക്ഷമതയോടുകൂ

ടി, ഈ വിജയപതാകയുമായി മുന്നേറുക. നമുക്കു വിജയം സുനിശ്ചിതവുമാണ്.

സ്ട്രൈക്കും സത്യഗ്രഹവും ആരംഭിച്ചിട്ട് ഇപ്പോൾ 15 ദിവസം കഴിഞ്ഞിരിക്കുന്നു. എന്നിട്ടും ഒരു സമാധാനം കിട്ടിയിട്ടില്ല. ഇനി നമുക്കു ചെയ്‌വാനുള്ളത് ഇതാണ്, നിരാഹാരവ്രതം. മാത്രമല്ല, ലേബർ മിനിസ്റ്ററുടെ വസതിക്കുപടിക്കലും സത്യഗ്രഹം ഏർപ്പെടുത്തണം. അപ്പോൾ മാത്രമേ നമ്മുടെ ഉദ്യമങ്ങൾ കാര്യക്ഷമതയിലേക്കെത്തിച്ചേരുകയുള്ളു. ഇന്നു മററു കമ്പനികളിൽനിന്നും സൌഹാർദ്ദജാഥകൾ ഉണ്ടായിരിക്കുന്നതാണ്: നമുക്കങ്ങോട്ടുപോകാം.

(മുദ്രാവാക്യങ്ങൾ പറഞ്ഞുകൊണ്ട് ജാഥ നീങ്ങുന്നു)

കർട്ടൻ

## രംഗം പതിനാറ്

["ആലപ്പുഴ ടൈൽവർക്സ്" പടിയ്ക്കൽ സുഗതൻ, വേണു, വേലപ്പൻ, കിട്ടു, ഔസേപ്പ് എന്നിവർ സത്യഗ്രഹം. പ്ലാക്കാർഡുകളിൽ 'സത്യഗ്രഹം 18-ാം ദിവസം, കുറഞ്ഞകൂലി കൂട്ടിത്തരണം, പിടിച്ചുവച്ച ബോണസ്സ് ഉടൻ തരണം' എന്നു എഴുതിയിരിക്കണം. ത്രിവർണ്ണപ്പതാകയും വേണം. ഇടക്കിടക്ക് മുദ്രാവാക്യങ്ങൾ പറയണം.]

സുഗ—(മുദ്രാവാക്യങ്ങൾ പറയുന്നു. ഇതരർ ആവർത്തിക്കുന്നു.)

ജോലിസമയം—8 മണിക്കൂർ (3 തവണ)
പിടിച്ചുവച്ച ബോണസ്—ഉടൻ തരണം (3 തവണ)
കുറച്ചകൂലി—കൂട്ടിത്തരണം (3 തവണ)
തൊഴിലാളി സംഘടനക്കി—ജയ് (3 തവണ)
ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ്കി—ജയ് (3 തവണ)

(അല്പസമയത്തിനുശേഷം ലേബർ മിനിസ്റ്റർ, പ്യൂൺ, മുതലാളി, മാനേജർ എന്നിവർ പ്രവേശിക്കുന്നു. തദനന്തരം മിനിസ്റ്ററും കൂട്ടരും സംഭാഷിക്കുന്നു)

ലേ. മി—ആരാണിവരുടെ കൺവിനർ?

മുത—(ചൂണ്ടിക്കാട്ടി) ഈ നില്ക്കുന്ന സുഗതനാണ്.

ലേ. മി—(തലകുലുക്കി, പുഞ്ചിരിയോടെ) ഹോ....ശരി.... മിസ്റ്റർ സുഗതൻ!

സുഗ—എന്താണാവോ?

ലേ. മി—ഇനിയും നിങ്ങളെന്തിനു ഈ സത്യഗ്രഹത്തിലേർപ്പെട്ടിരിക്കുന്നു? നിങ്ങളയച്ച നോട്ടീസ്സിനെ സംബന്ധിച്ച് ഗൗരവമായി പര്യാലോചിച്ചിട്ടുണ്ട്. കുറച്ചു താമസിച്ചത് അതേപ്പററി വിശദമായി അറിയുന്നതിനുവേണ്ടിയിട്ടായിരുന്നു. ഇപ്പോഴെല്ലാം പൂർത്തിയായി. നിങ്ങളുടെ അടിയന്തിരാവശ്യങ്ങളെപ്പററി എല്ലാം നടപടികളുമെടുത്തിട്ടുണ്ട്. മുതലാളിയോട് എല്ലാം വിവരങ്ങളും പറഞ്ഞിട്ടുണ്ട്. ഈ 20-ാംനു-ക്കുള്ളിൽ നിങ്ങൾക്ക് രണ്ടു മാസത്തേയും ബോണസ്സ് തരുന്നതായിരിക്കും. അതുപോലെ തന്നെ കൂലിയും കൂട്ടിക്കൊടുക്കുവാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്. ഇനി നിങ്ങൾക്ക് സത്യഗ്രഹവും സ്ട്രൈക്കും അവസാനിപ്പിക്കാമല്ലോ.

സുഗ—വളരെ സന്തോഷം. അങ്ങ് ഞങ്ങൾക്കു ചെയ്ത ഈ ഉപകാരത്തിന്ന് ഞങ്ങൾ എന്നെന്നും കടപ്പെട്ടവരാണ്. ഒരു മാസക്കാലമായി ഞങ്ങൾ നടത്തിവരുന്ന ഈ സമരത്തിന്റെ ആവശ്യകതയെ സുവിദിതമാക്കി ഉത്തരുണത്തിലെങ്കിലും ഞങ്ങളെ അനുഗ്രഹിച്ചതിൽ ഞങ്ങളുടെ ശുഷ്കിച്ച ഹൃദയം ആനന്ദാതിരേകത്താൽ തുള്ളിത്തുടിക്കുകയാണ്. ഒരു നേരത്തെ ആഹാരത്തിനുപോലും വഴിയില്ലാതെ കണ്ണീരും കയ്യുമായി കഴിയുന്ന ഞങ്ങളുടെ കുടുംബങ്ങൾ എത്രനാൾ ശോകക്കടലിൽ മുങ്ങിത്തുടിച്ചു? അതിനിപ്പോൾ ഒരു "ലൈഫ് ബെൽററ്" ലഭിച്ചതിൽ ഞങ്ങൾ

സുരക്ഷിതരായിരിക്കുകയാണ്; നിരവധിനാളുകളായി 'തീ'കാണാത്ത തൊഴിലാളിഗൃഹങ്ങളിലെ അടുപ്പുകൾ ഇപ്പോൾ വിജയക്കൊടി പാറിപ്പറപ്പിച്ച് ആനന്ദതുന്ദിലമാവുകയാണ്. അവിടുത്തെ നീതിനിഷ്ഠമായ ഈ പ്രവൃത്തിയിൽ ഞങ്ങൾക്ക് ഒരുനാളും അങ്ങയെ വിസ്മരിക്കുവാൻ സാധിക്കുന്നതല്ല.

കഴിയുന്നതും വേഗത്തിൽ ഈ ആവശ്യങ്ങൾ സാധിച്ചുതന്ന് പട്ടിണിയുടേയും വിവിധ ക്ലേശങ്ങളുടേയും 'നീറുന്ന നിലവിളി'കളിൽനിന്നും ഞങ്ങളെ മോചിപ്പിക്കുക; അരപ്രാണനുമായി നടക്കുന്ന ഈ തൊഴിലാളിവർഗ്ഗം മരിക്കാതിരിക്കുവാൻ ഞങ്ങളുടെ മേൽ കൃപയുണ്ടാകുക. ഞങ്ങൾക്കു വേലചെയ്യാനും, വേലയ്ക്കുചേർന്ന ന്യായക്കൂലിയുണ്ടാകുവാനും ഒരുവിധം സുഖമായി ജീവിക്കുവാനുമുള്ള ഒരു പരിതഃസ്ഥിതി ഉണ്ടാക്കിത്തരുന്നതായാൽ അതു ശാന്തിയുടെ സന്ദേശമായിരിക്കും. ഇന്നത്തെ ഭൂവുടമസമ്പ്രദായംകൊണ്ട് പാവങ്ങൾ കിടന്നു പിടയുകയാണ്. ഈ ഭൂവുടമസമ്പ്രദായത്തിന്റെ മൂലം ജന്മികളും മുതലാളികളും കുടിയാന്മാരേയും കൃഷിക്കാരേയും ഞെരുക്കി ഞെരുക്കി മുട്ടിക്കുകയാണ്. പാട്ടക്കുത്തകമൂലം സാധു കൃഷിക്കർ കണ്ണീർ വാർക്കുകയാണ്. സമ്പത്തോ ആശ്രയമോ ഇല്ലാത്ത സാധുക്കളെപ്പിടിച്ചു കുടിയിറക്കി, ദുഷിച്ച മുതലാളിത്തം നിയമചട്ടക്കൂട്ടിനു അകത്തും പുറത്തും നിന്നുകൊണ്ട് നിഗളിച്ചു ഞെളിയുകയാണ്. അപ്പുറത്ത് അതുമൂലം കുടിയിറങ്ങേണ്ടിവന്ന സാധുക്കൾ പിച്ചപ്പാളയുമേന്തി തെരുവുതെണ്ടുകയാണ്; ദാരിദ്ര്യഗർത്തത്തിൽ നിപതിക്കുകയാണ്; മരണം വാപിളർന്നുകൊണ്ട് അവരെ വിഴുങ്ങുകയാണ്. നോക്കണം. ഈ ദാരുണാവസ്ഥ എങ്ങനെ കണ്ണുള്ളവർ കാണും? ഇല്ല. അതസഹനീയം തന്നെ, അനീതിയാണത്.

അതുകൊണ്ട് ഈ സ്ഥിതിക്കും ഒരു വ്യതിയാനമുണ്ടാക്കിത്തരുവാൻ വിനീതമായി അപേക്ഷിക്കുന്നു. ഇക്കാര്യങ്ങളിൽ അവിടുന്നു ശ്രദ്ധപതിച്ച് ഈ തൊഴിലാളിവർഗ്ഗത്തെ സമുദ്ധരിക്കുവാൻ

ദയവുണ്ടാകണം. ഇത്രമാത്രമേ ഞങ്ങൾക്ക് ഇത്തരുണത്തിൽ അവിടുത്തോടു അഭ്യർത്ഥിയ്ക്കുവാനുള്ളു.

ലേ. മി—സുഗതാ, സമാധാനിക്കു...നിങ്ങളുടെ ആത്മാർത്ഥമായ സേവനങ്ങളുടെ അവർണ്ണനീയമായ വില എന്തെന്നു ഇതിനുമുമ്പ് സുവിദിതമായിട്ടുണ്ട്. ഈ തൊഴിലാളി സംഘടന തന്നെ അതിനുത്തമദൃഷ്ടാന്തമാണ്. ഇത്തരം യഥാർത്ഥവും പരിശുദ്ധവുമായ സംഘടനകളാണ് ഇന്നത്തെ ലോകത്തിന്നാവശ്യം. അല്ലാതെ കമ്മ്യൂണിസ്റ്റ്കളുടെ കുതന്ത്രങ്ങളും സംഘട്ടനങ്ങളും നിറഞ്ഞ ഭീകരസംഘടനകളല്ല. തൊഴിലാളിസുഹൃത്തുക്കൾ എന്ന നാട്യത്തിൽ കമ്മ്യൂണിസ്റ്റ്കാർ തൊഴിലാളികളെ പാട്ടിലാക്കി അവരെ വഞ്ചിക്കുന്ന കാഴ്ചയാണ് ഇന്നെവിടേയും. തൊഴിലാളികളെ ചെങ്കൊടി പിടിപ്പിച്ച് മുഷ്ടിചുരുട്ടിയ കരങ്ങളാൽ 'ഇങ്കുലാബ്' വിളിപ്പിച്ച് വാഗ്ദാനങ്ങളാൽ മനംമയക്കി, അവരെ സമര സന്നദ്ധരാക്കുന്നു. എന്നിട്ടോ? അവരുടെ പണവും വഞ്ചിച്ചെടുത്ത്, നിരാശ്രയരാക്കി അപ്രത്യക്ഷരാകുന്നു. അതുമൂലം തൊഴിലാളികൾ അധഃപതിക്കുന്നു. അതാണിന്നത്തെ അനുഭവം. എന്നാൽ ഈ സംഘടനയ്ക്ക് അത്തരം ന്യൂനതകളൊന്നുംതന്നെ നേരിട്ടിട്ടില്ല. ഈ സംഘടനയുടെ ലീഡേഴ്സ്തന്നെ ആത്മാർത്ഥതയോടെയാണ് പ്രവർത്തിക്കുന്നതു്. ഇത്തരത്തിൽ ഇനിയും ഈ സംഘടനയെ മുന്നോട്ടുകൊണ്ടുപോകണം. നിങ്ങളുടെ അഭിവൃദ്ധിക്കു തന്നെ അതു് സഹായമായിരിക്കും.

മി. സുഗതാ....,മി. വേണു, നിങ്ങളാരും ഭയപ്പെടേണ്ടതില്ല. നിങ്ങളുടെ അഭ്യർത്ഥനകളെപ്പററി ഞാൻ ശ്രദ്ധിച്ചുവരികയാണ്. അതിലേക്ക് ഗവമ്മേണ്ട് ഉടൻ നടപടികൾ എടുക്കുവാൻ ആലോചിച്ചുവരികയാണ്. ഇനി ഞാൻ പോകട്ടെ. ബോണസും കൂലിയും മററും ഉടൻതന്നെ മുതലാളി അനുവദിച്ചു തരുന്നതായിരിക്കും.

മുത—സുഗതാ....നിങ്ങൾ നാളെമുതല്ക്കുതന്നെ ജോലിയിൽ പ്രവേശിച്ചുകൊള്ളുക. നിങ്ങൾ പറഞ്ഞതനുസരിച്ചുള്ള കൂലി

തരുന്നതാണ്. 20–ാംനു-ഷ്കൂളിൽ ബോണസ്സും തന്നേക്കാം. അതിനുംപുറമെ, നിങ്ങൾക്ക് എത്ര ദിവസത്തെ പണി നഷ്ടപ്പെട്ടിട്ടുണ്ടോ ആ ദിവസങ്ങളിലെ കൂലിയും തരുന്നതാണ്. നിങ്ങളിൽ പലരും കമ്മ്യൂണിസ്റ്റുകാരാണെന്നാണ് ഞാൻ വിചാരിച്ചിരുന്നത്. എന്നാൽ ആ സംശയമെല്ലാം നീങ്ങിയിരിക്കുന്നു. മാനേജരുടെ സംശയവും തീർന്നു.

മാ—(തലകുലുക്കി)അതേയതെ. ഞാനും ഇവർ ഇങ്കലാബുകാരാന്നാ വിചാരിച്ചിരുന്നത്. ഇപ്പോൾ അതൊക്കെ തീർന്നു.

ലേ. മി.—എന്നാൽ സുഗതൻ പണിമുടക്കമെല്ലാം മതിയാക്കൂ....നാളെ മുതല്ക്കുതന്നെ നിങ്ങൾ ജോലിയിൽ പ്രവേശിച്ചുകൊള്ളുക. സമയം വൈകിയിരിക്കുന്നു. എറണാകുളത്തു ഒരു മീററിങ്ങിൽ സംബന്ധിക്കേണ്ടതുണ്ട്. (എല്ലാവരോടും) എന്നാൽ ഞാൻ പോകട്ടെ. പ്യൂൺ....(പ്യൂൺ വരുന്നു) കാർ തയ്യാറാക്കുവാൻ പറയൂ....

പ്യൂ—എല്ലാം റെഡിയായിട്ടുണ്ട്. ഡ്രൈവറും അവിടെ തന്നെ നില്പുണ്ട്

(ലേബർ മിനിസ്റ്റർ, പ്യൂൺ, മുതലാളി, മാനേജർ എന്നിവർ പോകുന്നു.)

സുഗ—(മുദ്രാവാക്യങ്ങൾ വിളിച്ചു പറയുന്നു.)

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് കീ-ജയ് (3. തവണ)
തൊഴിലാളി സംഘനകീ_ജെയ് (3. തവണ)

(വേണു, സുഗതൻ ഗാനം ആലപിക്കുന്നു)

(മലയാളം ''അൽഫോൻസാം''യിലെ ''അൽഫോൻസാം'' എ. മ)

തൊഴിലാളി! തൊഴിലാളി! തൊഴിലാളി
നാടിൻ പടയാളി! മുന്നേറും പടയാളി!

—തൊഴി....

1. ആരാണു കുററവാളി?–ആരാണു കുററവാളി?
മുതലാളി ചൂഷണങ്ങൾ, തൊഴിലാളി പട്ടിണിയോ?

—തൊഴി....

2. പാട്ടപ്പെട്ടം ഞങ്ങറം ഈ മണ്ണിനെ വിണ്ണാക്കാൻ
പാടും പട്ടിണിയും, വിയർപ്പും കണ്ണനീരോ?
--തൊഴി....

3. പാരതന്ത്ര്യമാണു നാം യന്ത്രമോ-മൃഗമോ?
പാഴ്വേല ചെയ്യേണ്ട നമുക്ക സംഘടിക്കാം
—തൊഴി....

4. വേലചെയ്യാൻ ഞങ്ങറം മുതലുകൂട്ടാൻ നിങ്ങറം....
ചെഞ്ചോരചിന്തി ഞങ്ങറം—മണ്ണോട്ട മണ്ണിൻ ഗതിയോ?
—തൊഴി....

5. തൊഴിലാളി—മുതലാളി അന്യോന്യ സ്നേഹബന്ധം
തെളിയുന്നു ലോകശാന്തി! അതാണു ധമ്മമാഗ്ഗം
—തൊഴി....

സുഗ—അങ്ങനെ നാം സമാരംഭിച്ച ഈ സംരംഭം വിജയപ്രദമായി. ഇതാണു് സംഘടനാശക്തിയുടെ വില. നമ്മുടെ കുടുംബങ്ങറക്ക് ഇനിയെങ്കിലും കുറച്ച ജീവൻ ലഭിക്കട്ടെ.

സുഹൃത്തുക്കളെ, ഇത്തരുണത്തിൽ നിങ്ങളോട്ട് ഒന്നുരണ്ടുകാര്യങ്ങറം പറയുന്നതിനാഗ്രഹിക്കുന്നു. നമ്മുടെ വഗ്ഗത്തിന്നു് ഇത്തരം ദുരന്തദുരിതങ്ങളെല്ലാം പുത്തരിയൊന്നുമല്ല. മനുഷ്യവഗ്ഗം ഉള്ളതുമുതല്ക്കുതന്നെ ഈ കെടുതികറം കണ്ടുവന്നിട്ടുണ്ട്. പക്ഷേ, അതിന്നു മാററകൂടിയതു് 16-ാംനൂററാണ്ടു മുതല്ക്കാണെന്നു മാത്രം. അന്നുമുതല്ക്കാണ് കൂടുതൽ തൊഴിലാളികറം കഷ്ടപ്പെടുവാൻ കാരണമായതു്. യന്ത്രയുഗത്തിൻെറ ആവിർഭാവത്തോടുകൂടിയാണ് ദൂഷിച്ച മുതലാളിത്തത്തിൻെറ ഭീകരാട്ടഹാസങ്ങറം പ്രത്യക്ഷപ്പെട്ടതും അതിന്നു തൊഴിലാളികറം വിധേയരായതും. അങ്ങനെ ആ ഭീകരാക്രമണം വദ്ധിച്ചുവരികയാണ്; ഇന്നതു് എവിടേയും മൂദ്ധന്യാവസ്ഥയിൽ എത്തിയിരിക്കുകയും ചെയ്യുന്നു.

ഇത്തരം അധൎമ്മത്തെ നിൎമ്മാജ്ജനം ചെയ്യുവാനാണ് നാമെന്നും പ്രയത്നിക്കേണ്ടതു്. ഒന്നു വിശപ്പടക്കുവാൻപോലും ഗത്യന്തരമില്ലാതെ എത്രലക്ഷം 'ലക്ഷങ്ങൾ' കണ്ണീർവാൎക്കുന്നു?—ഒട്ടിയവയറുമായി വട്ടംകറങ്ങുന്നു?—നിരാശ്രയരായി തെണ്ടിനടക്കുന്നു? വേലയ്ക്കും, കൂലിയ്ക്കും, ധൎമ്മത്തിന്നോ ദീനനാദമുയൎത്തുന്ന എത്രയോ നിരവധി പട്ടിണിപ്പാവങ്ങളെയാണ് മുതലാളിവൎഗ്ഗം അവജ്ഞാപൂൎവ്വം വീക്ഷിച്ച് അവരെ അധിക്ഷേപിക്കുന്നതു്? "പിച്ചതരണേ" എന്നു കേൾക്കുമ്പോഴേക്കും ചെന്നായ ആട്ടിൻകുട്ടിയുടെ മേൽ ചാടിവീഴുന്നതുപോലെ ദുഷിച്ച മുതലാളിവൎഗ്ഗം കണ്ണുവട്ടംപിടിച്ച്, പല്ലുകടിച്ച്, മുരണ്ടു ഗൎജ്ജിച്ച്, ചാടിവീഴുകയാണ്—ഒരു പൈക്കപോലും തൊഴിലാളികളെ തെരുവുതെണ്ടികളാക്കുന്നു; കുടിയിറക്കുന്നു. ഇതെങ്ങനെ സഹിക്കും? മറക്കുവാനും മറയ്ക്കുവാനും സുസാദ്ധ്യമല്ലാത്ത ഈ അതിപ്രധാന പ്രശ്നത്തിൽ ആർ കുററവാളി എന്നുള്ളതു് ലോകം വിധിച്ചുകഴിഞ്ഞു.

പ്രിയ തൊഴിലാളികളേ...., നോക്കുക! ഏതു നാട്ടിൽ നോക്കിയാലും ഇത്തരം അനാശാസ്യതകൾ കാണുവാൻ സാധിക്കും. ഈ നാട്ടിൽതന്നെ ഇനിയും കാണും. ഒരു നല്ലവാക്കുകൂടി പറയാതെ സാധുക്കളെ മുതലാളികൾ പട്ടികളാക്കുകയാണ്. ചുരുക്കത്തിൽ, വേലക്കാരുടെ ശമ്പളമോ, വേലക്കാരുടെ കൂലിയോ, ഏതെങ്കിലും തരത്തിൽ തരേണ്ടതായ സംഖ്യയോ—അതൎഹിക്കുന്ന പാവങ്ങൾക്കു കൊടുക്കാതെ, 'നാളെയാകട്ടെ' 'മററന്നാളാകട്ടെ' എന്നു പറഞ്ഞു് നീട്ടിനീട്ടിക്കൊണ്ടുപോയി അവരെ പട്ടിണിക്കിടുന്ന ദുഷിച്ച മുതലാളിത്തം ഇന്നെവിടേയും കാണുവാൻ കഴിയും. കഷ്ടം! ഈ അനീതിയെയാണ് നാം ചെറുക്കേണ്ടതു്. എവിടെ ഈ അഴിമതി നടക്കുന്നുണ്ടോ അതു പരിഹരിക്കുന്നതിൽ നമുക്കു നിരന്തരം പരിശ്രമിക്കാം. നമുക്ക് സഹകരിച്ചു സംഘടിച്ചു ഈ ദുഷിച്ച മുതലാളിത്തത്തിന്നൊരറുതി വരുത്താം. നാം നമ്മുടെ ആവശ്യങ്ങൾക്കും ഭാവിക്കുംവേണ്ടി സംഘടിച്ചു പ്രവൎത്തിച്ചില്ലെങ്കിൽ അദ്ധ്വാനിക്കുന്ന തൊഴിലാളി വിഭാഗത്തിനും,

സാധ്യക്കാംക്ഷമായിരിക്കും അതുകൊണ്ടുള്ള ഭീമപരാജയം. മുതലാളിവർഗ്ഗം നമ്മെ ഗ്രസിക്കുന്നതുമാണ്. അതില്ലാതിരിക്കുവാൻ— ആ അധർമ്മത്തിന്നുള്ള സന്ദർഭം സംജാതമാകാതിരിക്കുവാൻ—നാം ഉശിരോടും ഉണർവ്വോടും സ്ഥിരപരിശ്രമശീലരായി, സ്നേഹപടച്ചട്ട ധരിച്ച്, ഒരുമാപരിചയാൽ, അഹിംസാഖഡ്ഗമേന്തിക്കൊണ്ട് സധീരം സമരംചെയ്തു നമുക്കു മുന്നേറാം; സത്യത്തിന്റെ രജതവീഥിയിൽക്കൂടെ നമുക്ക് ത്വരിതഗമനം ചെയ്യാം.

( നടന്മാരെല്ലാവരും ദേശീയഗാനം ആലപിക്കുന്നു. )

ജന ഗണ മന അധി നായക ജയഹേ!
ഭാരത ഭാഗ്യ വിധാതാ!
പഞ്ചാബ്, ആസ്സാം, ഗുജറാററ്, മാറാട്ടാ
ദ്രാവിഡ ഉൽക്കല വംഗ,
വിന്ധ്യ ഹിമാചല യമുനാ ഗംഗ,
ഉച്ഛ്വല ജലധിതരംഗ,
തവശുഭനാമേ ജാഗേ തവശുഭ
ആശിഷ മാഗേ,
ഗാഹേ തവജയ ഗാഥാ;
ജന ഗണ മംഗള ദായക ജയഹേ
ഭാരതഭാഗ്യ വിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ, ജയ, ജയ, ജയഹേ!

(ഭാരത........

കർട്ടൻ

ശുഭം

*Printed at*
THE UNION PRESS, MARIAPURAM

# ഗ്രന്ഥകർത്താവിൻെറ
# ഇതരകൃതികൾ

---

"സഖാക്കൾ"

(സംഗീതനാടകം) 0_8_0

"ഞാനെന്നെ കമ്മ്യൂണിസ്റ്റാക്കി ?"

(അച്ചടിയിൽ)

"കള്ളൊർള്"

(അടുത്ത കൃതി)

# പത്രപ്രസ്താവന

## ജെ. പി. കല്ലൂരിന്റെ "സഖാക്കളെ"പ്പറ്റി

"..........Though the title of this book as well as its cover design gives room for the impression that this drama belongs to the family of Communist literature that is flooding the country, actually it is a well-written drama designed to prick the bubble of Comnıunist propaganda and to warn young people of the spiritual and political danger that lurks in the Communist path."

— Hindu

"............സഖാക്കൾ എന്ന നാടകം കമ്മ്യൂണിസത്തെ എതിർക്കാൻവേണ്ടി വിരചിയ്ക്കപ്പെട്ടതാണ്............പണ്ടത്തെ തമിഴ് നാടകങ്ങളുടെ സ്വാധീനത ഇന്നും നമ്മുടെ നാടകവേദികളെ നിശ്ശേഷം വിട്ടുപിരിഞ്ഞിട്ടില്ലെന്ന് "സഖാക്കൾ" വെളിപ്പെടുത്തുന്നു.............".

— മാതൃഭൂമി

"............മദ്രാസിലെ ഒരു കോളേജിൽ അദ്ധ്യയനം ചെയ്തിരുന്ന ടോം എന്ന വിദ്യാർത്ഥിയുടെ കമ്മ്യൂണിസ്റ്റ് കൂട്ടുകെട്ടും കമ്മ്യൂണിസത്തിൽ നിന്നുള്ള വിടുതലുമാണ് ഈ നാടകത്തിലെ കഥാവസ്തു...............സർവ്വപ്രകാരേണ സഖാക്കളുടെ അടവുകൾ വെളിവാക്കിയിരിക്കുന്ന ഈ നാടകം ശരിയായി അഭിനയിച്ചുകാണുമ്പോൾ പലരും ഇരുന്നു ചിന്തിക്കുന്നതാണ്............".

— സത്യദീപം




Indic Digital Archive Foundation
gpura.org